# സാമൂഹ്യശാസ്ത്രം

ഭാഗം - 1

## സ്റ്റാൻഡേർഡ് VII

കേരളസർക്കാർ
പൊതുവിദ്യാഭ്യാസവകുപ്പ്

തയ്യാറാക്കിയത്
സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT) കേരളം

2024

ST-277-1-SOCIAL SCI. (M)-7-VOL-1

## ദേശീയഗാനം

ജനഗണമന അധിനായക ജയഹേ
ഭാരതഭാഗ്യവിധാതാ,
പഞ്ചാബസിന്ധു ഗുജറാത്ത മറാഠാ
ദ്രാവിഡ ഉത്ക്കല ബംഗാ,
വിന്ധ്യഹിമാചല യമുനാഗംഗാ,
ഉച്ഛ്വല ജലധിതരംഗാ,
തവശുഭനാമേ ജാഗേ,
തവശുഭ ആശിഷ മാഗേ,
ഗാഹേ തവ ജയഗാഥാ
ജനഗണമംഗലദായക ജയഹേ
ഭാരതഭാഗ്യവിധാതാ
ജയഹേ, ജയഹേ, ജയഹേ,
ജയ ജയ ജയ ജയഹേ!

## പ്രതിജ്ഞ

ഇന്ത്യ എന്റെ രാജ്യമാണ്. എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരീ സഹോദരന്മാരാണ്.

ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു; സമ്പൂർണ്ണവും വൈവിധ്യ പൂർണ്ണവുമായ അതിന്റെ പാരമ്പര്യത്തിൽ ഞാൻ അഭിമാനം കൊള്ളുന്നു.

ഞാൻ എന്റെ മാതാപിതാക്കളെയും ഗുരുക്കന്മാരെയും മുതിർന്നവരെയും ബഹുമാനിക്കും.

ഞാൻ എന്റെ രാജ്യത്തിന്റെയും എന്റെ നാട്ടുകാരുടെയും ക്ഷേമത്തിനും ഐശ്വര്യത്തിനും വേണ്ടി പ്രയത്നിക്കും.

7

# സാമൂഹ്യശാസ്ത്രം

*Prepared by*
**State Council of Educational Research and Training (SCERT)**
Poojappura, Thiruvananthapuram 695012, Kerala
Website : www.scertkerala.gov.in, e-mail : scertkerala@gmail.com
Typeset and design by : SCERT
First Edition - 2024
Printed at : KBPS, Kakkanad, Kochi-30
© Department of General Education, Government of Kerala

പ്രിയപ്പെട്ട കൂട്ടുകാരേ,

സാമൂഹിക ജീവിതത്തിന്റെയും വിദ്യാഭ്യാസ വികാസത്തിന്റെയും നിലനില്പിനാധാരമായ പഠനശാഖയാണ് സാമൂഹ്യശാസ്ത്രം. ഭൂതകാലത്തെ അടിസ്ഥാനമാക്കി സമൂഹത്തെ മുന്നോട്ടു നയിക്കുന്നതിനും പുതിയ കാലവും ചുറ്റുപാടുകളും രൂപപ്പെടുത്തുന്ന വിപരീത സാഹചര്യങ്ങളെ മറികടക്കുന്നതിനും സാമൂഹ്യശാസ്ത്രപഠനത്തിലൂടെ കഴിയേണ്ടതുണ്ട്. ഭരണഘടന മുന്നോട്ടുവയ്ക്കുന്ന മൗലികാവകാശങ്ങളെ ശാസ്ത്രീയ ചിന്തയോടെ നടപ്പിലാക്കാനും രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥയെ പരിപോഷിപ്പിക്കുന്നതിനുമാവശ്യമായ സാധ്യതകൾ കണ്ടെത്തുന്നതിനും സാമൂഹ്യശാസ്ത്രം നമ്മെ സഹായിക്കുന്നുണ്ട്.

പാർശ്വവത്ക്കരിക്കപ്പെടുന്ന എല്ലാ സാമൂഹിക വിഭാഗങ്ങളെയും ഉൾക്കൊള്ളുന്ന മനഃസ്ഥിതി വളർത്തുന്നതിനും നാടിന്റെ ഉന്നതമായ സാംസ്കാരിക-മതനിരപേക്ഷ പാരമ്പര്യങ്ങളെ കാത്തുസൂക്ഷിക്കുന്നതിനും നമുക്ക് സമൂഹത്തെ കുറിച്ച് വ്യക്തമായ ധാരണ ഉണ്ടാകണം. ഭൂമിശാസ്ത്രപരമായ സവിശേഷതകൾ കണ്ടെത്താനും പ്രകൃതി സംരക്ഷണത്തിനും കാർഷിക സംസ്കൃതി അഭിവൃദ്ധിപ്പെടുത്താനും ഒരു സാമൂഹ്യശാസ്ത്ര വിദ്യാർഥിക്ക് കഴിയേണ്ടതുണ്ട്.

പരിഷ്കരിച്ച കേരള പാഠ്യപദ്ധതി ചട്ടക്കൂട് 2023 മുന്നോട്ടുവയ്ക്കുന്ന ഇത്തരം പുരോഗമന കാഴ്ചപ്പാടുകൾ ഉൾപ്പെടുത്തികൊണ്ടുള്ള ഏഴാം ക്ലാസിലെ സാമൂഹ്യശാസ്ത്രം ഭാഗം 1 നിങ്ങളുടെ ജീവിത വിജയത്തിന് മുതൽക്കൂട്ടാകുമെന്ന് പ്രത്യാശിക്കുന്നു.

സമൂഹത്തെ കൂടുതൽ ചലനാത്മകമാക്കുന്നതിനും മാനവികമൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്നതിനും ഈ പാഠപുസ്തകം നിങ്ങളെ സഹായിക്കുമെന്ന് ഉറപ്പുണ്ട്.

സ്നേഹത്തോടെ,

**ഡോ. ജയപ്രകാശ് ആർ.കെ.**
ഡയറക്ടർ
എസ്.സി.ഇ.ആർ.ടി., കേരളം

# പാഠപുസ്തകരചനാസമിതി

## അഡ്വൈസർ

**ഡോ. കെ.എൻ. ഗണേഷ്**
ചെയർമാൻ, കേരള കൗൺസിൽ ഫോർ ഹിസ്റ്റോറിക്കൽ റിസർച്ച്

## ചെയർപേഴ്സൺ

**ഡോ. ബൈജു കെ.സി.**
വൈസ് ചാൻസലർ (ഇൻ-ചാർജ്), കേന്ദ്ര സർവകലാശാല, കാസറഗോഡ്

## വിദഗ്ധർ

**ഡോ. പി.പി. അബ്ദുൾ റസാക്**
അസോസിയേറ്റ് പ്രൊഫസർ (റിട്ട.)
ഡിപ്പാർട്ട്മെന്റ് ഓഫ് ഹിസ്റ്ററി,
പി.എസ്.എം.ഒ. കോളേജ്,
തിരൂരങ്ങാടി

**ഡോ. അനീഷ് വി.ആർ.**
അസിസ്റ്റന്റ് പ്രൊഫസർ,
ഡിപ്പാർട്ട്മെന്റ് ഓഫ് പൊളിറ്റിക്കൽ സയൻസ്,
എസ്.എ.ആർ.ബി.ടി.എം. ഗവ: കോളേജ്,
കൊയിലാണ്ടി

## അംഗങ്ങൾ

**അനസ് എൻ.എസ്.**
ഗവേഷക വിദ്യാർഥി, എൻ.എസ്.എസ്. കോളേജ്, നിലമേൽ

**എം. ജോൺബായ്**
എം.വി.എച്ച്.എസ്.എസ്., അരുമാനൂർ, തിരുവനന്തപുരം

**ജോൺസൺ റ്റി.വൈ.**
സി.എസ്.ഐ.എച്ച്.എസ്.എസ്. ഫോർ ഡെഫ്, വാളകം

**കൃഷ്ണൻ കുറിയ**
എ.ഇ.ഒ. (റിട്ട.), കണ്ണൂർ സൗത്ത്

**മുസ്തഫ മറ്റത്തൂർ**
ടീച്ചർ എഡ്യൂക്കേറ്റർ, ഗവ: ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടീച്ചർ എഡ്യുക്കേഷൻ, മലപ്പുറം

**റ്റി.എസ്. നിഷ**
എസ്.എൻ.വി.യു.പി.എസ്., മരുതമൺപള്ളി, കൊല്ലം

**നിഷ എം.എസ്.**
പി.എച്ച്.എസ്.എസ്., മെഴുവേലി, പത്തനംതിട്ട

**പ്രേംജിത്ത് സുരേഷ്ബാബു**
ആർട്ടിസ്റ്റ്

**പ്രിയ എസ്.എസ്.**
ജി.ബി.എച്ച്.എസ്.എസ്., മിതിർമല, തിരുവനന്തപുരം

**രാജൻ പി.പി.**
ട്രെയിനർ, ബി.ആർ.സി., മലപ്പുറം

**രാജൻ കുളങ്ങര**
ഇരിങ്ങണ്ണൂർ എച്ച്.എസ്.എസ്., വടകര, കോഴിക്കോട്

**സായ് കുമാർ പി.**
എ.എം.എൽ.പി.എസ്., കളിയാട്ടുമുക്ക്, മലപ്പുറം

---

അക്കാദമിക് കോഡിനേറ്റർ
**ഡോ. അനിൽ ഡി.**
റിസർച്ച് ഓഫിസർ, എസ്.സി.ഇ.ആർ.ടി., കേരളം

**സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT)**
വിദ്യാഭവൻ, പൂജപ്പുര, തിരുവനന്തപുരം 695 012

# ഉള്ളടക്കം


1. മധ്യകാല ഇന്ത്യ ........ 7-24
2. മധ്യകാല ഇന്ത്യ: സാംസ്കാരിക പ്രസ്ഥാനങ്ങൾ ........ 25-38
3. ഭരണഘടന : വഴിയും വഴികാട്ടിയും ........ 39-53
4. അനീതിയിൽ നിന്ന് നീതിയിലേക്ക് ........ 54-67
5. നമ്മുടെ ഭൂമി ........ 68-81
6. ഇന്ത്യൻ ഉപഭൂഖണ്ഡം ........ 82-93
7. ഭക്ഷ്യോൽപാദനം മുതൽ ഭക്ഷ്യസുരക്ഷ വരെ ........ 94-110


ഈ പുസ്തകത്തിൽ പഠനസൗകര്യത്തിനായി
ചില ചിഹ്നങ്ങൾ ഉപയോഗിച്ചിരിക്കുന്നു


അധികവായനയ്ക്ക് - വിലയിരുത്തലിന് വിധേയമാക്കേണ്ടതില്ല


പഠന പ്രവർത്തനം


തുടർപ്രവർത്തനങ്ങൾ


നമുക്ക് വായിക്കാം

# ഭാരതത്തിന്റെ ഭരണഘടന

## ആമുഖം

**ഭാരതത്തിലെ ജനങ്ങളായ നാം** ഭാരതത്തെ ഒരു [1]**[പരമാധികാര സ്ഥിതിസമത്വ മതേതര ജനാധിപത്യ റിപ്പബ്ലിക്കായി]** സംവിധാനം ചെയ്യുവാനും അതിലെ പൗരന്മാർക്കെല്ലാം:

സാമൂഹ്യവും സാമ്പത്തികവും രാഷ്ട്രീയവും ആയ **നീതിയും;**

ചിന്തയ്ക്കും ആശയപ്രകടനത്തിനും വിശ്വാസത്തിനും മതനിഷ്ഠയ്ക്കും ആരാധനയ്ക്കും ഉള്ള **സ്വാതന്ത്ര്യവും;**

പദവിയിലും അവസരത്തിലും **സമത്വവും;** സംപ്രാപ്തമാക്കുവാനും;

അവർക്കെല്ലാമിടയിൽ

വ്യക്തിയുടെ അന്തസ്സും [2][രാഷ്ട്രത്തിന്റെ ഐക്യവും അഖണ്ഡതയും] ഉറപ്പുവരുത്തിക്കൊണ്ട് **സാഹോദര്യം** പുലർത്തുവാനും;

സഗൗരവം തീരുമാനിച്ചിരിക്കയാൽ;

**നമ്മുടെ ഭരണഘടനാനിർമ്മാണസഭയിൽ** ഈ 1949 നവംബർ ഇരുപത്താറാം ദിവസം **ഇതിനാൽ ഈ ഭരണഘടനയെ സ്വീകരിക്കുകയും നിയമമാക്കുകയും നമുക്കുതന്നെ പ്രദാനം ചെയ്യുകയും ചെയ്യുന്നു.**

---

1. 1976 - ലെ ഭരണഘടന (നാല്പത്തിരണ്ടാം ഭേദഗതി) ആക്റ്റ് 2-ാം വകുപ്പു പ്രകാരം "പരമാധികാര ജനാധിപത്യ റിപ്പബ്ലിക്" "എന്നതിന് പകരം ചേർത്തത് (3.1.1977 മുതൽ പ്രാബല്യം).

2. മേല്പറഞ്ഞ ആക്റ്റ് 2-ാം വകുപ്പു പ്രകാരം "രാഷ്ട്രത്തിന്റെ ഐക്യം" എന്നതിനു പകരം ചേർത്തത് (3.1.1977 മുതൽ പ്രാബല്യം).



1

# മധ്യകാല ഇന്ത്യ



ചിത്രം 1.1



ചിത്രം 1.2

മുകളിൽ കൊടുത്തിരിക്കുന്ന ചിത്രങ്ങൾ നിരീക്ഷിക്കുക. മധ്യകാല ഇന്ത്യയിൽ ഭരണം നടത്തിയ രണ്ട് രാജ്യങ്ങളുടെ ചരിത്രശേഷിപ്പുകളാണ് ഇവ.

ഇതിൽ ആദ്യത്തേത് നിങ്ങൾക്ക് പരിചയമുണ്ടാകുമല്ലോ.

സ്വാതന്ത്ര്യദിനത്തിൽ നമ്മുടെ പ്രധാനമന്ത്രി ഇവിടെ ദേശീയപതാക ഉയർത്തുന്നത് നിങ്ങൾ കണ്ടിരിക്കും.


മുഗൾചക്രവർത്തിയായ ഷാജഹാന്റെ ഭരണകാലത്ത് ഡൽഹിയിൽ നിർമ്മിച്ച ചെങ്കോട്ടയാണിത്.

ഇതേ കാലത്ത് ദക്ഷിണേന്ത്യയിൽ നിലനിന്നിരുന്ന വിജയനഗരത്തിന്റെ തലസ്ഥാനമായ ഹംപിയുടെ ചിത്രമാണ് രണ്ടാമതായി കാണുന്നത്.

ഈ രണ്ട് രാജ്യങ്ങളെക്കുറിച്ചാണ് ഈ അധ്യായത്തിൽ നമ്മൾ ചർച്ച ചെയ്യുന്നത്.

## മുഗൾഭരണം

1526 ൽ മുഗൾഭരണം സ്ഥാപിച്ചത് ബാബറാണ്. 1857 വരെ ഡൽഹി കേന്ദ്രമാക്കി ഇന്ത്യ ഭരിച്ച മുഗൾ ഭരണകാലത്തെ പ്രധാന ഭരണാധികാരികൾ ആരൊക്കെയാണെന്ന് നിങ്ങൾക്കറിയാമോ?




പദസൂര്യനിൽ നിന്ന് പ്രധാനപ്പെട്ട മുഗൾചക്രവർത്തിമാർ ആരൊക്കെയായിരുന്നുവെന്ന് നിങ്ങൾ തിരിച്ചറിഞ്ഞല്ലോ?

മുഗൾ രാജാക്കന്മാരുടെ ചിത്രങ്ങൾ ശേഖരിച്ച് ഒരു ആൽബം തയ്യാറാക്കൂ.

വളരെ വിസ്തൃതമായ രാജ്യമായിരുന്നു മുഗളരുടേത്. ഇന്നത്തെ ഇന്ത്യക്ക് പുറമേ അയൽ രാജ്യങ്ങളിലേക്കും മുഗൾഭരണം വ്യാപിച്ചിരുന്നു.




*ചിത്രം 1.3*
*ഔറംഗസേബിന്റെ കാലത്തെ മുഗൾരാജ്യം*

ഭൂപടത്തിൽനിന്നും ഇന്നത്തെ ഏതെല്ലാം രാജ്യങ്ങളിൽ മുഗൾഭരണം വ്യാപിച്ചിരുന്നുവെന്ന് കണ്ടെത്തി പട്ടികപ്പെടുത്തുക.

- അഫ്ഗാനിസ്ഥാൻ
- 
- 

## മുഗളരും ഒന്നാം പാനിപ്പത്ത് യുദ്ധവും

'മംഗോൾ' എന്ന പദത്തിൽ നിന്നാണ് 'മുഗൾ' എന്ന പേരുദ്ഭവിച്ചത്. മുഗൾ രാജ്യ സ്ഥാപകനായ ബാബർ, പിതാവ് വഴി തുർക്കി ഭരണാധികാരിയായിരുന്ന തിമൂറിന്റെയും മാതാവ് വഴി മംഗോൾ രാജാവായിരുന്ന ചെങ്കിസ് ഖാന്റെയും പിൻഗാമിയായിരുന്നു. പതിനാറാംനൂറ്റാണ്ടിൽ യൂറോപ്യരാണ് ഈ രാജവംശത്തെ 'മുഗൾ' എന്ന് വിളിച്ചു തുടങ്ങിയത്.

ലോദിവംശത്തിലെ അവസാനത്തെ ഭരണാധികാരിയായ ഇബ്രാഹിംലോദിയും കാബൂളിലെ ഭരണാധികാരിയായിരുന്ന ബാബറും 1526 ൽ ഹരിയാനയിലെ പാനിപ്പത്തിൽവെച്ച് ഏറ്റുമുട്ടി. ചരിത്രത്തിൽ ഇതിനെ ഒന്നാം പാനിപ്പത്ത് യുദ്ധമെന്ന് വിശേഷിപ്പിക്കുന്നു. ഈ യുദ്ധവിജയത്തിലൂടെയാണ് ബാബർ ഇന്ത്യയിൽ മുഗൾ ഭരണം സ്ഥാപിച്ചത്.

"കിഴക്കിനെ വിറപ്പിച്ച അക്ബർ ചക്രവർത്തി നിര്യാതനായിരിക്കുന്നു. തീർച്ചയായും അക്ബർ മഹാനായ ചക്രവർത്തിയായിരുന്നു. ഒരേ സമയം പ്രജകളിൽ നിന്ന് സ്നേഹവും ബഹുമാനവും വിധേയത്വവും ലഭിച്ചുകൊണ്ടു തന്നെ, ആജ്ഞാശക്തി നിലനിർത്താൻ അദ്ദേഹത്തിന് സാധിച്ചു. ഉയർന്ന – താഴ്ന്ന വിഭാഗങ്ങളെന്ന തരംതിരിവില്ലാതെയും പരിചിത/അപരിചിത വ്യത്യാസമില്ലാതെയും ഹിന്ദു/ക്രിസ്ത്യൻ/മുസ്ലീം വ്യത്യാസമില്ലാതെയും തുല്യനീതി നടപ്പിലാക്കിയ, കരുത്തരോട് ശക്തമായും അശക്തരോട് കരുണയോടും പെരുമാറിയ സുൽത്താൻ എല്ലാവർക്കും പ്രിയപ്പെട്ടവനായിരുന്നു... ."

ജെസ്യൂട്ട് പാതിരി പിയറി ജാറിക് അക്ബർ ചക്രവർത്തിയുടെ മരണാനന്തരം (സി.ഇ. 1605) എഴുതിയ അനുശോചനക്കുറിപ്പാണിത്.

ഈ കുറിപ്പിൽ നിന്ന് മുഗൾ ചക്രവർത്തിയായിരുന്ന അക്ബറിനെക്കുറിച്ച് നിങ്ങൾക്ക് എന്തൊക്കെയാണ് മനസ്സിലാക്കാൻ കഴിയുന്നത്.

- അക്ബർ അതിശക്തനായ ചക്രവർത്തിയായിരുന്നു.
- 
- 
- 



*ചിത്രം 1.4*
*മുഗൾ രാജവംശത്തിലെ പ്രസിദ്ധനായ ഭരണാധികാരിയായിരുന്ന അക്ബർ വിവിധ മതസ്ഥരുമായി ചർച്ച നടത്തുന്നു.*

1575 ൽ തന്റെ പുതിയ തലസ്ഥാനമായ ഫത്തേപ്പൂർ സിക്രിയിൽ അക്ബർ ഇബാദത്ത് ഖാന പണികഴിപ്പിച്ചു. വിവിധ മതങ്ങളിലെ പണ്ഡിതരും പ്രമുഖരും ഇവിടെ ഒത്തു ചേർന്നിരുന്നു. അക്ബർ പിന്തുടർന്നിരുന്ന മതസഹിഷ്ണുതാനയത്തിന് ഇത്തരം ചർച്ചകൾ ഉത്തമ ഉദാഹരണങ്ങളാണ്.

എല്ലാ മതങ്ങളുടെയും നല്ലവശങ്ങൾ കോർത്തിണക്കി അക്ബർ രൂപംകൊടുത്ത ദർശനമാണ് ദിൻ-ഇ-ലാഹി. എല്ലാവർക്കും സമാധാനം അഥവാ സുൽഹ്-ഇ-കുൽ എന്നതാണ് ഈ ദർശനത്തിന്റെ കാതൽ. എല്ലാ ദർശനങ്ങളും മനുഷ്യരുടെ ക്ഷേമത്തിനുവേണ്ടിയുള്ളതാണ് എന്ന ആശയം വ്യക്തമാക്കുകയായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം.



*ചിത്രം 1.5*
*ഫത്തേപ്പൂർ സിക്രി*

'ജസിയ' എന്ന മതനികുതി നിർത്തലാക്കിയത് ഭരണരംഗത്തും അക്ബർ സഹിഷ്ണുതാനയം പിന്തുടർന്നിരുന്നു എന്നതിന് തെളിവാണ്. മുഗൾ ഭരണത്തിന്റെ എല്ലാ മേഖലകളിലും എല്ലാ മതസ്ഥരേയും തുല്യമായി പരിഗണിച്ചിരുന്നു. രാജാ ടോഡർമാൾ, രാജാ മാൻസിങ്ങ്, രാജാ ഭഗവൻദാസ്, ബീർബൽ എന്നിവർ അക്ബർ ചക്രവർത്തിയുടെ രാജസദസ്സിൽ ഉന്നതസ്ഥാനം വഹിച്ചിരുന്നവരിൽ പ്രധാനികളാണ്.

അക്ബർ ഇബാദത്ത്ഖാന പണികഴിപ്പിച്ചതിന്റെ ലക്ഷ്യമെന്തായിരുന്നു? കുറിപ്പ് തയ്യാറാക്കുക.

"എന്റെ അനുയായികൾ മറ്റ് മതവിഭാഗങ്ങളുമായി ശത്രുതയിൽ വർത്തിച്ചു സമയം പാഴാക്കരുത്. ഇതര മതസ്ഥരോടുള്ള ബന്ധത്തിൽ സുൽഹ്-ഇ-കുൽ (എല്ലാവർക്കും സമാധാനം) എന്ന ആശയം അനുവർത്തിക്കട്ടെ. മൃഗങ്ങളെ കൊല്ലുകയോ യുദ്ധസമയങ്ങളിലൊഴികെ ആയുധങ്ങളെടുക്കുകയോ ചെയ്യരുത്". അക്ബർ തന്റെ അനുയായികളോട് കല്പിച്ചതായി മുഗൾ സുൽത്താനായിരുന്ന ജഹാംഗീർ തന്റെ ഓർമ്മക്കുറിപ്പായ *'തുസൂകി ജഹാംഗിറി'*ൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ഈ പ്രസ്താവനയുടെ അടിസ്ഥാനത്തിൽ മുഗൾഭരണകാലത്ത് വിവിധ ജനവിഭാഗങ്ങൾക്കിടയിൽ മതസഹിഷ്ണുത നിലനിർത്താൻ അക്ബറിന്റെ നയങ്ങൾ എത്രമാത്രം സഹായകമായെന്ന് ക്ലാസിൽ ഒരു ചർച്ച സംഘടിപ്പിക്കുക.

## മുഗൾ സൈന്യം


മുഗൾ കാലഘട്ടത്തിൽ രാജ്യം വിപുലമാക്കുന്നതിനും വിസ്തൃതമാക്കപ്പെട്ട രാജ്യം നിലനിർത്തുന്നതിനും ശക്തമായ സൈന്യം ആവശ്യമായിരുന്നു. ഇതിനുവേണ്ടി അക്ബർ നടപ്പിലാക്കിയ സൈനിക സമ്പ്രദായമാണ് 'മാൻസബ്ദാരി'. ഈ സമ്പ്രദായമനുസരിച്ച് ഓരോ ഉദ്യോഗസ്ഥന്റെയും കീഴിൽ ഒരു സൈനികവ്യൂഹമുണ്ടായിരിക്കും. ഓരോ ഉദ്യോഗസ്ഥനും നിലനിർത്തേണ്ട കുതിരപ്പടയാളികളുടെ എണ്ണത്തെയാണ് 'മാൻസബ്' എന്ന പദവി സൂചിപ്പിക്കുന്നത്. നിലനിർത്തേണ്ട സൈനികരുടെ എണ്ണത്തിന് അനുസരിച്ചായിരുന്നു മാൻസബ്ദാരുടെ പദവി നിശ്ചയിച്ചിരുന്നത്. സർക്കാർ ഖജനാവിൽ നിന്ന് നേരിട്ട് പണം നൽകി സൈന്യത്തെ നിലനിർത്തുന്നതിന് പകരമാണ് ഈ സമ്പ്രദായം നടപ്പിലാക്കിയത്. മാൻസബ്ദാർമാർക്ക് അവരുടെ പദവിക്കനുസരിച്ച് ഭൂമി പതിച്ചുനൽകിയിരുന്നു. പ്രസ്തുത ഭൂമിയിൽനിന്നുള്ള നികുതി പിരിച്ചെടുത്താണ് മാൻസബ്ദാർ തന്റെ സൈന്യത്തെ നിലനിർത്തിയിരുന്നത്. ഭരണം ശക്തമായി മുന്നോട്ടു കൊണ്ടുപോകാൻ പ്രമുഖരുടെയും സൈനികരുടെയും പിന്തുണ ആവശ്യമായിരുന്നു. ഈ ലക്ഷ്യം കൈവരിക്കുന്നതിനായിരുന്നു മാൻസബ്ദാരി സമ്പ്രദായം നടപ്പിലാക്കിയത്.

മുഗളരുടെ മാൻസബ്ദാരി സമ്പ്രദായത്തെക്കുറിച്ച് ക്ലാസിൽ ഒരു ചർച്ച സംഘടിപ്പിക്കൂ.

## മുഗൾ ഭരണരീതി

മുഗൾ കാലഘട്ടത്തിൽ ഭരണസൗകര്യത്തിനായി സ്വീകരിച്ചിരുന്ന ക്രമീകരണം എന്തായിരുന്നുവെന്ന് നോക്കാം.


**മുഗൾ രാജ്യം**




മുഗൾ ഭരണത്തിൽ അക്ബറിന്റെ കാലത്താണ് ഇത്തരത്തിൽ ഒരു ഭരണക്രമം (ഘടന) ഫലപ്രദമായി രൂപപ്പെടുത്തിയത്.

രാജ്യത്തിന്റെ പരമാധികാരിയും സർവസൈന്യാധിപനും നിയമനിർമ്മാതാവും അന്തിമ ന്യായാധിപനും ചക്രവർത്തിയായിരുന്നു.

മുഗൾ കാലഘട്ടത്തിൽ നീതിന്യായനിർവഹണത്തിനായി ഇന്നത്തെപ്പോലെ പ്രത്യേകതരം കോടതികൾ ഉണ്ടായിരുന്നില്ല. പകരം, തദ്ദേശീയരായ മതപണ്ഡിതന്മാരാണ് (ഖാസിമാർ) തർക്കങ്ങളിൽ അന്വേഷണം നടത്തി തീർപ്പ് കല്പിച്ചിരുന്നത്. ഈ തീരുമാനത്തിൽ അതൃപ്തി ഉള്ളവർക്ക് ചക്രവർത്തിയോട് നേരിട്ട് പരാതി പറയാൻ അവസരമുണ്ടായിരുന്നു. ഭരണകാര്യങ്ങളിൽ രാജാവിന് ഉപദേശം നൽകുന്നതിനായി മന്ത്രിമാരെയും വകുപ്പ് അധ്യക്ഷന്മാരെയും നിയമിച്ചിരുന്നു.



*ചിത്രം 1.6*
*അക്ബർ ചക്രവർത്തി ദിവാൻ-ഇ-ഖാസിൽ ജനങ്ങളുടെ പരാതി കേൾക്കുന്നു.*

## സാമൂഹ്യ-സാമ്പത്തിക സ്ഥിതി

മുഗൾ ഭരണകാലത്തെ സമൂഹത്തെക്കുറിച്ച് അക്കാലത്ത് ഇന്ത്യ സന്ദർശിച്ച യൂറോപ്യൻ സഞ്ചാരികളും വ്യാപാരികളും അവരുടെ യാത്രാവിവരങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഫ്യൂഡൽ സാമൂഹ്യ വ്യവസ്ഥിതിയായിരുന്നു അന്ന് നിലനിന്നിരുന്നത്. സമൂഹം പല തട്ടുകളായി വിഭജിക്കപ്പെട്ടിരുന്നു.


സമൂഹത്തിന്റെ ഏറ്റവും അടിത്തട്ടിൽ സാധാരണക്കാരും ഏറ്റവും മുകളിൽ രാജാവുമായിരുന്നു. ജനങ്ങളുടെ ജീവിതനിലവാരം വേതനത്തെയും വരുമാനത്തെയും ആശ്രയിച്ചായിരുന്നു. രാജ്യത്തെ ജനങ്ങളിൽ ഭൂരിഭാഗവും കർഷകരായിരുന്നു. അവർക്കിടയിൽ ജാതിവ്യവസ്ഥ നിലനിന്നിരുന്നു. ഓരോ ജാതിയിൽപ്പെട്ടവർക്കും അവരുടേതായ ആചാരങ്ങളും അനുഷ്ഠാനങ്ങളുമുണ്ടായിരുന്നു. മുഗൾ കാലഘട്ടത്തിൽ ഇന്ത്യ സന്ദർശിച്ച ഫ്രഞ്ച് സഞ്ചാരിയായ ടവർണിയർ അന്നത്തെ സാമൂഹ്യാവസ്ഥയെക്കുറിച്ചും ജനങ്ങളുടെ ജീവിതരീതിയെക്കുറിച്ചും രേഖപ്പെടുത്തിയിട്ടുണ്ട്. ഓരോ സ്ഥലത്തെയും ജനങ്ങളുടെ ജീവിതരീതി, ഭക്ഷണം, വസ്ത്രം എന്നിവയിൽ വളരെയധികം വ്യത്യാസങ്ങൾ നിലനിന്നിരുന്നു. ബാബർ തന്റെ ഓർമക്കുറിപ്പുകളിൽ അക്കാലത്ത് ഇന്ത്യയിൽ നിലനിന്നിരുന്ന തൊഴിൽ വ്യവസ്ഥയെക്കുറിച്ചും ജാതിയെക്കുറിച്ചും രേഖപ്പെടുത്തിയിട്ടുണ്ട്.

'ആഗ്രയും ഫത്തേപൂർസിക്രിയും ലണ്ടൻ നഗരത്തേക്കാൾ വലുതും ജനനിബിഡവുമായിരുന്നു. ഏതാണ്ട് 12 മൈൽ ദൂരമുണ്ട് ഈ നഗരങ്ങൾ തമ്മിൽ. ഈ ദൂരമത്രയും വഴിനീളെ ഭക്ഷ്യവസ്തുക്കളും മറ്റും വിൽക്കുന്ന അങ്ങാടികൾ കാണാം.'

മുഗൾ കാലഘട്ടത്തിൽ ഇന്ത്യ സന്ദർശിച്ച ഇംഗ്ലീഷുകാരനായ റാൽഫ് ഫിച്ച് ഇന്ത്യയിലെ രണ്ട് നഗരങ്ങളെക്കുറിച്ച് വിവരിച്ചിരിക്കുന്നതാണ് മുകളിൽ നൽകിയിരിക്കുന്നത്. മുഗൾ ഭരണകാലത്ത് നാം എത്രത്തോളം സാമ്പത്തിക പുരോഗതി കൈവരിച്ചിരുന്നുവെന്ന് ഈ വിവരണം സൂചിപ്പിക്കുന്നു. സാമ്പത്തിക പുരോഗതിക്ക് അടിസ്ഥാനം കാർഷികരംഗത്തെ നേട്ടങ്ങളായിരുന്നു. നെല്ല്, ഗോതമ്പ്, ബാർലി, കരിമ്പ്, പരുത്തി, എണ്ണക്കുരുക്കൾ തുടങ്ങിയവ അക്കാലത്തെ പ്രധാന കാർഷിക ഉൽപന്നങ്ങളായിരുന്നു. അബുൾഫസൽ തന്റെ പുസ്തകമായ 'ഐൻ-ഇ-അക്ബരി'യിൽ ഇന്ത്യക്കാർ വ്യത്യസ്തങ്ങളായ നെല്ലിനങ്ങൾ കൃഷിചെയ്തിരുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. നികുതികൊടുത്തിരുന്ന കാലംവരെ കർഷകനെ ഭൂമിയിൽനിന്നും ഒഴിപ്പിച്ചിരുന്നില്ല. മുഗൾകാലത്ത് സാങ്കേതിക വിദ്യകളുടെയും പുതിയ ഉപകരണങ്ങളുടെയും ഉപയോഗം കാർഷികമേഖലയെ പുഷ്ടിപ്പെടുത്തി. ജലസേചനത്തിനായി പേർഷ്യൻ ചക്രവും കനാലുകളും വ്യാപകമായി ഉപയോഗപ്പെടുത്തിയിരുന്നു.

### അബുൾഫസൽ

മുഗൾ ഭരണകാലത്തെ മുഖ്യ ചരിത്രകാരനായിരുന്നു അബുൾഫസൽ. അക്ബറിന്റെ ഉപദേശകനും ജീവചരിത്രകാരനുമായിരുന്നു ഇദ്ദേഹം. 'ഐൻ-ഇ-അക്ബരി, അക്ബർനാമ' എന്നീ ഗ്രന്ഥങ്ങളുടെ കർത്താവാണ്.



*ചിത്രം 1.7*
*പേർഷ്യൻ ചക്രം*

കാർഷികരംഗത്തെ ഉൽപാദനവർദ്ധനവ് കച്ചവടത്തെയും നഗരവൽക്കരണത്തെയും ത്വരിതപ്പെടുത്തി. വിദേശ ചരക്കുകളുടെ പ്രവേശന കവാടമായിരുന്നു ഗുജറാത്ത്. തുണിത്തരങ്ങൾ, മസ്ലിൻപട്ട്, പഞ്ചസാര, അരി തുടങ്ങിയവയായിരുന്നു പ്രധാന കയറ്റുമതി ഇനങ്ങൾ. ജലഗതാഗതം കാര്യമായ പുരോഗതി കൈവരിച്ചു. ഇക്കാലത്തെ പ്രധാന നഗരങ്ങളായിരുന്നു ധാക്ക, മൂർഷിദാബാദ്, സൂറത്ത്, ലാഹോർ, ആഗ്ര തുടങ്ങിയവ.

മുഗൾ ഭരണകാലത്തെ നഗരങ്ങൾ ഇന്ന് ഏതെല്ലാം രാജ്യങ്ങളിലാണ് സ്ഥിതിചെയ്യുന്നത് എന്ന് കണ്ടെത്തി പട്ടിക പൂർത്തിയാക്കുക

| നഗരങ്ങൾ | ഇന്നത്തെ രാജ്യങ്ങൾ |
|---|---|
| ● ധാക്ക | ● ബംഗ്ലാദേശ് |
| ● മൂർഷിദാബാദ് | ● |
| ● ലാഹോർ | ● |
| ● സൂറത്ത് | ● |
| ● ആഗ്ര | ● |

## സാംസ്കാരിക സമന്വയം



*ചിത്രം 1.8*
*രസ്നാമ (Razm Nama) എന്ന പുസ്തകത്തിന്റെ പുറംചട്ട*

ചിത്രം ശ്രദ്ധിച്ചുവല്ലോ.

മുഗൾ ഭരണകാലത്ത് പേർഷ്യൻ ഭാഷയിലേക്ക് വിവർത്തനം ചെയ്യപ്പെട്ട മഹാഭാരതത്തിന്റെ പുറംചട്ടയുടെ ചിത്രമാണിത്. മുഗൾ ചക്രവർത്തിയായിരുന്ന ഷാജഹാന്റെ മകനായ ദാരാഷുക്കോ ആണ് ഇത് പരിഭാഷപ്പെടുത്തിയത്. മുഗൾ വംശജർ ഇന്ത്യൻ സംസ്കാരവുമായി കൂടിച്ചേർന്നതിന്റെ ഉദാഹരണമാണിത്. ഇക്കാലത്ത് വിവിധ മേഖലകളിൽ സംസ്കാരിക കൂടിച്ചേരലുകൾ നടന്നു. അത്തരത്തിലുള്ള സാംസ്കാരിക സമന്വയത്തിന്റെ ചില ഉദാഹരണങ്ങൾ നമുക്ക് നോക്കാം.

താജ്മഹൽ, ആഗ്രകോട്ട, ചെങ്കോട്ട തുടങ്ങിയവ ഇന്ത്യയുടെയും, മുഗളന്മാർ ഇവിടേക്ക് കൊണ്ടുവന്ന പേർഷ്യൻ വാസ്തുവിദ്യാശൈലിയുടെയും സമന്വയത്തിന് ഉദാഹരണങ്ങളാണ്. പേർഷ്യൻ, ഹിന്ദി ഭാഷകൾ കൂടിച്ചേർന്ന് പുതിയൊരു ഭാഷയായ ഉറുദു രൂപപ്പെട്ടതും ഇക്കാലത്താണ്. ഹിന്ദുസ്ഥാനി സംഗീതം ഉദ്ഭവിച്ചതും ഈ സമന്വയത്തിന്റെ ഭാഗമായിട്ടാണ്.



*ചിത്രം 1.9*
*താജ്മഹൽ*



*ചിത്രം 1.10*
*ആഗ്രാകോട്ട*


മുഗൾ ഭരണകാലത്ത് മനുഷ്യ ജീവിതത്തിന്റെ എല്ലാ മേഖലകളിലും ഇത്തരത്തിലുള്ള സമന്വയത്തിന്റെ ഉദാഹരണങ്ങൾ കാണാൻ കഴിയും.

## വിജയനഗര ഭരണം

മധ്യകാലത്ത് ഡൽഹി കേന്ദ്രമാക്കി ഭരണം നടത്തിയ മുഗൾ രാജവംശത്തെക്കുറിച്ച് നിങ്ങൾ മനസ്സിലാക്കിയല്ലോ. ഇക്കാലത്ത് ദക്ഷിണേന്ത്യയിലും വ്യത്യസ്ത രാജവംശങ്ങൾ നിലനിന്നിരുന്നു. അക്കൂട്ടത്തിൽ പ്രധാനപ്പെട്ടതാണ് വിജയനഗര രാജ്യം.

### വിജയനഗരവും ഹംപിയും

വിജയനഗരം (വിജയത്തിന്റെ നഗരം) ഒരേ സമയം ഒരു നഗരത്തിന്റെയും രാജ്യത്തിന്റെയും പേരായിരുന്നു. സി.ഇ 1565 ൽ ഈ നഗരം നശിപ്പിക്കപ്പെടുകയും തുടർന്നുള്ള നൂറ്റാണ്ടുകളിൽ അത് ജനമനസ്സുകളിൽ മാത്രം നിൽക്കുകയും ചെയ്തു. അവരുടെ ഓർമ്മയിൽ അത് 'ഹംപി' എന്ന പേരിൽ നിലനിന്നു. 1800 ൽ കേണൽ മക്കൻസി എന്ന ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യാകമ്പനി ഉദ്യോഗസ്ഥനാണ് ഹംപിയുടെ അവശിഷ്ടങ്ങൾ കണ്ടെത്തിയത്. അതിലൂടെയാണ് വിജയനഗരത്തിന്റെ ചരിത്രത്തിലേക്ക് ഗവേഷകരുടെ ശ്രദ്ധ പതിഞ്ഞത്.




*ചിത്രം 1.11*
*കൃഷ്ണദേവരായരുടെ കാലത്തെ വിജയനഗരം*

ഭൂപടം നിരീക്ഷിച്ച് വിജയനഗരത്തിൽ ഉൾപ്പെട്ട ഇന്നത്തെ ഇന്ത്യൻ സംസ്ഥാനങ്ങൾ കണ്ടെത്തി പട്ടികപ്പെടുത്തുക.

- 
- 
- 

| വിജയനഗര രാജാക്കന്മാർ | |
|---|---|
| ● സംഗമ രാജവംശം | ● ഹരിഹരൻ, ബുക്കൻ |
| ● സാലുവ വംശം | ● നരസിംഹ സാലുവ |
| ● തുളുവ വംശം | ● വീരനരസിംഹൻ<br>● കൃഷ്ണദേവരായർ |
| ● അരവിഡു വംശം | ● തിരുമല<br>● വെങ്കിട I |

ഹരിഹരൻ, ബുക്കൻ എന്നീ സഹോദരങ്ങളാണ് സി.ഇ. 1336 ൽ വിജയനഗരം സ്ഥാപിച്ചത്. ദക്ഷിണേന്ത്യയിലെ ശക്തവും സമ്പന്നവുമായ രാജ്യമായിരുന്ന വിജയനഗരത്തിലെ ഏറ്റവും പ്രശസ്തനായ ഭരണാധികാരിയായിരുന്നു കൃഷ്ണദേവരായർ (1509-1529). അദ്ദേഹത്തെക്കുറിച്ച് യൂറോപ്യൻ സഞ്ചാരിയായ ബാർബോസ പറഞ്ഞ വാക്കുകൾ നമുക്ക് പരിചയപ്പെടാം.



"ഏതൊരാൾക്കും യാതൊരു അസ്വാരസ്യവുമില്ലാതെ, ക്രിസ്ത്യാനിയെന്നോ, ജൂതനെന്നോ, മൂറെന്നോ, കിരാതനെന്നോ വ്യത്യാസമില്ലാതെ തന്റെ വിശ്വാസം നിലനിർത്തിക്കൊണ്ട് വന്നുപോകുന്നതിനും ജീവിക്കുന്നതിനും യാതൊരു തടസ്സവുമില്ലാത്തവിധം രാജാവ് സ്വാതന്ത്ര്യം അനുവദിച്ചിരുന്നു. രാജ്യത്തെ നീതിന്യായവ്യവസ്ഥയും സമത്വം നിറഞ്ഞതാണ്."

**ബാർബോസ**

ഇന്ത്യ സന്ദർശിച്ച പോർച്ചുഗീസ് സഞ്ചാരി

കൃഷ്ണദേവരായരുടെ ഭരണകാലം രാജ്യവ്യാപനത്തിന്റെയും വികസനത്തിന്റെയും കാലഘട്ടമായിരുന്നു. ധാരാളം നിർമ്മാണ പ്രവർത്തനങ്ങൾ അദ്ദേഹത്തിന്റെ കാലത്ത് നടത്തിയിരുന്നു. തലസ്ഥാന നഗരിയായ ഹംപിയിൽ കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തിയതോടൊപ്പം കോട്ടകളും കൊട്ടാരങ്ങളും ക്ഷേത്രങ്ങളും പണികഴിപ്പിച്ചിരുന്നു. മതസഹിഷ്ണുതയായിരുന്നു അദ്ദേഹത്തിന്റെ പ്രശസ്തിക്ക് മറ്റൊരു പ്രധാനകാരണം. എല്ലാ മതങ്ങളേയും ഒരേപോലെ പരിഗണിക്കുകയും വിവിധ മതസ്ഥർക്ക് അവരുടേതായ വിശ്വാസങ്ങൾ നിലനിർത്തിക്കൊണ്ട് ജീവിക്കാനുള്ള എല്ലാ സ്വാതന്ത്ര്യവും അനുവദിക്കുകയും ചെയ്തിരുന്നു. കൃഷ്ണദേവരായരുടെ കാലത്ത് കല-സാഹിത്യ-സാംസ്കാരിക മേഖലകളും

ശ്രദ്ധേയമായ പുരോഗതി കൈവരിച്ചിരുന്നു. അസാമാന്യമായ പാണ്ഡിത്യമുണ്ടായിരുന്ന അദ്ദേഹം 'അമുക്തമാല്യദ', 'ജാംബവതീകല്യാണം' എന്നീ കൃതികൾ രചിച്ചിട്ടുണ്ട്. തെലുങ്ക്, കന്നഡ, തമിഴ് സാഹിത്യങ്ങളെ അദ്ദേഹം പ്രോത്സാഹിപ്പിച്ചിരുന്നു. 'അഷ്ടദിഗ്ഗജങ്ങൾ' എന്ന് അറിയപ്പെട്ടിരുന്ന പണ്ഡിതർ കൃഷ്ണദേവരായരുടെ സദസിനെ അലങ്കരിച്ചിരുന്നു.

അക്ബറിന്റെയും കൃഷ്ണദേവരായരുടെയും മതനയം താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

## ഭരണസംവിധാനം

വിജയനഗര ഭരണത്തിലും രാജവാഴ്ചയാണ് നിലനിന്നിരുന്നത്. ഭരണസൗകര്യത്തിനായി രാജ്യത്തെ മണ്ഡലങ്ങൾ (പ്രവിശ്യകൾ), നാടുകൾ (ജില്ലകൾ), സ്ഥലം (ഉപജില്ലകൾ), ഗ്രാമങ്ങൾ എന്നിങ്ങനെ വിഭജിച്ചിരുന്നു. രാജാവിനെ സഹായിക്കാൻ മന്ത്രിസഭ ഉണ്ടായിരുന്നു. മന്ത്രിമാരെ തരംതാഴ്ത്തുന്നതിനും ശിക്ഷിക്കാനുമുള്ള അധികാരം രാജാവിനുണ്ടായിരുന്നു. നീതിനിർവഹണത്തിനായി വിവിധ തലങ്ങളിൽ കോടതികൾ സ്ഥാപിച്ചിരുന്നു. അപ്പീലധികാരി രാജാവ് തന്നെയായിരുന്നു. ചെറിയ കുറ്റങ്ങളും തൊഴിൽപരമായ പ്രശ്നങ്ങളും ഗ്രാമങ്ങളിലെ കോടതികൾ തന്നെ കൈകാര്യം ചെയ്തിരുന്നു.

വിജയനഗരത്തിലെ ഭരണസംവിധാനത്തിൽ പ്രധാനപങ്ക് വഹിച്ചവരായിരുന്നു നായകന്മാരും അമരനായകന്മാരും. സൈനികമേധാവികൾ 'അമരനായകന്മാർ' എന്നപേരിലാണ് അറിയപ്പെട്ടിരുന്നത്. രാജാക്കന്മാർ ഇവർക്കായി ഭൂപ്രദേശങ്ങൾ അനുവദിച്ച് നൽകിയിരുന്നു. ഈ പ്രദേശങ്ങൾ 'അമര' എന്നപേരിൽ അറിയപ്പെട്ടു. അമരത്തിന്റെ ഭരണം നിർവഹിച്ചിരുന്നത് അമരനായകന്മാരായിരുന്നു. ഈ പ്രദേശങ്ങളുടെ നികുതിപിരിക്കുന്നതിനുള്ള അവകാശം അമരനായകന്മാർക്കായിരുന്നു. അമരനായകർ രാജാവിന് ഒരു നിശ്ചിത തുക നൽകിയിരുന്നു. ഇവർ ഒരു നിശ്ചിത എണ്ണം കാലാളുകൾ, കുതിരകൾ, ആനകൾ എന്നിവ നിലനിർത്തിയിരുന്നു. ഈ വ്യവസ്ഥയെ 'അമരനായക സംവിധാനം' എന്നാണ് വിളിച്ചിരുന്നത്.

മാൻസബ്ദാരി-അമരനായക സമ്പ്രദായങ്ങൾ തമ്മിൽ താരതമ്യം ചെയ്ത് പട്ടികപ്പെടുത്തുക

## സാമൂഹ്യ-സാമ്പത്തിക സ്ഥിതി

വിവിധ ജാതി-മത വിഭാഗങ്ങൾ ഉൾപ്പെട്ടതായിരുന്നു വിജയനഗര സമൂഹം. ബ്രാഹ്മണർക്കായിരുന്നു സമൂഹത്തിൽ മേധാവിത്വം ഉണ്ടായിരുന്നത്. ക്ഷേത്രങ്ങൾക്ക് അനുവദിച്ചിരുന്ന ഭൂമിയിൽ നിന്നുള്ള വരുമാനം ഇവർക്ക് അവകാശപ്പെട്ടതായിരുന്നു. ക്ഷേത്രങ്ങളിലെ പൂജാദികർമ്മങ്ങൾ, മതപരമായ ചടങ്ങുകൾ തുടങ്ങിയവയ്ക്ക് നേതൃത്വം നൽകിയിരുന്നത് ബ്രാഹ്മണരായിരുന്നു. സമൂഹത്തിലെ മറ്റു വിഭാഗങ്ങൾ കൃഷി, കച്ചവടം, കൈത്തൊഴിലുകൾ തുടങ്ങിയ മേഖലകളിലാണ് മുഖ്യമായും ഏർപ്പെട്ടിരുന്നത്. രാജകൊട്ടാരത്തിൽ രാജകീയ കണക്കുകൾ തയ്യാറാക്കാനും പൂന്തോട്ടം അലങ്കരിക്കാനും രാജാക്കന്മാർ സ്ത്രീകളുടെ സേവനം

ഉപയോഗപ്പെടുത്തിയിരുന്നു. സമ്പന്നരുടെ ഇടയിൽ ബഹുഭാര്യാത്വം നിലനിന്നിരുന്നു. ശൈശവവിവാഹം, സതിസമ്പ്രദായം എന്നിവയും സമൂഹത്തിൽ കാണപ്പെട്ടിരുന്നു.



'മുന്നോട്ടുപോകുമ്പോൾ നിങ്ങളുടെ മുമ്പിൽ വിശാലവും മനോഹരവുമായ ഒരു തെരുവ് ഉണ്ട്... ഈ തെരുവിൽ നിരവധി വ്യാപാരികൾ ജീവിക്കുന്നു. അവിടെ നിങ്ങൾക്ക് മാണിക്യക്കല്ലുകളും മരതകങ്ങളും പവിഴങ്ങളും മുത്തുകളും തുണിത്തരങ്ങളും വില്പനയ്ക്ക് വച്ചിരിക്കുന്നത് കാണാം... അവിടെ കുതിരകൾ, ഓറഞ്ച്, മുന്തിരി, തടി... തുടങ്ങിയവയെല്ലാം വിൽക്കുന്നു.'

**- ഡൊമിംഗോ പയസ്**

(വിജയനഗരം സന്ദർശിച്ച പോർച്ചുഗീസ് സഞ്ചാരി)

മുകളിൽ നൽകിയിട്ടുള്ള സഞ്ചാരക്കുറിപ്പ് വായിച്ചുവല്ലോ.

വിജയനഗരത്തിന്റെ പ്രൗഢി ആ രാജ്യം സന്ദർശിച്ച ഒട്ടേറെ സഞ്ചാരികൾ രേഖപ്പെടുത്തിയിട്ടുണ്ട്. ജനങ്ങളുടെ പ്രധാന തൊഴിൽ കൃഷിയായിരുന്നു. സിൽക്ക്, പരുത്തി വസ്ത്രങ്ങളാണ് സാധാരണയായി ഉപയോഗിച്ചിരുന്നത്. വിജയനഗരത്തിന്റെ ചുറ്റുമുള്ള വരണ്ടുകിടക്കുന്ന പ്രദേശങ്ങളെ ജലസേചനയോഗ്യമാക്കി. 15-ാം നൂറ്റാണ്ടിൽ നിർമ്മിച്ച കമലാപുരംകുളവും ഹിരിയകനാലും തുംഗഭദ്ര നദിക്ക് കുറുകെ കെട്ടിയ അണക്കെട്ടും കാർഷിക മേഖലയെ പുഷ്ടിപ്പെടുത്തി.

ഭൂമി സർവ്വേ ചെയ്ത് ഗുണനിലവാരമനുസരിച്ച് നികുതി നിശ്ചയിച്ചിരുന്നു. ഭൂനികുതിക്ക് പുറമേ തൊഴിൽ നികുതി, വീട്ടു നികുതി, വിവിധതരത്തിലുള്ള ലൈസൻസ് ഫീസുകൾ, കോടതിശിക്ഷ അനുസരിച്ചുള്ള പിഴകൾ എന്നിവയായിരുന്നു ഗവൺമെന്റിന്റെ പ്രധാന വരുമാന മാർഗങ്ങൾ.

വിജയനഗരം ഒരു വലിയ വ്യാപാര കേന്ദ്രമായി വികാസം പ്രാപിച്ചു. ഇന്ത്യയുടെയും ലോകത്തിന്റെയും വിവിധ ഭാഗങ്ങളിൽ നിന്നും വ്യാപാരികൾ പേരുകേട്ട വിജയനഗരത്തിൽ എത്തിച്ചേർന്നിരുന്നു. ഭരണാധികാരികൾ വിദേശ വ്യാപാരത്തിന് വളരെയേറെ പ്രോത്സാഹനം നൽകി. പോർച്ചുഗീസുകാർക്കും, അറബികൾക്കുമായിരുന്നു വിദേശ വ്യാപാരത്തിന്റെ കുത്തക ഉണ്ടായിരുന്നത്. ചൈന, ശ്രീലങ്ക എന്നീ രാജ്യങ്ങളുമായും വ്യാപാരം നടന്നിരുന്നു.

അറേബ്യ, മധ്യേഷ്യ എന്നിവിടങ്ങളിൽ നിന്നും കൊണ്ടുവന്നിരുന്ന കുതിരകളുടെ കച്ചവടം പ്രധാനമായും നടത്തിയിരുന്നത് അറബികളായിരുന്നു. കുതിരകൾ കച്ചവടത്തിലെ ഒരു പ്രധാന ഇനമായിരുന്നു. കുതിരക്കച്ചവടത്തിൽ ഏർപ്പെട്ടിരുന്ന പ്രാദേശിക കച്ചവടക്കാർ 'കുതിരച്ചെട്ടികൾ' എന്നറിയപ്പെട്ടു. കാലക്രമേണ അറബികളെ പിന്തള്ളി പോർച്ചുഗീസുകാർ ഈ കച്ചവടത്തിന്റെ നിയന്ത്രണം ഏറ്റെടുത്തു. വ്യാപാരത്തിൽ നിന്നുള്ള വരുമാനം രാഷ്ട്രത്തിന്റെ സമ്പദ്‌വ്യവസ്ഥയെ ശക്തിപ്പെടുത്തി. നഗരത്തിൽ നിന്നും ലഭിച്ച ചൈനീസ് മൺപാത്രങ്ങൾ ചൈനയുമായുള്ള കച്ചവടബന്ധത്തെ സൂചിപ്പിക്കുന്നു.

## സാംസ്കാരികം



*ചിത്രം. 1.12*
*ഹസാര രാമക്ഷേത്രം, ഹംപി*



*ചിത്രം. 1.13*
*വിത്തല സ്വാമിക്ഷേത്രം, ഹംപി*

വിജയനഗര കാലഘട്ടത്തിൽ സാംസ്കാരികരംഗവും വലിയപുരോഗതി കൈവരിച്ചു. വേദങ്ങളുടെയും ശാസ്ത്രങ്ങളുടെയും പഠനത്തിനുവേണ്ടി നിരവധി പാഠശാലകൾ സ്ഥാപിച്ചിരുന്നു. കല, വാസ്തുവിദ്യ, ശില്പകല, സാഹിത്യം, സംഗീതം തുടങ്ങിയ മേഖലകളിൽ വിജയനഗരകാലത്ത് അഭൂതപൂർവമായ വളർച്ചയുണ്ടായി. കൃഷ്ണദേവരായരെപ്പോലുള്ള രാജാക്കന്മാർ കലയുടെയും സാഹിത്യത്തിന്റെയും സംരക്ഷകർ ആയിരുന്നു. 'ദ്രാവിഡ ശില്പരീതി'യാണ് അന്ന് കൂടുതലായും പ്രാബല്യത്തിലുണ്ടായിരുന്നത്. ഗോപുരങ്ങൾ എന്നറിയപ്പെടുന്ന ഭീമാകാരങ്ങളായ ക്ഷേത്രകവാടങ്ങളാണ് വിജയനഗര ശില്പകലയുടെ മറ്റൊരു പ്രധാന സവിശേഷത.



*ചിത്രം. 1.14*
*വിരൂപാക്ഷ ക്ഷേത്രം, ഹംപി*



*ചിത്രം. 1.15*
*ലോട്ടസ് മഹൽ, ഹംപി*

സാഹിത്യരംഗവും ഇക്കാലത്ത് വളരെയധികം പുരോഗതി കൈവരിച്ചു. തെലുങ്ക് സാഹിത്യമാണ് ഏറ്റവും കൂടുതൽ വികാസം പ്രാപിച്ചത്. കൂടാതെ, നിരവധി സംസ്കൃത കൃതികൾ വിവിധ പ്രാദേശിക ഭാഷകളിലേക്ക് വിവർത്തനം ചെയ്യപ്പെട്ടതും ഈ കാലത്താണ്.

## തുടർപ്രവർത്തനങ്ങൾ

- വിജയനഗര ഭരണകാലത്തെ സാംസ്കാരിക സംഭാവനകൾ സംബന്ധിച്ച ചിത്രങ്ങൾ ശേഖരിച്ച് ഒരു ഡിജിറ്റൽ ആൽബം തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കൂ.
- അക്ബർ, കൃഷ്ണദേവരായർ എന്നിവരുടെ കാലഘട്ടത്തിൽ വിവിധ മേഖലകളിൽ കൈവരിച്ച നേട്ടങ്ങൾ മാതൃകാപരമായിരുന്നു. തന്നിട്ടുള്ള സൂചനകളുടെ അടിസ്ഥാനത്തിൽ ഇവരുടെ സംഭാവനകൾ താരതമ്യം ചെയ്ത് സെമിനാർ സംഘടിപ്പിക്കൂ.

  **സൂചനകൾ**

  - ഭരണരീതി
  - സംസ്കാരം
  - സമ്പത്ത്
  - നീതിന്യായം

- മുഗൾ-വിജയനഗര ഭരണസമ്പ്രദായങ്ങളുടെ പൊതുസവിശേഷതകൾ താരതമ്യം ചെയ്ത് പട്ടിക പൂർത്തിയാക്കുക.

| മുഗൾഭരണം | വിജയനഗരഭരണം |
|---|---|
| • രാജവാഴ്ച | • രാജവാഴ്ച |
| • | • |
| • | • |
| • | • |
| • | • |

- മുഗൾ ഭരണകാലത്ത് വിവിധ മേഖലകളിലുണ്ടായ സമന്വയത്തെ സംബന്ധിച്ച് ചിത്രങ്ങൾ ശേഖരിച്ച് ക്ലാസിൽ അവതരണം നടത്തുക.



2

# മധ്യകാല ഇന്ത്യ : സാംസ്കാരിക പ്രസ്ഥാനങ്ങൾ

**തമിഴ് വരികൾ**

കോനേറി വാഴും കുറുകായ് പിറപ്പേനേ
തിരുവേങ്കടച്ചൂനൈയിൽ മീനായ് പിറക്കും
വേങ്കടത്ത് ചെമ്പകമായ് നിർക്കും
വേങ്കടമലൈമേൽ തമ്പഹമായ്
കോയിലിൻ വാസലിൽ പടിയായ് കിടന്തും

കുലശേഖര ആഴ്‌വാർ
**'പെരുമാൾ തിരുമൊഴി'**

**വിവർത്തനം**

തിരുവേങ്കടമലയിൽ ഒരു പ്രാവായ്
അവിടുത്തെ കുളത്തിൽ ഒരു മീനായ്
ഒരു ചെമ്പകമായ് മലയിലെ തൂണായ്
ക്ഷേത്രത്തിലെ ഒരു പടിയായ്
എങ്കിലും ജനിച്ചാൽ മതി.

ഒൻപതാം നൂറ്റാണ്ടിൽ കേരളത്തിൽ ജീവിച്ചിരുന്ന കുലശേഖര ആഴ്‌വാർ എന്ന ഭക്തകവി രചിച്ച 'പെരുമാൾ തിരുമൊഴി' എന്ന കൃതിയിലെ ഒരു ഭാഗമാണ് മുകളിൽ നൽകിയിരിക്കുന്നത്.

ഈ വരികളിലൂടെ നിങ്ങൾക്ക് ലഭിക്കുന്ന ആശയം എന്താണ്?

ദൈവത്തിന് സമ്പൂർണമായി ജീവിതം സ്വയം സമർപ്പിക്കുന്നതിനെയാണ് ഭക്തി എന്നു പറയുന്നത്. ഭക്തിയെ അടിസ്ഥാനമാക്കി ഉയർന്നുവന്ന ആശയങ്ങളും പ്രവർത്തനങ്ങളുമാണ് ഭക്തിപ്രസ്ഥാനം എന്നറിയപ്പെടുന്നത്.

മധ്യകാലഘട്ടത്തിൽ ഇന്ത്യയിൽ നിലനിന്നിരുന്ന യാഥാസ്ഥിതിക കാഴ്ചപ്പാടും ജാതി വ്യവസ്ഥയും ജനങ്ങൾക്കിടയിൽ വിവേചനം സൃഷ്ടിച്ചിരുന്നു. സാമൂഹ്യവിവേചനം നേരിട്ടിരുന്ന

ജനവിഭാഗങ്ങൾ ഭക്തിപ്രസ്ഥാനത്തിലേയ്ക്ക് ആകൃഷ്ടരായി. ക്രമേണ, വ്യത്യസ്ത കാലങ്ങളിൽ ഇന്ത്യയിൽ വിവിധ ദർശനങ്ങളുടെയും അനുഷ്ഠാനങ്ങളുടെയും സമന്വയവുമുണ്ടായി. ഇപ്രകാരം മധ്യകാലഘട്ടത്തിൽ ഇന്ത്യയൊട്ടാകെ വ്യാപിച്ച രണ്ട് പ്രധാന സാംസ്കാരിക പ്രസ്ഥാനങ്ങളായ ഭക്തി-സൂഫി പ്രസ്ഥാനങ്ങളെക്കുറിച്ചാണ് നാം ഈ അധ്യായത്തിൽ ചർച്ച ചെയ്യുന്നത്.

## ദക്ഷിണേന്ത്യൻ ഭക്തിപ്രസ്ഥാനം

ഇഷ്ടദൈവത്തോടുള്ള അചഞ്ചലമായ ഭക്തിയെ സൂചിപ്പിക്കുന്ന ഗീതങ്ങളും കീർത്തനങ്ങളും രചിച്ചിരുന്ന ഭക്തകവികൾ ദക്ഷിണേന്ത്യയിൽ ജീവിച്ചിരുന്നു. ആഴ്‌വാർമാർ എന്നറിയപ്പെട്ടിരുന്ന വിഷ്ണുഭക്തരും നായനാർമാർ എന്നറിയപ്പെട്ടിരുന്ന ശിവഭക്തരുമാണ് ഈ ഭക്തകവികൾ. സി.ഇ 7 മുതൽ 12-ാം നൂറ്റാണ്ടുകൾക്കിടയിൽ നിലനിന്നിരുന്ന ഈ പ്രസ്ഥാനത്തിന്റെ സവിശേഷതകൾ നോക്കൂ...




തമിഴ്നാട്ടിലാണ് ഭക്തിപ്രസ്ഥാനം ഒരു ജനകീയ പ്രസ്ഥാനമായി രൂപം കൊണ്ടത്. ആഴ്വാർമാരും നായനാർമാരും പ്രാദേശികഭാഷകളിൽ ഭക്തിഗാനങ്ങൾ ആലപിച്ച് ദേശസഞ്ചാരം നടത്തിയിരുന്നതുകൊണ്ട് ജനങ്ങൾക്കിടയിൽ ഭക്തി പ്രചരിച്ചു. അനാചാരങ്ങളും അസമത്വങ്ങളും ശക്തമായിരുന്ന അക്കാലത്ത് ഭക്തകവികളുടെ രചനകൾ സാധാരണക്കാരെ ഏറെ സ്വാധീനിച്ചു. സമൂഹത്തിൽ നിലനിന്നിരുന്ന അർത്ഥശൂന്യമായ ആചാരങ്ങൾ ചോദ്യം ചെയ്യപ്പെട്ടു. ജാതിഭേദമന്യേ, സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളും ഭക്തിപ്രസ്ഥാനത്തിലേക്ക് ആകൃഷ്ടരായി. ആഴ്വാർമാരുടെയും നായനാർമാരുടെയും രചനകൾ ഹൈന്ദവ മതത്തെ കൂടുതൽ ജനകീയമാക്കി.



ചിത്രം 2.1
CE 1700ൽ തമിഴ്നാട്ടിലെ ഒരു ശിവക്ഷേത്രത്തിൽ നിന്നും കണ്ടെടുത്ത തേവാരം എന്ന കൃതിയുടെ കയ്യെഴുത്ത്

ആഴ്വാർമാരുടെ രചനകൾ 'നാലായിരദിവ്യപ്രബന്ധം' എന്നും നായനാർമാരുടെ രചനകൾ 'തിരുമുറൈകൾ' എന്നും അറിയപ്പെട്ടു. ഇക്കാലത്ത് ധാരാളം ക്ഷേത്രങ്ങളും നിർമ്മിക്കപ്പെട്ടു.

## ഭക്തിപ്രസ്ഥാനത്തിലെ പ്രധാന കവികൾ






ദക്ഷിണേന്ത്യൻ ഭക്തിപ്രസ്ഥാനം അന്നത്തെ സാമൂഹ്യവ്യവസ്ഥയിൽ എന്തെല്ലാം മാറ്റങ്ങൾ ഉണ്ടാക്കി? കുറിപ്പ് തയ്യാറാക്കൂ.

ഭക്തിപ്രസ്ഥാനം ക്രമേണ ഇന്ത്യയുടെ വിവിധ ഭാഗങ്ങളിലേക്ക് വ്യാപിക്കാൻ തുടങ്ങി. വിവിധ പ്രദേശങ്ങളിലെ ഭക്തിപ്രസ്ഥാനത്തിന്റെ പ്രചാരകരെ നമുക്ക് പരിചയപ്പെടാം.

### ബസവണ്ണ : കന്നടദേശത്തെ മനുഷ്യസ്നേഹി

ബസവണ്ണ രൂപീകരിച്ച 'അനുഭവ മണ്ഡപം' എന്ന ചർച്ചാവേദിയിൽ നടന്ന ഒരു ചർച്ചയുടെ ചിത്രീകരണമാണ് ചുവടെ ചേർത്തിട്ടുള്ളത്. ചിത്രം ശ്രദ്ധിക്കൂ.




*ചിത്രം 2.2*
*ബസവണ്ണ അനുഭവമണ്ഡപത്തിൽ ജനങ്ങളുമായി ചർച്ചനടത്തുന്നു.*
*(ചിത്രകാരന്റെ ഭാവനയിൽ)*

### അനുഭവമണ്ഡപം

പന്ത്രണ്ടാം നൂറ്റാണ്ടിൽ ബസവണ്ണ സ്ഥാപിച്ച ആത്മീയ ചർച്ചാവേദിയാണ് അനുഭവമണ്ഡപം. അല്ലമ പ്രഭു, അക്ക മഹാദേവി എന്നിവർ അനുഭവമണ്ഡപത്തിലെ ചർച്ചകൾക്ക് നേതൃത്വം നൽകിയിരുന്നു. ജാതി, ലിംഗവിവേചനം എന്നിവ പരിഗണിക്കാതെ എല്ലാവർക്കും ചർച്ചകളിൽ പങ്കെടുക്കാൻ അവസരം ലഭിച്ചിരുന്നു. ആത്മീയ ചർച്ചകൾക്കും അറിവ് പുതുക്കലിനുമായിട്ടാണ് ജനങ്ങൾ അനുഭവമണ്ഡപത്തിൽ എത്തിയിരുന്നത്. ചർച്ചയിൽ ഉയർന്നുവന്ന ആശയങ്ങളെ 'വചനങ്ങൾ' എന്ന പേരിൽ ജനങ്ങളിലേക്ക് പകർന്ന് നൽകി.

ഇതിൽ നിന്നും അക്കാലത്തെ സാമൂഹികാവസ്ഥയെക്കുറിച്ച് നിങ്ങൾക്ക് എന്തെല്ലാം മനസ്സിലായെന്ന് എഴുതൂ.

- ജാതീയമായ വിവേചനങ്ങൾ നിലനിന്നിരുന്നു.
-
-

പന്ത്രണ്ടാം നൂറ്റാണ്ടിൽ കന്നട ദേശത്ത് ജീവിച്ചിരുന്ന തത്വചിന്തകനും സാമൂഹ്യ പരിഷ്കർത്താവും കവിയുമായിരുന്നു ബസവണ്ണ. സമൂഹത്തിൽ നിലനിന്നിരുന്ന, സാമൂഹികവും മതപരവുമായ വിവേചനങ്ങളെ ജനങ്ങൾക്ക് മനസ്സിലാക്കിക്കൊടുക്കാൻ അദ്ദേഹം തീരുമാനിച്ചു. അവയെ തുടച്ചുനീക്കുവാനും പ്രയത്നിച്ചു. സ്വാതന്ത്ര്യം, സമത്വം, സാമൂഹ്യനീതി എന്നിവയിലധിഷ്ഠിതമായ കാഴ്ചപ്പാടാണ് ബസവണ്ണ മുന്നോട്ടുവച്ചത്. അദ്ദേഹം സ്ഥാപിച്ച വീരശൈവ പ്രസ്ഥാനത്തിലൂടെയാണ് ഈ ആശയങ്ങൾ ഏകോപിപ്പിച്ചത്.

വീരശൈവപ്രസ്ഥാനത്തിന്റെ പ്രധാന പ്രവർത്തനങ്ങൾ ചുവടെ നൽകിയിരിക്കുന്നവയാണ്.

- ബ്രാഹ്മണമേധാവിത്വത്തേയും വേദങ്ങളുടെ പ്രാമാണികതയേയും ചോദ്യം ചെയ്തു.
- ജാതിവിവേചനത്തിനും, സ്ത്രീവിവേചനത്തിനുമെതിരെ ജനങ്ങളെ ബോധവൽക്കരിച്ചു.
- ഏകദൈവവിശ്വാസം പ്രോത്സാഹിപ്പിച്ചു.
- തൊഴിലിന്റെയും അധ്വാനത്തിന്റെയും മഹത്വം ജനങ്ങളെ ബോധ്യപ്പെടുത്തി.
- ശൈശവവിവാഹത്തെ എതിർക്കുകയും പ്രായപൂർത്തി വിവാഹം, വിധവാപുനർവിവാഹം എന്നിവ പ്രോത്സാഹിപ്പിക്കുകയും ചെയ്തു.



*ചിത്രം 2.3*
*കർണാടകയിലെ ബസവ കല്യാണിൽ സ്ഥാപിച്ചിരിക്കുന്ന ബസവണ്ണയുടെ പ്രതിമ*

## മനുഷ്യസ്നേഹവും സമത്വവും ഉയർത്തിക്കാട്ടിയ ബസവണ്ണയുടെ സന്ദേശങ്ങൾ

- ചിന്തയും പ്രവൃത്തിയും നന്നായാൽ രാഷ്ട്രം ഉയർച്ച നേടും.
- ഏതു ജാതിയിൽ പെട്ടവരായാലും മനുഷ്യർക്കെല്ലാം അവകാശങ്ങൾ തുല്യമാണ്.
- ഈശ്വരാരാധനയ്ക്ക് ഇടനിലക്കാർ ആവശ്യമില്ല.
- പുനർജന്മമില്ല, ഈ ജന്മം ധന്യമാക്കി ജീവിക്കൂ.

വീരശൈവപ്രസ്ഥാനം ജാതിവ്യവസ്ഥയേയും അസമത്വങ്ങളേയും ചോദ്യം ചെയ്തിരുന്നു. ഈ പ്രസ്താവന വിലയിരുത്തുക.

## കബീർ : മാനവമൈത്രിയുടെ പ്രചാരകൻ

ഈ വരികൾ വായിക്കൂ.

> അള്ളാ, രാമൻ, കരിം, കേശവ, ഹരി, ഹസ്രത്ത് എന്നിങ്ങനെ
> ദൈവത്തിനു വിളിപ്പേരുകളുണ്ടനവധി.
> പൊന്നുരുക്കിപ്പണിതതാം വളകൾ, മോതിരങ്ങളും പൊന്ന് താനല്ലയോ?
> വൈജാത്യങ്ങൾ, നാം നിർമ്മിക്കും പദങ്ങളിൽ മാത്രം.

നിങ്ങൾ കണ്ടെത്തിയ ആശയങ്ങൾ പറയൂ.

പതിനഞ്ചാം നൂറ്റാണ്ടിൽ വടക്കേ ഇന്ത്യയിൽ (ഇന്നത്തെ ഉത്തർപ്രദേശ്) ജീവിച്ചിരുന്ന ഭക്തിപ്രസ്ഥാനത്തിന്റെ പ്രചാരകനായിരുന്ന കബീർ എഴുതിയ വരികളാണിവ.

‘ദോഹ’കൾ എന്നറിയപ്പെട്ടിരുന്ന ഇത്തരം കീർത്തനങ്ങളിലൂടെയാണ് കബീർ തന്റെ ആശയങ്ങൾ പ്രചരിപ്പിച്ചത്. സാധാരണക്കാർക്ക് മനസ്സിലാക്കാൻ കഴിയുന്ന ഭാഷയിൽ കീർത്തനങ്ങൾ രചിച്ചിരുന്നതിനാൽ കബീറിന്റെ ദോഹകൾ ജനങ്ങളെ ഏറെ ആകർഷിച്ചിരുന്നു.



ചിത്രം 2.4
കബീർ നെയ്ത്തിലേർപ്പെട്ടിരിക്കുന്നു.
(ജയ്പൂർ മ്യൂസിയത്തിലെ ശേഖരത്തിൽ നിന്നും)

ഹിന്ദു-മുസ്ലിം സാഹോദര്യത്തിനുവേണ്ടി പ്രവർത്തിച്ചിരുന്ന ആളായിരുന്നു കബീർ. ഒരേ മണ്ണുകൊണ്ടുണ്ടാക്കിയ രണ്ടു പാത്രങ്ങളാണ് ഹിന്ദുവും മുസൽമാനും എന്നദ്ദേഹം ഓർമ്മിപ്പിച്ചു. ജാതിവ്യവസ്ഥ, തൊട്ടുകൂടായ്മ, പൂജകൾ, മരണാനന്തര ചടങ്ങുകൾ, വിഗ്രഹാരാധന തുടങ്ങിയവ അർഥശൂന്യമാണെന്ന് അദ്ദേഹം വാദിച്ചു. ജാതി, മതം, വർണം, കുടുംബമഹിമ, സമ്പത്ത് തുടങ്ങിയവ അടിസ്ഥാനമാക്കിയുള്ള എല്ലാത്തരം വിവേചനങ്ങളേയും കബീർ വിമർശിച്ചു. ഭക്തി-സൂഫി ആശയങ്ങൾ കബീറിന്റെ പ്രവർത്തനങ്ങളെ ഏറെ സ്വാധീനിച്ചിരുന്നു. മതപാരമ്പര്യങ്ങളെ അദ്ദേഹം പൂർണ്ണമായി നിരാകരിച്ചിരുന്നു. മതങ്ങളുടെ ബാഹ്യാരാധനാക്രമങ്ങളേയും അദ്ദേഹം അവഗണിച്ചു. അരൂപിയായ ദൈവത്തിൽ വിശ്വസിച്ചിരുന്ന കബീർ, ഭക്തിയെ മോക്ഷമാർഗ്ഗമായി പ്രചരിപ്പിക്കുകയും ചെയ്തിരുന്നു.

തന്റെ ആശയങ്ങൾ പ്രചരിപ്പിക്കുന്നതിനായി അദ്ദേഹം ശിഷ്യരോടൊപ്പം നാടുകൾ തോറും സഞ്ചരിച്ചു. അപ്പോഴുണ്ടായ ചില അനുഭവങ്ങൾ കൂടി വായിക്കൂ.



ചിത്രം 2.5
കബീറും ശിഷ്യന്മാരും ഗ്രാമമുഖ്യനോടൊപ്പം

ഒരിക്കൽ, ദുഃഖിതനായിരിക്കുന്ന ഒരു ഗ്രാമമുഖ്യനോട് കബീർ കാരണമന്വേഷിച്ചു.

അയാൾ പറഞ്ഞു: "കർമഫലം, അല്ലാതെന്തു പറയാൻ? വസൂരി കാരണം ആളുകൾ മരിച്ചുവീഴുന്നു. പരിഹാരമായി മന്ത്രവാദം നടത്തണം”.

കബീർ പൊട്ടിച്ചിരിച്ചുകൊണ്ട് പറഞ്ഞു. “രോഗശാന്തിക്ക് മന്ത്രവാദമോ? മന്ത്രവാദം കൊണ്ട് ഇതൊന്നും നേടാൻ കഴിയില്ല. ചികിത്സ കൊണ്ടേ രോഗം ഭേദമാകൂ”.

മറ്റൊരിക്കൽ കബീറിനും കൂട്ടർക്കും ആളുകൾ ഉപഹാരങ്ങൾ നൽകാൻ തുടങ്ങി. അദ്ദേഹം പറഞ്ഞു: “ഞങ്ങൾ നെയ്ത്തുകാരും, ലോഹപ്പണിക്കാരും, മരം കടയുന്നവരും, കൃഷിക്കാരും, ചെരുപ്പുകുത്തുന്നവരും ഒക്കെയാണ്. തൊഴിൽ ചെയ്താണ് ഞങ്ങൾ ജീവിക്കുന്നത്. ഉപഹാരങ്ങൾ ഞങ്ങൾക്കു വേണ്ട.”

കബീറിന്റെ ദോഹയും, കഥാസന്ദർഭങ്ങളും വായിച്ചല്ലോ. നിങ്ങൾ കണ്ടെത്തിയ കാര്യങ്ങൾ കൂട്ടിച്ചേർക്കൂ.

- ആളുകൾ ദൈവത്തെ പല പേരുകളിൽ വിളിക്കുന്നു.
- കബീർ ജനങ്ങളെ അന്ധവിശ്വാസങ്ങൾക്കെതിരെ ചിന്തിക്കാൻ പ്രേരിപ്പിച്ചു.
- 
- 



ജനങ്ങൾക്കിടയിൽ സമത്വചിന്തയും മതസൗഹാർദ്ദവും വളർത്താൻ കബീറിന്റെ ആശയങ്ങൾ എത്രത്തോളം സഹായിച്ചു? ചർച്ച സംഘടിപ്പിക്കൂ.

## ഗുരു നാനാക്ക് : സ്നേഹവും സാഹോദര്യവും

ഗുരു നാനാക്കും ഭായി മർദാനയും ഒരിക്കൽ സജ്ജൻ തഗ്ഗിന്റെ സത്രത്തിൽ വിശ്രമിക്കാനെത്തി. അവിടെ വരുന്നവരെ കൊള്ളയടിക്കുന്ന സ്വഭാവം അയാൾക്കുണ്ടായിരുന്നു. ഇത് മനസ്സിലാക്കിയ ഗുരു നാനാക്ക് രാത്രി വിശ്രമിക്കാൻ തയ്യാറായില്ല. പകരം അവർ, ഗുരു നാനാക്ക് തന്നെ രചിച്ച പ്രാർഥനാഗാനങ്ങളായ 'ഷബാദ്' ആലപിക്കാൻ തുടങ്ങി. മറ്റുള്ളവരുടെ സമ്പത്ത് കൊള്ളയടിക്കുന്നത് അന്യായമാണ് എന്നർഥം വരുന്ന വരികളായിരുന്നു ചൊല്ലിയത്. പാട്ടിന്റെ വരികൾ കേട്ടപ്പോൾ സജ്ജൻ തഗ്ഗിന് തന്റെ തെറ്റ് മനസ്സിലായി. അയാൾ ഗുരുവിനോട് ക്ഷമ ചോദിച്ചു. മോഷ്ടിച്ച പണമെല്ലാം ദരിദ്രർക്ക് നൽകാനും സത്യസന്ധനായി ജീവിക്കാനും ഗുരു നാനാക്ക് ഉപദേശിച്ചു. പിന്നീട്, സജ്ജൻ സത്രത്തിൽ എത്തുന്നവരെ സഹായിച്ച് ജീവിക്കാൻ തുടങ്ങി.



*ചിത്രം 2.6*
*ഗുരു നാനാക്കും ഭായി മർദാനയും*

ഈ കഥയിലൂടെ എന്തെല്ലാം ആശയങ്ങളാണ് നിങ്ങൾക്ക് ലഭിച്ചത്?

- 
- 
- 


പതിനഞ്ചാം നൂറ്റാണ്ടിൽ പഞ്ചാബിലെ ഷേഖ്പുരയിലെ തൽവണ്ടി (ഇപ്പോൾ പാകിസ്ഥാനിൽ) ഗ്രാമത്തിലാണ് ഗുരു നാനാക്ക് ജനിച്ചത്. വിവിധ മതങ്ങളുടെ ആശയങ്ങളെ സമന്വയിപ്പിക്കാൻ ഗുരു നാനാക്ക് ശ്രമിച്ചു. തന്റെ ചിന്തകൾ പ്രചരിപ്പിക്കുന്നതിന് വേണ്ടി അദ്ദേഹം ഇന്ത്യയ്ക്കകത്തും പുറത്തും സഞ്ചരിച്ചു.


ചിത്രം 2.7
അമൃത്സറിലെ ബാബഅടൽ ഗുരുദ്വാരയിലെ ഗുരു നാനാക്കിന്റെ ചുമർ ചിത്രം

മതങ്ങളുടെ നിരർത്ഥകമായ അനുഷ്ഠാനങ്ങളെ ഗുരു നാനാക്ക് എതിർത്തിരുന്നു. ഏകദൈവം എന്ന സന്ദേശം ജനങ്ങളിലേക്കെത്തിക്കാൻ അദ്ദേഹം ശ്രമിച്ചു. തുല്യത, സാഹോദര്യം, സ്നേഹം, നന്മ, മതസഹിഷ്ണുത എന്നീ ആശയങ്ങളെ പ്രോത്സാഹിപ്പിച്ചു. ജാതിവിവേചനം, വിഗ്രഹാരാധന, തീർഥാടനം തുടങ്ങിയവയെ നിരാകരിച്ചു. സാമ്പത്തിക അസമത്വത്തെ ചോദ്യം ചെയ്തു, ലഹരി വർജനത്തിന് ജനങ്ങളെ പ്രേരിപ്പിച്ചു. എല്ലാ വിഭാഗം ജനങ്ങൾക്കും ഒരുമിച്ച് ഭക്ഷണം കഴിക്കാനാകുന്ന 'ലംഗാർ' അഥവാ പൊതു അടുക്കളയുടെ പ്രാധാന്യം വ്യക്തമാക്കി. അദ്ദേഹത്തിന്റെ ആശയങ്ങൾ പിൽക്കാലത്ത് സിഖ് മതത്തിന്റെ രൂപീകരണത്തിന് വഴിതെളിച്ചു.

മതസഹിഷ്ണുത, സാർവത്രിക സാഹോദര്യം എന്നീ ആശയങ്ങൾ പ്രചരിപ്പിക്കുന്നതിന് ഗുരു നാനാക്ക് സ്വീകരിച്ച മാർഗ്ഗങ്ങൾ എന്തെല്ലാമെന്ന് കുറിപ്പ് തയ്യാറാക്കുക.

കബീറിന്റെയും ഗുരുനാനാക്കിന്റെയും സാമൂഹ്യവും മതപരവുമായ പ്രവർത്തനങ്ങൾ മധ്യകാല ഇന്ത്യയിൽ ഒരു സാംസ്കാരികസമന്വയത്തിന് തുടക്കം കുറിച്ചു.


ഗുരു ഗ്രന്ഥസാഹിബ് കയ്യെഴുത്ത് പ്രതി, 1704 സി.ഇ.

സിഖ്മതത്തിന്റെ വിശുദ്ധ ഗ്രന്ഥമാണ് 'ആദിഗ്രന്ഥ' (ഗുരുഗ്രന്ഥ സാഹിബ്). ഗുരു നാനാക്കിൽ തുടങ്ങുന്ന സിഖ് ഗുരുക്കന്മാരുടെ രചനകളാണ് 'ആദിഗ്രന്ഥ'ത്തിന്റെ ഉള്ളടക്കം. ഏകദൈവവിശ്വാസത്തിന്റെ പ്രാധാന്യം, ജാതി-ലിംഗ-വംശ വിവേചനങ്ങൾക്കെതിരെയുള്ള ചിന്ത എന്നിവ ഇതിൽ ഉൾച്ചേർത്തിട്ടുണ്ട്. ജൈനമതം, ബുദ്ധമതം, ഇസ്ലാം മതം തുടങ്ങിയവയുടെ ആശയങ്ങൾ 'ആദിഗ്രന്ഥ'ത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## ഭക്തിപ്രസ്ഥാനത്തിലെ സ്ത്രീസാന്നിധ്യം

മധ്യകാലഘട്ടത്തിലെ സമൂഹത്തിൽ സ്ത്രീകൾക്ക് പൊതുവെ അംഗീകാരവും പരിഗണനയും കുറവായിരുന്നു. ആരാധനാസ്വാതന്ത്ര്യത്തിലും സാഹചര്യങ്ങൾ വ്യത്യസ്തമായിരുന്നില്ല. ഭക്തിപ്രസ്ഥാനത്തിന്റെ ആവിർഭാവത്തോടു കൂടി ഇഷ്ടദൈവത്തെ ആരാധിക്കുന്നതിനായി കീർത്തനങ്ങളും ഗാനങ്ങളും രചിക്കുന്നതിനും ആലപിക്കുന്നതിനും ധാരാളം സ്ത്രീകൾ തയ്യാറായി.



ചിത്രം 2.8
മീരാബായ് - ഹിമാചൽപ്രദേശിലെ കാൻഗ്രാ പെയിന്റിംഗ്

രാജസ്ഥാനിലെ ചിത്തോറിൽ ജീവിച്ചിരുന്ന രജപുത്ര രാജകുമാരിയായിരുന്നു മീരാബായ്. അവർ ജീവിതസൗകര്യങ്ങൾ എല്ലാം ഉപേക്ഷിച്ച് കൃഷ്ണഭക്തിയിൽ മുഴുകി. മീരാബായ് രചിച്ച കൃഷ്ണഭജനുകൾ ഏറെ പ്രസിദ്ധമാണ്.

തമിഴ്നാട്ടിലെ പ്രശസ്തരായിരുന്ന ഭക്തകവയിത്രിമാരായിരുന്നു കാരയ്ക്കൽ അമ്മയാർ, ആണ്ടാൾ എന്നിവർ. തങ്ങളുടെ ഇഷ്ടദൈവത്തോടുള്ള അകമഴിഞ്ഞ ഭക്തി സൂചിപ്പിക്കുന്ന കീർത്തനങ്ങളാണ് ഇവർ രചിച്ചിരുന്നത്.

വീരശൈവ പ്രസ്ഥാനത്തിലെ പ്രമുഖയായിരുന്നു അക്ക മഹാദേവി. സ്ത്രീകൾ നേരിട്ടിരുന്ന സാമൂഹികവും ആത്മീയവുമായ അടിച്ചമർത്തലുകൾക്കെതിരെ നടന്ന ചർച്ചകൾക്ക് അവർ നേതൃത്വം നൽകിയിരുന്നു.

മഹാരാഷ്ട്രയിലെ ഭഹിനാബായ്, സൊയ്റാബായ്, കാശ്മീരിലെ ലാൽദേദ് തുടങ്ങിയവരും ഭക്തിപ്രസ്ഥാനത്തിന്റെ വളർച്ചയ്ക്ക് സംഭാവന നൽകിയവരാണ്.

ഭക്തിപ്രസ്ഥാനത്തിന്റെ വളർച്ചയിൽ മീരാബായ്, അക്കമഹാദേവി തുടങ്ങിയവരുടെ പങ്ക് എത്രത്തോളം സഹായകമായെന്ന് ചർച്ച ചെയ്യുക.

## ഭക്തിപ്രസ്ഥാനത്തിന്റെ ഫലങ്ങൾ

സംഗീതത്തിലൂടെയും ഭക്തിയിലൂടെയും ഇഷ്ടദൈവത്തിന് സ്വയം സമർപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഭക്തി പ്രസ്ഥാനം രൂപം കൊണ്ടത്. എന്നാൽ പിൽക്കാലത്ത് ഇന്ത്യയുടെ സാമൂഹ്യവും മതപരവുമായ മേഖലകളിൽ പുരോഗമനപരമായ മാറ്റങ്ങളുണ്ടാക്കാൻ ഭക്തിപ്രസ്ഥാനത്തിന് സാധിച്ചു.

ഭക്തിപ്രസ്ഥാനത്തിലെ ഭൂരിപക്ഷം ഭക്തകവികളും 'താഴ്ന്നജാതിക്കാർ' എന്നുപറഞ്ഞ് മാറ്റിനിർത്തപ്പെട്ടവരിൽ നിന്നുള്ളവരായിരുന്നു. ഇവർ ജാതിവ്യവസ്ഥയെയും ബ്രാഹ്മണർക്ക്

ST-277-3-SOCIAL SCI. (M)-7-VOL-1

ലഭിച്ചിരുന്ന പ്രത്യേക സ്ഥാനമാനങ്ങളേയും ചോദ്യം ചെയ്തു. തൽഫലമായി സാമൂഹിക സമത്വം എന്ന ആശയം രൂപപ്പെടാൻ തുടങ്ങി. അനുഭവമണ്ഡപത്തിലെ ചർച്ചകളിൽ സ്ത്രീകൾക്ക് പങ്കെടുക്കാൻ അവസരം ലഭിച്ചിരുന്നു. അവരുടെ അഭിപ്രായങ്ങൾക്ക് അംഗീകാരം ലഭിക്കുകയും സ്ത്രീപുരുഷ സമത്വം എന്ന ആശയത്തെക്കുറിച്ച് ചിന്തിപ്പിക്കുകയും ചെയ്തു. അധ്വാനത്തിന്റെ മഹത്വത്തെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കാൻ കഴിഞ്ഞതും ഭക്തിപ്രസ്ഥാനത്തിന്റെ പ്രത്യേകതയാണ്.

## സൂഫിപ്രസ്ഥാനം

ഡൽഹി സുൽത്താൻ ആയ ജലാലുദ്ദീൻ ഖിൽജി, അമീർ ഖുസ്റുവിനോട് ഷേയ്ഖ് നിസാമുദ്ദീൻ ഔലിയയെ കാണാൻ ആഗ്രഹം പ്രകടിപ്പിച്ചു. പക്ഷേ, സന്ദർശന വിവരം ഔലിയ അറിയാൻ പാടില്ല. അറിഞ്ഞാൽ സമ്മതിക്കില്ലെന്ന് സുൽത്താനറിയാം. എന്നാൽ ഖുസ്റു ഇക്കാര്യം ഔലിയയോട് പറഞ്ഞു. ഭരണാധികാരികളെ കാണാൻ ഇഷ്ടപ്പെടാത്ത ഔലിയ സന്ദർശന ദിവസം ദൂരേയ്ക്ക് യാത്രപോയി. ഖാൻഗാഹിലെത്തിയ രാജാവ് ഷേയ്ഖിനെ കാണാനാകാതെ ഖുസ്റുവിനോട് ദേഷ്യപ്പെട്ടു. "നിങ്ങൾ സുൽത്താനെ ചതിക്കുകയായിരുന്നുവല്ലേ?" ഖുസ്റു മറുപടി പറഞ്ഞു "രാജാവിനെ ചതിച്ചാൽ എന്റെ ഈ ലോകത്തെ ജീവിതം മാത്രമേ അവസാനിക്കൂ. പക്ഷേ എന്റെ ഗുരുവിനെ ചതിച്ചാൽ അനശ്വരമായ മരണാനന്തര ജീവിതം തന്നെയാകും എനിക്ക് നഷ്ടപ്പെടുക."

മരണത്തെ ഭയപ്പെടാത്ത ഖുസ്റു തന്റെ സൂഫി ഗുരുവായ നിസാമുദ്ദീൻ ഔലിയയുടെ അപ്രീതിയെ ഭയപ്പെട്ടിരുന്നു എന്നല്ലേ ഈ സംഭവകഥ നമ്മോട് പറയുന്നത്? മറ്റെന്തൊക്കെ കാര്യങ്ങൾ ഈ കഥയിൽ നിന്ന് നിങ്ങൾക്ക് മനസ്സിലായി?

- 
- 

ഭക്തിയെ ദൈവത്തോടടുക്കുവാനുള്ള മാർഗമായി സ്വീകരിച്ചവരായിരുന്നു സൂഫികൾ. അതിനുള്ള ഒരു വഴി ഭക്തിഗാനാലാപനമാണെന്ന് സൂഫി വര്യൻമാർ കരുതി. സാധാരണക്കാർക്കിടയിൽ സഞ്ചരിച്ച് അവർ സൂഫിതത്വങ്ങൾ പ്രചരിപ്പിച്ചു. ഏകദൈവവിശ്വാസം, സാഹോദര്യം, മനുഷ്യസ്നേഹം, ദൈവത്തോടുള്ള സമർപ്പണം എന്നീ ആശയങ്ങൾക്ക് പ്രാധാന്യം നൽകി.

### സൂഫിസം

സൂഫിസം എന്ന പദം ഉണ്ടായത് കമ്പിളി എന്ന അർത്ഥം വരുന്ന സുഫ് (suf) എന്ന വാക്കിൽ നിന്നോ, ശുദ്ധി എന്ന അർത്ഥം വരുന്ന സഫി (safi) എന്ന വാക്കിൽ നിന്നോ ആണെന്ന് പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു.

Sufis of Sindh: Motilal Jotwani. p.1

മധ്യേഷ്യൻ പ്രദേശങ്ങളിൽ രൂപംകൊണ്ട ഇസ്ലാമിക ഭക്തിപ്രസ്ഥാനമാണ് സൂഫിസം. ഇവിടങ്ങളിലെ ഭരണാധികാരികൾ സമ്പത്ത്, അധികാരം, ആഡംബരജീവിതം തുടങ്ങിയ ലൗകികകാര്യങ്ങളിൽ കൂടുതൽ ശ്രദ്ധിക്കാൻ തുടങ്ങി. ഇത്തരം പ്രവണതകൾക്കെതിരെയാണ് സൂഫി പ്രസ്ഥാനം ഉയർന്നുവന്നത്. പന്ത്രണ്ടാം നൂറ്റാണ്ടോടെ ഇന്ത്യയിലേക്ക് സൂഫിപ്രസ്ഥാനം എത്തിച്ചേർന്നു. സിൽസിലകൾ എന്നറിയപ്പെടുന്ന പന്ത്രണ്ട് സൂഫി വിഭാഗങ്ങളിൽ ചിസ്തി, സുഹ്റവർദി എന്നീ സിൽസിലകളായിരുന്നു ഇന്ത്യയിൽ എത്തിച്ചേർന്നത്.



*ചിത്രം 2.9*
*നിസ്സാമുദ്ദീൻ ഔലിയയുടെ ദർഗയ്ക്കു മുന്നിലെ ഖവ്വാലി*

ആത്മീയജീവിതത്തിന് പ്രാധാന്യം നൽകി ആഡംബര ജീവിതത്തിൽ നിന്ന് ഒഴിഞ്ഞു നിന്നവരാണ് സൂഫി ഗുരുക്കന്മാർ. സൂഫിഗുരുവിനെ പീർ (ഷെയ്ഖ്) എന്നും അനുയായികളെ മുരീദ് എന്നും വിളിച്ചിരുന്നു.

സൂഫികളുടെ താമസസ്ഥലങ്ങളായിരുന്ന ഖാൻഗാഹുകൾ അക്കാലത്തെ സാമൂഹിക കേന്ദ്രങ്ങളായിരുന്നു. സൂഫികേന്ദ്രങ്ങളിൽ സമ എന്ന പ്രത്യേക ഗാനാലാപനശൈലിയിൽ ആലപിച്ചിരുന്ന ഭക്തിഗാനങ്ങളാണ് ഖവ്വാലികൾ (Qawwali). സൽത്തനത്ത്, മുഗൾ കാലഘട്ടങ്ങളിൽ വിവിധ മതവിഭാഗങ്ങൾക്കിടയിൽ ഐക്യമുണ്ടാക്കാൻ സൂഫികൾക്ക് സാധിച്ചിരുന്നു.

ഇന്ത്യയിലെ പ്രധാന സൂഫിവര്യന്മാരും അവരുമായി ബന്ധപ്പെട്ട പ്രദേശങ്ങളുമാണ് ചുവടെ ചേർത്തിരിക്കുന്നത്.

| സൂഫിവര്യന്മാർ | പ്രദേശങ്ങൾ |
|---|---|
| ഷേയ്ഖ് ശിഹാബുദ്ദീൻ സുഹ്റവർദി | സിൽഹറ്റ് |
| ഷേയ്ഖ് നിസാമുദ്ദീൻ ഔലിയ | ഡൽഹി |
| ഖ്വാജാ മൊയ്നുദ്ദീൻ ചിസ്തി | അജ്മീർ |

സൂഫിപ്രസ്ഥാനവുമായി ബന്ധപ്പെട്ട് ഒരു ഫ്ലിപ്പ്ബുക്ക് നിർമ്മിക്കുന്നതിനാവശ്യമായ വിവരങ്ങൾ ഫ്ലിപ് പേജ് മാതൃകയിൽ തയ്യാറാക്കൂ.

ഭക്തിയെ ദൈവത്തോട് അടുക്കുവാനുള്ള മാർഗമായി സ്വീകരിച്ച വരായിരുന്നു സൂഫികൾ.

ദൈവത്തോട് അടുക്കുവാനുള്ള ഒരു മാർഗം ഭക്തിഗാനാ ലാപനമാണെന്ന് സൂഫി വര്യൻമാർ കരുതി

## പ്രാദേശിക ഭാഷകളുടെ വളർച്ച

സാധാരണക്കാർക്ക് മനസ്സിലാകുന്നതിനുവേണ്ടി ഭക്തി-സൂഫി പ്രചാരകർ പ്രാദേശിക ഭാഷകളിലാണ് ആശയപ്രചാരണം നടത്തിയത്. ഇത് പ്രാദേശിക ഭാഷകളുടെ വളർച്ചയ്ക്ക് കാരണമായി. തമിഴ്, പഞ്ചാബി, ബംഗാളി, മറാത്തി, തെലുങ്ക്, കന്നഡ, മലയാളം തുടങ്ങിയ ഭാഷകളിൽ ധാരാളം ഭക്തികാവ്യങ്ങൾ രചിക്കപ്പെട്ടു. കൂടാതെ, പ്രാദേശികഭാഷകളിൽ ധാരാളം സാഹിത്യകൃതികളുമുണ്ടായി. പേർഷ്യനും ഹിന്ദിയും ചേർന്നുണ്ടായ ഉറുദു ഇന്ത്യയുടെ സാംസ്കാരികസമന്വയത്തിന് ഉദാഹരണമാണ്. ഇക്കാലത്തെ ഉറുദു ഭാഷയിലെ ഏറ്റവും ശ്രദ്ധേയനായ എഴുത്തുകാരനായിരുന്നു അമീർ ഖുസ്റു. കബീറിന്റെ ദോഹകൾ ഹിന്ദി ഭാഷയെ സമ്പന്നമാക്കി. 'മഹാഭാരതം', 'രാമായണം' എന്നിവയും മറ്റു കൃതികളും വിവിധ ഭാഷകളിലേയ്ക്ക് വിവർത്തനം ചെയ്യപ്പെട്ടു. ഇത് ഭാഷയ്ക്കും സാഹിത്യത്തിനും ഉണർവേകി.

### പ്രാദേശിക ഭാഷകളിലുണ്ടായ പ്രധാന സാഹിത്യ കൃതികളും രചയിതാക്കളും

| പ്രാദേശികഭാഷ | കൃതി | രചയിതാവ് |
|---|---|---|
| തമിഴ് | നാലായിര ദിവ്യപ്രബന്ധം<br>തിരുമുറൈകൾ | ആഴ്‌വാർമാർ<br>നായനാർമാർ |
| കന്നട | വചനങ്ങൾ | ബസവണ്ണ, അക്ക മഹാദേവി, അല്ലമപ്രഭു |
| തെലുങ്ക് | മഹാഭാരത വിവർത്തനം | നന്നയ്യ, തിക്കണ്ണ, യരപ്രഗഡ |
| ബംഗാളി | ഗീതഗോവിന്ദം | ജയദേവൻ |
| ഹിന്ദി | പത്മാവത് | മാലിക് മുഹമ്മദ് ജയ്സി |
| മലയാളം | ജ്ഞാനപ്പാന<br>അധ്യാത്മരാമായണം കിളിപ്പാട്ട്<br>മുഹ്‌യുദ്ദീൻ മാല | പൂന്താനം<br>തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛൻ<br>ഖാസിമുഹമ്മദ് |

**പ്രാദേശികഭാഷകളുടെ വളർച്ചയ്ക്ക് ഭക്തിപ്രസ്ഥാനം സഹായകമായതെങ്ങനെ? കുറിപ്പ് തയ്യാറാക്കുക.**

## ഭക്തി-സൂഫി ആശയങ്ങളുടെ സ്വാധീനം

ഭക്തി സൂഫി പ്രസ്ഥാനങ്ങളുടെ പ്രവർത്തനഫലമായി സമൂഹത്തിൽ എന്തെല്ലാം മാറ്റങ്ങൾ ഉണ്ടായിക്കാണും ? തന്നിരിക്കുന്ന ചിത്രീകരണം ശ്രദ്ധിക്കൂ.





കൂടുതൽ ആശയങ്ങൾ കൂട്ടിച്ചേർക്കൂ.

മധ്യകാലഘട്ടത്തിൽ ഇന്ത്യൻ സമൂഹത്തിൽ പൊതുവേ കടുത്ത ഉച്ചനീചത്വങ്ങളും സാമൂഹികാസമത്വങ്ങളും നിലനിന്നിരുന്നു. അക്കാലത്തെ രാഷ്ട്രീയ, സാമൂഹികാവസ്ഥകളെക്കുറിച്ച് മുൻ അധ്യായത്തിൽ ചർച്ചചെയ്തല്ലോ. ഈ സാഹചര്യത്തിൽ മനുഷ്യരെ ഒരുമിപ്പിച്ച് സംഘർഷങ്ങൾ കുറച്ച് സമാധാനാന്തരീക്ഷം സൃഷ്ടിക്കുന്നതിൽ ഭക്തി-സൂഫിപ്രസ്ഥാനങ്ങൾ വലിയ പങ്ക് വഹിച്ചിട്ടുണ്ട്. വ്യത്യസ്ത മതങ്ങളിലെ ആശയങ്ങൾ സാധാരണക്കാരിലേക്കെത്തിക്കാൻ ഈ പ്രസ്ഥാനങ്ങൾക്ക് കഴിഞ്ഞു. വിവിധ ജാതി, മതവിഭാഗങ്ങളിൽ ഉൾപ്പെട്ടിരുന്ന ജനങ്ങൾക്ക് സഹവർത്തിത്വത്തോടെ കഴിയാൻ ഭക്തി-സൂഫി ആശയങ്ങളുടെ സ്വാധീനം സഹായകമായി. ആധുനിക ഇന്ത്യൻ സമൂഹത്തിന്റെ മുഖമുദ്രകളായ സാമുദായിക സൗഹാർദ്ദം, നാനാത്വത്തിൽ ഏകത്വം, സാഹോദര്യം, തുല്യത, ബഹുസ്വരത തുടങ്ങിയവ ഭക്തി-സൂഫി ആശയങ്ങളുടെ പ്രേരണയിൽ നിന്ന് രൂപം കൊണ്ടവയാണ്.

## തുടർപ്രവർത്തനങ്ങൾ

- ആധുനിക ഇന്ത്യയിലെ വൈവിധ്യങ്ങളെ ഐക്യപ്പെടുത്തുന്ന സമന്വയസംസ്കാരം ഉടലെടുക്കുന്നതിന് ഭക്തി-സൂഫി പ്രസ്ഥാനങ്ങൾ എങ്ങനെ സഹായിച്ചു എന്ന് ഒരു ചർച്ച സംഘടിപ്പിക്കുക.
- 'ബസവണ്ണയുടെ ആശയങ്ങളും സന്ദേശങ്ങളും' - സ്കിറ്റ് തയാറാക്കി അവതരിപ്പിച്ച് സ്ക്രിപ്റ്റ് സ്കൂൾ വിക്കിയിൽ ചേർക്കുക.

- താഴെ നൽകിയിട്ടുള്ള ഭൂപടത്തിന്റെ സഹായത്തോടുകൂടി ഭക്തി - സൂഫി പ്രചാരകരുടെ ചിത്രങ്ങളും ആശയങ്ങളും ഉൾപ്പെടുത്തി ഒരു പതിപ്പ്/ ഡിജിറ്റൽ ആൽബം തയ്യാറാക്കൂ.




*ചിത്രം - 2.10*
*മധ്യകാല ഇന്ത്യയിൽ ജീവിച്ചിരുന്ന പ്രധാന ഭക്തി-സൂഫി പ്രചാരകർ*



# 3
# ഭരണഘടന : വഴിയും വഴികാട്ടിയും



*ചിത്രം 3.1*

"എല്ലാ പ്രതിസന്ധികളിൽ നിന്നും രക്ഷാകർതൃത്വത്തിൽ നിന്നും ഇന്ത്യയെ മോചിപ്പിക്കുന്ന ഒരു ഭരണഘടനയ്ക്കായി ഞാൻ പരിശ്രമിക്കും. ഏറ്റവും ദരിദ്രരായ മനുഷ്യർക്ക് രാജ്യത്തെ രൂപപ്പെടുത്തുന്നതിൽ കാര്യക്ഷമമായ ശബ്ദമുണ്ടാകുകയും രാജ്യം അവരുടേതാണെന്നു അവർക്കു തോന്നുകയും ചെയ്യണം. ഉച്ചനീചത്വങ്ങളില്ലാതെ, എല്ലാ സമുദായക്കാരും തികഞ്ഞ സൗഹാർദത്തോടെ ജീവിക്കുന്ന ഇന്ത്യയ്ക്കായാണ് എന്റെ പരിശ്രമം. തൊട്ടുകൂടായ്മയുടെയും ലഹരിവസ്തുക്കളുടെയും ശാപമില്ലാത്ത ഇന്ത്യ. പുരുഷന്മാരുടെ അവകാശങ്ങൾ അതേപോലെ സ്ത്രീകൾക്കും അനുഭവിക്കാനാകുന്ന ഇന്ത്യ."

**-മഹാത്മാഗാന്ധി**
('യംഗ് ഇന്ത്യ' – 1931)

മുകളിലെ ഉദ്ധരണി വായിച്ചുവല്ലോ ?

സ്വാതന്ത്ര്യത്തിനു ശേഷമാണോ നമ്മൾ ഭരണഘടനയെക്കുറിച്ച് ചിന്തിച്ചു തുടങ്ങിയത് ?

ഭാവി ഇന്ത്യയുടെ ഭരണഘടനയിൽ എന്തെല്ലാം ആശയങ്ങൾ ഉണ്ടാകണമെന്നാണ് മഹാത്മജി ആഗ്രഹിച്ചത് ?

- പരമാധികാരം
- തുല്യത
- സാഹോദര്യം
- ലിംഗനീതി
-
-

## ഭരണഘടന : സ്വാതന്ത്ര്യസമര സേനാനികളുടെ സ്വപ്നം

ബ്രിട്ടീഷ് ആധിപത്യത്തിനെതിരെ ഉയർന്നുവന്ന ആദ്യത്തെ ബഹുജന സമരമായിരുന്നു 1857 ലെ ഒന്നാം സ്വാതന്ത്ര്യസമരം. സൈനികർ, ഗോത്രവർഗ്ഗക്കാർ, രാജാക്കന്മാർ, പ്രഭുക്കന്മാർ, കർഷകർ തുടങ്ങി നിരവധി വിഭാഗങ്ങളാണ് സമരത്തിൽ പങ്കാളികളായത്. ജനങ്ങൾക്കിടയിൽ മതസൗഹാർദ്ദത്തിലൂന്നിയുള്ള ദേശീയബോധം വളർത്തുന്നതിന് ഈ സമരം സഹായകമായി. ദേശീയബോധം ശക്തിപ്പെട്ടതോടെ വൈദേശിക ആധിപത്യത്തിനെതിരെ ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ ധാരാളം പ്രാദേശിക സംഘടനകൾ രൂപപ്പെട്ടു. ഇന്ത്യൻ അസോസിയേഷൻ, മദ്രാസ് നേറ്റീവ് അസോസിയേഷൻ, പൂനെ സാർവജനിക് സഭ എന്നിവ ചില ഉദാഹരണങ്ങളാണ്. പ്രാദേശിക സ്വഭാവമുള്ള ഇത്തരം സംഘടനകളിൽ നിന്ന് വിഭിന്നമായി ദേശീയതലത്തിൽ ഒരു സംഘടന ഉയർന്നുവന്നത് 1885 ൽ രൂപീകൃതമായ ഇന്ത്യൻ നാഷണൽ കോൺഗ്രസിലൂടെയാണ്. അതോടെ ദേശീയതലത്തിൽ ബ്രിട്ടീഷ് വിരുദ്ധ പ്രക്ഷോഭങ്ങൾക്ക് ഒരു സംഘടിതമാനം കൈവന്നു. ഇന്ത്യയിലെ വിവിധ ജനവിഭാഗങ്ങളുടെ പ്രശ്നങ്ങൾ അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തുക, ജാതിമത പ്രാദേശിക ചിന്തകൾക്കതീതമായി ജനങ്ങൾക്കിടയിൽ ദേശീയബോധം വളർത്തുക തുടങ്ങിയവയായിരുന്നു ഈ പ്രസ്ഥാനത്തിന്റെ പ്രധാന ലക്ഷ്യങ്ങൾ.

വിദേശഭരണം അവസാനിപ്പിക്കുക എന്നതു മാത്രമല്ല മെച്ചപ്പെട്ട സാമൂഹിക രാഷ്ട്രീയ ജീവിതം ഓരോ ഇന്ത്യക്കാരനും ഉറപ്പാക്കുക എന്നതും സ്വാതന്ത്ര്യസമരപ്രസ്ഥാനത്തിന്റെ പ്രധാന ലക്ഷ്യങ്ങളിൽ ഒന്നായിരുന്നു. സമരത്തിന്റെ ഓരോ ഘട്ടത്തിലും മിത-തീവ്രദേശീയവാദം ഉൾപ്പെടെ നേതൃത്വത്തിന് വ്യത്യസ്ത കാഴ്ചപ്പാടുകൾ ഉണ്ടായിരുന്നെങ്കിലും ചില അടിസ്ഥാന ആശയങ്ങളും മൂല്യങ്ങളും ഉയർത്തിപ്പിടിച്ചുകൊണ്ടായിരുന്നു ദേശീയ പ്രസ്ഥാനം മുന്നോട്ടുപോയിരുന്നത്.

ഗാന്ധിജിയുടെ വരവോടുകൂടിയാണ് സ്വാതന്ത്ര്യസമര പ്രസ്ഥാനത്തിന് ബഹുജന സ്വഭാവം കൈവന്നത്. ഗാന്ധിജിയുടെ സ്വാധീനം സാമൂഹികനീതിയിൽ അധിഷ്ഠിതമായ ജനാധിപത്യം എന്ന ആവശ്യം ശക്തമാക്കി. ദേശീയപ്രസ്ഥാനം മുന്നോട്ടുവച്ച സ്വാതന്ത്ര്യം, സാമൂഹിക നീതിയിൽ അധിഷ്ഠിതമായ സമത്വം, സാഹോദര്യം, മതസൗഹാർദം എന്നീ ആശയങ്ങളും മൂല്യങ്ങളുമാണ് നമ്മുടെ ഭരണഘടനയുടെ അടിത്തറയാകേണ്ടതെന്ന് നേതാക്കൾ

ആഗ്രഹിച്ചു. ഈ കാഴ്ചപ്പാടുകളാണ് നമ്മുടെ ഭരണഘടനാനിർമ്മാണത്തെ സ്വാധീനിച്ചത്. താഴെയുള്ള ചിത്രം നിരീക്ഷിച്ച് നിങ്ങളുടെ നിഗമനങ്ങൾ രേഖപ്പെടുത്തൂ.




*ചിത്രം 3.2*

- വ്യക്തിസ്വാതന്ത്ര്യത്തിന് പ്രാധാന്യം നൽകണം.
- പൗരാവകാശങ്ങൾ ഉറപ്പാക്കണം.
- എല്ലാ മതങ്ങൾക്കും തുല്യപ്രാധാന്യം നൽകണം.
- സാമൂഹ്യനീതി ഉറപ്പുവരുത്തണം.
- ജനാധിപത്യഭരണം ശക്തിപ്പെടുത്തണം.
- 
- 

ഇന്ത്യൻ സ്വാതന്ത്ര്യസമരമാണ് നമ്മുടെ ഭരണഘടനയുടെ അടിത്തറയായി മാറിയത്. വിലയിരുത്തുക.

## ഭരണഘടനയുടെ മുൻഗാമി





*ചിത്രം 3.3*

നിങ്ങൾക്കുമില്ലേ ഇത്തരമൊരു സംശയം ?

ബ്രിട്ടീഷുകാർ 1935 ൽ പാസാക്കിയ ഗവൺമെന്റ് ഓഫ് ഇന്ത്യ ആക്ട് എന്ന നിയമസംഹിതയാണ് റിപ്പബ്ലിക് ആയി മാറുംവരെ നമ്മുടെ രാജ്യം പിന്തുടർന്നത്. നമ്മുടെ ഭരണഘടനയുടെ പല ആശയങ്ങളും വ്യവസ്ഥകളും ഈ നിയമത്തിൽ നിന്നാണ് എടുത്തിരിക്കുന്നത്. 1950 ജനുവരി 26 നാണ് നമ്മുടെ ഭരണഘടന നിലവിൽ വന്നത്.


താഴെയുള്ള ചിത്രം നിരീക്ഷിച്ച് ഗവൺമെന്റ് ഓഫ് ഇന്ത്യ ആക്ടിന്റെ (1935) സവിശേഷതകൾ കണ്ടെത്തൂ.




## ഭരണഘടന : നിർമ്മാണത്തിലേക്ക്

1946 ൽ അധികാര കൈമാറ്റം ചർച്ച ചെയ്യുന്നതിനായി ഇന്ത്യ സന്ദർശിച്ച ക്യാബിനറ്റ് മിഷന്റെ പ്രധാന നിർദ്ദേശങ്ങളിൽ ഒന്നായിരുന്നു സ്വതന്ത്ര ഇന്ത്യക്കായുള്ള ഒരു നിയമസംഹിത. ഈ ലക്ഷ്യം മുൻനിർത്തിയാണ് ഭരണഘടനാനിർമ്മാണസഭ രൂപീകൃതമായത്.

## ഭരണഘടനാനിർമ്മാണസഭ : സവിശേഷതകൾ






*ചിത്രം 3.4*

**ഡോ. ബി.ആർ. അംബേദ്കർ**

### കുറ്റമറ്റ ഭരണഘടനയ്ക്കായി...

ലോകത്തിലെ ഏറ്റവും മികച്ച ഒന്നാകണം നമ്മുടെ ഭരണഘടനയെന്ന ആഗ്രഹം അത് എഴുതിത്തയ്യാറാക്കാൻ നിയോഗിക്കപ്പെട്ട ഭരണഘടനാനിർമ്മാണസഭയ്ക്ക് ഉണ്ടായിരുന്നു. നമ്മുടെ ഭരണഘടനയുടെ മുഖ്യശില്പിയായ ഡോ. ബി.ആർ. അംബേദ്കർ അറുപതോളം രാജ്യങ്ങളിലെ ഭരണഘടനകൾ വിശദപഠനത്തിന് വിധേയമാക്കുകയുണ്ടായി. മറ്റ് രാജ്യങ്ങളിൽ രൂപപ്പെട്ട ഭരണഘടനകളുടെ നല്ല വശങ്ങൾ നമ്മുടെ ഭരണഘടനയിലേയ്ക്ക് സ്വീകരിക്കുകയായിരുന്നു അദ്ദേഹത്തിന്റെ ഉദ്ദേശ്യം. ഇന്ത്യയ്ക്കുള്ള വൈവിധ്യം, ചരിത്രപാരമ്പര്യം, സംസ്കാരം തുടങ്ങിയ കാര്യങ്ങൾ കൂടി പരിഗണിച്ചാണ് വിദേശ ഭരണഘടനകളിലെ ആശയങ്ങൾ നാം സ്വീകരിച്ചിരിക്കുന്നത്.

## സവിശേഷതകൾ ഒട്ടേറെ...

ലോകത്തെ ഏറ്റവും വലിയ എഴുതപ്പെട്ട ഭരണഘടനയാണ് ഇന്ത്യയുടേത്. 1950 ജനുവരി 26 ന് നിലവിൽ വന്ന നമ്മുടെ ഭരണഘടനയിൽ 22 ഭാഗങ്ങളും 395 അനുച്ഛേദങ്ങളും 8 പട്ടികകളും ഉണ്ടായിരുന്നു.

എന്തൊക്കെയാണ് നമ്മുടെ ഭരണഘടനയുടെ സവിശേഷതകൾ ?

**പാർലമെന്ററി ജനാധിപത്യ ഭരണം**

രാജ്യത്തെ ഭരണാധികാരികളെ നിയമനിർമ്മാണസഭകൾ നിയന്ത്രിക്കുന്നു.

**ജനങ്ങളുടെ പരമാധികാരം**

രാഷ്ട്രത്തിന്റെ എല്ലാ അധികാരങ്ങളും ഉദ്ഭവിക്കുന്നത് ജനങ്ങളിൽ നിന്നാണ്.

**മൗലികാവകാശങ്ങൾ**

ഓരോ വ്യക്തിക്കും രാഷ്ട്രം ഉറപ്പുവരുത്തേണ്ട ചില അടിസ്ഥാന അവകാശങ്ങൾ.

**മൗലിക കടമകൾ**

ഓരോ വ്യക്തിയും രാഷ്ട്രത്തോടും സമൂഹത്തോടും പാലിക്കേണ്ട ഉത്തരവാദിത്വങ്ങൾ.

**മാർഗനിർദേശക തത്വങ്ങൾ**

സാമൂഹിക സാമ്പത്തിക അവകാശങ്ങൾ ഉറപ്പുവരുത്തുന്നതിനായി രാഷ്ട്രത്തിന് നൽകിയിരിക്കുന്ന നിർദേശങ്ങൾ.

**നിയമവാഴ്ച**

എല്ലാ പൗരരും നിയമത്തിന് വിധേയരാണ്. ആരും നിയമത്തിന് അതീതരല്ല.

**സാർവത്രിക പ്രായപൂർത്തി വോട്ടവകാശം**

നിശ്ചിതപ്രായം പൂർത്തിയായ എല്ലാവർക്കും വോട്ട് ചെയ്യാനുള്ള അവകാശം.

**സ്വതന്ത്രവും നിഷ്പക്ഷവുമായ നീതിന്യായ വ്യവസ്ഥ**

നിയമനിർമ്മാണ, കാര്യനിർവഹണ വിഭാഗങ്ങളിൽ നിന്നും സ്വതന്ത്രമാക്കപ്പെട്ട കോടതി സംവിധാനം.

**ഫെഡറലിസം**

അധികാരം കേന്ദ്രത്തിനും സംസ്ഥാനങ്ങൾക്കുമായി വിഭജിക്കപ്പെടുന്ന സംവിധാനം.

**ഏകപൗരത്വം**

രാജ്യത്ത് ഒരൊറ്റ പൗരത്വമേയുള്ളൂ; സംസ്ഥാനങ്ങൾക്കായി പ്രത്യേക പൗരത്വമില്ല.

ഭരണഘടനാസവിശേഷതകൾ മുൻനിർത്തി ക്ലാസിൽ ഒരു ചർച്ച സംഘടിപ്പിക്കൂ.

താഴെ പറയുന്ന പ്രസ്താവനകൾ പരിശോധിക്കുക. അവയിൽ ശരിയായവയ്ക്ക് നേരെ 🙂 എന്നും അല്ലാത്തവയ്ക്ക് നേരെ 🙁 എന്നും വരച്ച് ചേർക്കൂ.

| | |
|---|---|
| സർക്കാരുകളുടെ കീഴിലാണ് നമ്മുടെ കോടതികൾ പ്രവർത്തിക്കുന്നത്. | |
| സംസ്ഥാന സർക്കാരുകൾക്ക് മാത്രമായി ചില അധികാരങ്ങളുണ്ട്. | |
| 18 വയസ്സ് തികഞ്ഞ എല്ലാവർക്കും വോട്ടവകാശമുണ്ട്. | |
| ആരും നിയമത്തിന് അതീതരല്ല. | |
| ഇന്ത്യയിലുള്ള ഒരാൾക്ക് ദേശീയപൗരത്വത്തിനു പുറമേ സംസ്ഥാനപൗരത്വം കൂടിയുണ്ടാകും. | |
| ജനാധിപത്യത്തിൽ ജനങ്ങളാണ് പരമാധികാരികൾ. | |
| അവകാശങ്ങൾ ഉള്ളതുപോലെ നമുക്ക് കടമകളും ഉണ്ട്. | |
| നമ്മുടെ ഭരണാധികാരികൾക്കുമേൽ ആർക്കും നിയന്ത്രണമില്ല. | |

## നിയമങ്ങളുടെ ഉറവിടം

നമ്മുടെ ഭരണഘടന രാഷ്ട്രത്തിന്റെ അടിസ്ഥാന നിയമസംഹിതയാണ്. ഭരണഘടനാ വ്യവസ്ഥകൾക്ക് അനുസൃതമായി മാത്രമേ കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് ഏതൊരു നിയമവും നിർമ്മിക്കാൻ കഴിയൂ. സർക്കാരുകൾക്ക് നിയമങ്ങൾ നിർമ്മിക്കാനും നടപ്പിലാക്കാനും കഴിയുന്ന അതിരുകൾ ഭരണഘടന നിർവചിച്ചുനൽകുന്നു എന്നർത്ഥം. നിയമത്തിന്റെ വ്യവസ്ഥ എന്ന നിലയിലും സ്രോതസ് എന്ന നിലയിലും പരമോന്നതസ്ഥാനമാണ് ഭരണഘടനയ്ക്ക് ഉള്ളത്.

ദേശീയ സുരക്ഷാ നിയമം

വനം-വന്യജീവി സംരക്ഷണ നിയമം

ബാലവേല നിരോധന നിയമം

ദുരന്തനിവാരണ നിയമം

ഭക്ഷ്യസുരക്ഷാ നിയമം

ഭൂപരിഷ്കരണ നിയമം

വിവരാവകാശ നിയമം

ബാലനീതി നിയമം

തൊഴിൽ നിയമം

അഴിമതി നിരോധന നിയമം

വിദ്യാഭ്യാസ അവകാശ നിയമം

പരിസ്ഥിതി സംരക്ഷണ നിയമം

മുകളിൽ പരാമർശിച്ചിട്ടുള്ള എല്ലാ നിയമങ്ങളും ഭരണഘടനാനുസൃതമായി നിർമ്മിക്കപ്പെട്ടവയാണ്.

കൊളാഷിൽ പ്രതിപാദിച്ചിരിക്കുന്ന നിയമങ്ങളിൽ കുട്ടികളുടെ അവകാശങ്ങളുമായി ബന്ധപ്പെട്ടവ ഏതൊക്കെയാണെന്ന് പട്ടികപ്പെടുത്തുക.

- ബാലവേല നിരോധന നിയമം
- 
- 

കുട്ടികളുടെ അവകാശങ്ങൾക്ക് നമ്മുടെ രാജ്യം വലിയ പ്രാധാന്യം നൽകുന്നത് എന്തുകൊണ്ടായിരിക്കാം ? ചർച്ച ചെയ്യൂ.




*ചിത്രം 3.5*
*അവലംബം : കേരളസംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ*

കുട്ടികൾക്ക് നേരെ നടക്കുന്ന ലൈംഗിക അതിക്രമങ്ങൾ തടയുവാനും കുറ്റവാളികൾക്ക് തക്ക ശിക്ഷ ഉറപ്പാക്കുവാനും 1989 ലെ കുട്ടികളുടെ അവകാശ ഉടമ്പടി ലക്ഷ്യം വയ്ക്കുന്നു. ഇന്ത്യൻ ഭരണഘടന ഉറപ്പുനൽകുന്ന അവകാശങ്ങൾ ലിംഗ ഭേദമില്ലാതെ നടപ്പാക്കുന്നതിനും ബാലസൗഹൃദ നടപടികൾ ഉൾക്കൊള്ളിച്ചുകൊണ്ടും നിലവിൽ വന്ന നിയമമാണ് പോക്സോ ആക്റ്റ് 2012 (Protection of Children from Sexual Offences Act 2012). 18 വയസ്സിനു താഴെയുള്ള ഏതൊരാളേയും കുട്ടിയായി നിയമം പരിഗണിക്കുന്നു.

ഈ നിയമത്തെക്കുറിച്ച് നിങ്ങൾ കേട്ടിട്ടുണ്ടോ ?

ഭയരഹിതമായും സുരക്ഷിതമായും സമൂഹത്തിൽ ജീവിക്കുവാൻ ഓരോ കുട്ടിക്കും അവകാശമുണ്ട്. അസ്വസ്ഥത ഉളവാക്കുന്നതും സുരക്ഷിതമല്ലാത്തതുമായ സ്പർശനം, നോട്ടം, പ്രവൃത്തി മുതലായവ ഏത് വ്യക്തിയിൽ നിന്നുണ്ടായാലും അവ തിരിച്ചറിയുവാൻ കഴിയണം. ഇത്തരം പ്രവൃത്തികളോട് 'അരുത്' എന്ന് പറയാനും അകറ്റിനിർത്താനും അധികാരികളോട് പരാതിപ്പെടാനും ശ്രദ്ധ പുലർത്തണം. ലൈംഗികാതിക്രമ കേസുകൾ ഉണ്ടായാൽ അവ റിപ്പോർട്ട് ചെയ്യേണ്ടത് (വകുപ്പ് 19 പ്രകാരം) സ്പെഷ്യൽ ജുവനൈൽ പോലീസ് യൂണിറ്റോ ലോക്കൽ പോലീസോ ആണെന്ന് നിയമത്തിൽ വിവരിക്കുന്നു. പോക്സോ കേസുകൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥർ ചൈൽഡ് വെൽഫെയർ പോലീസ് ഓഫീസർ (CWPO) എന്നറിയപ്പെടുന്നു.

കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ പോക്സോ നിയമത്തിന്റെ 44-ാം വകുപ്പ് പ്രകാരം നിരീക്ഷണ സംവിധാനം (POCSO Monitoring Cell) ഒരുക്കിയിട്ടുണ്ട്.

പോക്സോ കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്ന ഏതൊരു വ്യക്തിക്കും കഠിന ശിക്ഷ ഈ നിയമം വ്യവസ്ഥ ചെയ്യുന്നു.

കുറ്റകൃത്യങ്ങൾ ഉണ്ടാകാനിടയുള്ള സാഹചര്യം തിരിച്ചറിഞ്ഞ് പ്രതിരോധിക്കാനും അതിൽ നിന്ന് രക്ഷപ്പെടാനുമുള്ള പ്രവർത്തനങ്ങളെക്കുറിച്ച് ക്ലാസിൽ ഒരു ചർച്ച നടത്തി ബോധവൽക്കരണത്തിന് വേണ്ട ലഘുലേഖ തയ്യാറാക്കൂ.

## ഭരണഘടനയുടെ ധർമ്മങ്ങൾ

നിയമത്തിന്റെ വ്യവസ്ഥ, സ്രോതസ്സ് എന്നതിനുപുറമെ മറ്റെല്ലാം ധർമ്മങ്ങൾ ഭരണഘടന നിർവഹിക്കുന്നുണ്ട് എന്നു പരിശോധിക്കാം.




ചിത്രം 3.6

## പ്ലക്കാർഡിൽ എഴുതാം

ഭരണഘടനാധർമ്മങ്ങൾ പ്രതിഫലിപ്പിക്കുന്ന സന്ദേശങ്ങൾ ഉൾപ്പെടുത്തി റിപ്പബ്ലിക്ദിന റാലിയ്ക്കുള്ള പ്ലക്കാർഡുകൾ തയ്യാറാക്കുക.




*ചിത്രങ്ങൾ 3.7*

ST-277-4-SOCIAL SCI. (M)-7-VOL-1

## മാറ്റിയും തിരുത്തിയും മുന്നോട്ട്

ചിത്രം പരിശോധിച്ച് താഴെ ചേർത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തിയെഴുതൂ.




*ചിത്രം 3.8*

- 1976-ൽ ഏതെല്ലാം ആശയങ്ങൾ ഭരണഘടനയിൽ പുതിയതായി കൂട്ടിച്ചേർത്തു?
- ഇന്ത്യയുടെ ഭരണഘടന നിലവിൽവന്ന വർഷം ഏത്?
- ഭരണഘടനയിൽ ആദ്യമായി വരുത്തിയ മാറ്റം എന്ത്? ഏത് വർഷം?
- രാജ്യത്ത് സ്വത്തവകാശം എത്രകാലം മൗലികാവകാശമായി നിലനിന്നു?
- വിദ്യാഭ്യാസം ഇന്ത്യയിൽ മൗലികാവകാശം ആണോ? എന്നുമുതൽ?
- ഇതുവരെ എത്ര തവണ ഇന്ത്യൻ ഭരണഘടന ഭേദഗതി ചെയ്തിട്ടുണ്ട്?

കാലാനുസൃതമായി മാറ്റങ്ങൾ വരുത്താവുന്ന ഒന്നാണ് നമ്മുടെ ഭരണഘടന. മാറുന്ന സാമൂഹികാവശ്യങ്ങൾ പരിഗണിച്ച് ഭരണഘടനയിൽ മാറ്റങ്ങൾ വരുത്തുന്ന പ്രക്രിയയാണ് ഭരണഘടനാഭേദഗതി. എങ്ങനെയെല്ലാം ഭേദഗതികൾ വരുത്താം എന്ന് ഭരണഘടന തന്നെ വിശദീകരിക്കുന്നുണ്ട്. 368-ാം വകുപ്പ് പ്രകാരം ഭരണഘടന ഭേദഗതി ചെയ്യാനുള്ള അധികാരം പാർലമെന്റിനാണ്. എന്നാൽ, ഭരണഘടനയുടെ അടിസ്ഥാനഘടന ഭേദഗതി ചെയ്യാൻ പാടുള്ളതല്ല.



ചിത്രം 3.9

### അടിത്തറ ഇളക്കരുത് !

1973 ൽ കാസറഗോഡ് എടനീർ മഠത്തിന്റെ അധിപതിയായിരുന്ന കേശവാനന്ദഭാരതി കേരള സർക്കാരിനെതിരെ നൽകിയ കേസിലായിരുന്നു ഭരണഘടനയുടെ അടിസ്ഥാന ഘടനയിൽ യാതൊരു മാറ്റവും വരുത്താൻ പാടില്ലെന്നു സുപ്രീം കോടതി വിധിച്ചത്.

### വിദ്യാഭ്യാസം: മൗലികാവകാശം

വിദ്യാഭ്യാസം മൗലികാവകാശമാക്കപ്പെട്ടത് 2002 ൽ 86-ാം ഭരണഘടനാഭേദഗതി പ്രകാരമാണ്. ഈ വ്യവസ്ഥകൾ ഭരണഘടനയിൽ 21 (എ) വകുപ്പായി ചേർത്തിട്ടുണ്ട്. ഈ ഭേദഗതി അനുസരിച്ച് 2009 ആഗസ്റ്റ് 4 ന് നിലവിൽ വന്ന നിയമമാണ് 'വിദ്യാഭ്യാസ അവകാശ നിയമം 2009'. 6 മുതൽ 14 വയസ്സുവരെ പ്രായമുള്ള എല്ലാ കുട്ടികൾക്കും സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതാണ് പ്രസ്തുത നിയമം.

### ചെറു ഭരണഘടന

1976 ലെ 42-ാം ഭേദഗതി വഴിയാണ് മതേതരത്വം, സോഷ്യലിസം, അഖണ്ഡത എന്നീ വാക്കുകൾ ഭരണഘടനയുടെ ആമുഖത്തിൽ എഴുതിച്ചേർത്തത്. ഭരണഘടനയിൽ വേറെയും ചില മാറ്റങ്ങൾ ഈ ഭേദഗതിയിലൂടെ വരുത്തിയിരുന്നു. സുപ്രധാനമായ നിരവധി മാറ്റങ്ങൾ വരുത്തിയതിനാൽ, ഈ ഭേദഗതിയെ ചെറു ഭരണഘടന (Mini Constitution) എന്നു വിളിക്കുന്നു.

പ്രധാനപ്പെട്ട ചില ഭരണഘടനാ ഭേദഗതികൾ ഉൾപ്പെടുത്തി ഒരു ടൈം ലൈൻ തയാറാക്കുക.

## നിയമങ്ങൾ നടപ്പാക്കുമ്പോൾ

**രാജ്യത്ത് ഇനിയും യാഥാർഥ്യമാകാതെ ഭൂപരിഷ്കരണം**

**സ്ത്രീധന നിരോധന നിയമം കടലാസിൽ തന്നെ**

**മദ്യവിപത്ത് : നിയമം കൊണ്ടുമാത്രം തടയാനാവില്ല**

**ബാലാവകാശ നിയമങ്ങൾ കർശനമാക്കണമെന്ന് ആവശ്യം**

മുകളിൽ നൽകിയ വാർത്താതലക്കെട്ടുകൾ വായിച്ചല്ലോ? എന്തൊക്കെ കാര്യങ്ങളാണ് നിങ്ങൾക്ക് മനസ്സിലാക്കാൻ കഴിഞ്ഞത് ?

നിയമങ്ങൾ നടപ്പാക്കുമ്പോൾ നേരിടുന്ന വിവിധതരം വെല്ലുവിളികളാണ് ഇവിടെ സൂചിപ്പിക്കുന്നത്.

എന്തൊക്കെയാകാം അതിന്റെ കാരണങ്ങൾ ?

- ജനങ്ങളുടെ വ്യത്യസ്തമായ താൽപര്യങ്ങൾ
- ജനഹിതം പൂർണ്ണമായും ഉൾക്കൊള്ളാത്ത നിയമനിർമ്മാണങ്ങൾ
- നിയമങ്ങളെക്കുറിച്ചുള്ള അറിവില്ലായ്മ
- 

വ്യത്യസ്ത താൽപര്യങ്ങളുള്ള സമൂഹമാണ് നമ്മുടേത്. എങ്കിലും പൊതുനിയമങ്ങൾ അനുസരിക്കാൻ എല്ലാവരും ഭരണഘടനാപരമായി ബാധ്യസ്ഥരാണ്. പുതിയ നിയമങ്ങൾ രൂപീകരിക്കപ്പെടുമ്പോൾ, അവയ്ക്കെതിരെയുള്ള അഭിപ്രായങ്ങളും സമരങ്ങളും ഉയർന്നുവരാൻ സാധ്യതയുണ്ട്. അത് ജനാധിപത്യ സമൂഹത്തിൽ സ്വാഭാവികവുമാണ്. ഇങ്ങനെ ഉയരുന്ന എതിർപ്പുകളെ, ഭരണഘടനാപരമായും ജനാധിപത്യപരമായുമാണ് സമീപിക്കേണ്ടത്.

വൈവിധ്യങ്ങളും വൈജാത്യങ്ങളും ഏറെയുള്ള നമ്മുടെ സമൂഹത്തിൽ, ഭരണഘടന മുന്നോട്ടുവയ്ക്കുന്ന മൂല്യങ്ങൾ പൗരസമൂഹം ഉൾക്കൊള്ളുന്നതിലൂടെ മാത്രമേ, ഇന്ത്യയെ പരമാധികാര സ്ഥിതിസമത്വ മതനിരപേക്ഷ ജനാധിപത്യ റിപ്പബ്ലിക്ക് ആയി ഉയർത്താൻ കഴിയൂ.

## തുടർപ്രവർത്തനങ്ങൾ

- നിയമങ്ങളുമായി ബന്ധപ്പെട്ട വാർത്താതലക്കെട്ടുകളും ചിത്രങ്ങളും ശേഖരിച്ച് ഒരു കൊളാഷ് തയാറാക്കൂ.
- 'ഭരണഘടനയുടെ സവിശേഷതകൾ' എന്ന വിഷയത്തിൽ ക്ലാസിൽ ഒരു സെമിനാർ സംഘടിപ്പിക്കൂ.
- ഇന്ത്യൻ ഭരണഘടനയിലെ ആശയങ്ങളുടെ അടിസ്ഥാനത്തിൽ നിങ്ങളുടെ ക്ലാസിനായി ഒരു ഭരണഘടന തയ്യാറാക്കൂ.
- 'കുട്ടികളുടെ സുരക്ഷയും പോക്സോ നിയമവും' എന്ന വിഷയത്തിൽ നിയമവിദഗ്ധരുടെ സഹായത്തോടെ ഒരു ബോധവൽക്കരണ പരിപാടി സംഘടിപ്പിക്കൂ.



4

# അനീതിയിൽ നിന്ന് നീതിയിലേക്ക്



ചിത്രം 4.1

"ഞാൻ രാമേശ്വരം എലിമെന്ററി സ്കൂളിൽ അഞ്ചാം ക്ലാസിൽ പഠിക്കുമ്പോൾ ഒരു ദിവസം പുതിയ ഒരു അധ്യാപകൻ ക്ലാസിൽ വന്നു. ഒരു മുസ്ലീം ആണെന്ന് തിരിച്ചറിയുംവിധം തൊപ്പി ധരിച്ചിരുന്ന ഞാൻ മുൻനിരയിൽ പൂണൂലിട്ട രാമനാഥ ശാസ്ത്രിയുടെ തൊട്ടടുത്താണ് പതിവായി ഇരുന്നിരുന്നത്. ഹൈന്ദവ പുരോഹിതന്റെ പുത്രൻ മുസ്ലീം ബാലനോടൊപ്പം ഇരിക്കുന്നത് ഉൾക്കൊള്ളാൻ ആ അധ്യാപകന് കഴിഞ്ഞില്ല. താൻ മനസ്സിലാക്കിയിരുന്ന സാമൂഹിക ക്രമം അനുസരിച്ച് എന്നോട് എഴുന്നേറ്റ് പോയി പിൻനിരയിലിരിക്കാൻ അദ്ദേഹം ആവശ്യപ്പെട്ടു. എനിക്ക് വലിയ ദുഃഖം തോന്നി; രാമനാഥ ശാസ്ത്രിയും സങ്കടപ്പെട്ടു. പിൻനിരയിലെ ഇരിപ്പിടത്തിലേക്ക് ഞാൻ മാറിയപ്പോൾ വിതുമ്പിക്കരയുന്ന അദ്ദേഹത്തിന്റെ മുഖം എന്റെ മനസ്സിൽ മായാത്ത മുദ്രയായി. സ്കൂൾ വിട്ട് വീട്ടിൽ ചെന്നപ്പോൾ ഞങ്ങളിരുവരും മാതാപിതാക്കളോട് ഈ സംഭവത്തെക്കുറിച്ച് പറയുകയുണ്ടായി. ലക്ഷ്മണ ശാസ്ത്രി ആ അധ്യാപകനെ വിളിപ്പിച്ചു. എന്നിട്ട് ഞങ്ങളുടെ സാന്നിധ്യത്തിൽ തന്നെ നിഷ്കളങ്കരായ കുട്ടികളുടെ മനസ്സിൽ സാമൂഹിക അസമത്വത്തിന്റെയും അസഹിഷ്ണുതയുടെയും വിഷം പരത്തരുതെന്ന് പറയുകയുണ്ടായി... തന്റെ തെറ്റായ പ്രവൃത്തിയിൽ ആ അധ്യാപകൻ ഖേദിച്ചെന്നു മാത്രമല്ല ലക്ഷ്മണശാസ്ത്രി നൽകിയ ശക്തമായ സന്ദേശത്തിന്റെ ചൈതന്യം വഴി ആത്യന്തികമായി പരിവർത്തനപ്പെടുകയുമുണ്ടായി."

'അഗ്നിച്ചിറകുകൾ', ഡോ. എ.പി.ജെ. അബ്ദുൾകലാം

ഇന്ത്യൻ രാഷ്ട്രപതി ആയിരുന്ന ഡോ. എ.പി.ജെ. അബ്ദുൾ കലാമിന്റെ കുട്ടിക്കാലത്തെ ഒരു അനുഭവം പരിചയപ്പെട്ടല്ലോ?

സമൂഹത്തിലെ ചില വിഭാഗങ്ങൾക്ക് അർഹിക്കുന്ന പരിഗണന നൽകാതെ മാറ്റിനിർത്തുന്ന സാഹചര്യം നിലനിന്നിരുന്നു എന്നാണ് എ.പി.ജെ. അബ്ദുൾകലാമിന്റെ ഈ അനുഭവം സൂചിപ്പിക്കുന്നത്. സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്ന് വ്യക്തികളെ ഒഴിവാക്കൽ, അവസരങ്ങൾ നിഷേധിക്കൽ, സാമൂഹികമായി വിവേചിക്കൽ തുടങ്ങിയ പ്രവണതകളെയാണ് അനീതി എന്ന് വിശേഷിപ്പിക്കുന്നത്. മുൻവിധിയോടെ ചില സാമൂഹിക വിഭാഗങ്ങളെ അവരുടെ ജാതിയുടേയോ മതത്തിന്റെയോ വർഗത്തിന്റെയോ പേരിൽ ഒഴിവാക്കിയിരുന്നു. കഴിവുകൾ ഉണ്ടായിട്ടും തൊഴിലും വിദ്യാഭ്യാസവും അവസരങ്ങളും നിഷേധിക്കുക, അവസരങ്ങളുണ്ടായിട്ടും നൽകാതിരിക്കുക, വ്യക്തി എന്ന നിലയിലുള്ള പരിഗണനകൾ കൊടുക്കാതിരിക്കുക തുടങ്ങിയ പ്രവൃത്തികളിലൂടെയും ചില സാമൂഹിക വിഭാഗങ്ങളെ അരികുകളിലേക്കാക്കിയിരുന്നു. സാമൂഹികനീതി നേടിയെടുക്കുന്നതിനായി നേതൃത്വം നൽകിയ പ്രധാന വ്യക്തികളെക്കുറിച്ചും സംഭവങ്ങളെക്കുറിച്ചുമാണ് ഈ പാഠഭാഗത്ത് ചർച്ചചെയ്യപ്പെടുന്നത്.

അരിക്, വശം, പാർശ്വം എന്നൊക്കെയുള്ള പദങ്ങൾ നിങ്ങൾക്ക് പരിചയമുള്ളതല്ലേ ? എന്തെല്ലാം അർഥത്തിലാണ് ഈ വാക്കുകൾ സാധാരണയായി ഉപയോഗിക്കുന്നത് ?

- 
- 
- 
- 

തുല്യപരിഗണന ലഭിക്കേണ്ട ഇടങ്ങളിൽ നിന്ന് ചില വിഭാഗങ്ങളെ മാറ്റിനിർത്തുന്ന പ്രക്രിയയെയാണ് അരികുവൽക്കരണം/പാർശ്വവൽക്കരണം (Marginalisation) എന്ന് പറയുന്നത്.

സമൂഹത്തിൽ അരികുവൽക്കരണം നടക്കുന്നത് പല കാരണങ്ങൾ കൊണ്ടാണ്.





*ചിത്രങ്ങൾ 4.2*

ചിത്രങ്ങൾ നിരീക്ഷിച്ചല്ലോ? ഈ ചിത്രങ്ങളിൽ കാണുന്ന അവസ്ഥകൾ ഏതെല്ലാമാണ്?

- പ്രകൃതിക്ഷോഭം
- 
- 
- 

പ്രകൃതിദുരന്തങ്ങൾ, മനുഷ്യ നിർമ്മിത ദുരന്തങ്ങൾ (Natural and Man made Disasters) എന്നിവയാൽ സ്വന്തമായുണ്ടായിരുന്ന വസ്തുവകകൾ നഷ്ടപ്പെടുന്നതിലൂടെ അരികുവൽക്കരണം ഉണ്ടാകുന്നു. വെള്ളപ്പൊക്കം, ഭൂമികുലുക്കം, ഉരുൾപൊട്ടൽ, കടൽക്ഷോഭം മുതലായ പ്രകൃതിദുരന്തങ്ങൾ വഴിയും യുദ്ധം, അപകടങ്ങൾ, വ്യവസായശാലകളിലെ ദുരന്തങ്ങൾ മുതലായ മനുഷ്യനിർമ്മിത ദുരന്തങ്ങൾ വഴിയും അരികുവൽക്കരണം സംഭവിക്കുന്നു.

ജാതി-മത-ഗോത്ര-ലിംഗപദവികളിലെ വ്യത്യാസത്തിന്റെ അടിസ്ഥാനത്തിൽ ചിലരെ മനഃപൂർവം ഒഴിവാക്കുന്നത് വഴി (Exclusion) അരികുവൽക്കരണം സംഭവിക്കുന്നു. വിദ്യാഭ്യാസത്തിനുള്ള അവസരം നിഷേധിക്കുന്നത് ഇതിനുദാഹരണമാണ്.

**അരികുവൽക്കരണത്തിന്റെ മറ്റ് കാരണങ്ങൾ കണ്ടെത്തി വിവിധതരം അരികുവൽക്കരണത്തെക്കുറിച്ച് ഒരു ചർച്ച സംഘടിപ്പിക്കുക.**

ചർച്ചാസൂചകങ്ങൾ

- ഒഴിവാക്കൽ
- കുടിയൊഴിപ്പിക്കൽ
- പ്രകൃതി ദുരന്തങ്ങൾ
- മനുഷ്യനിർമ്മിത ദുരന്തങ്ങൾ

## ആരൊക്കെയാണ് സമൂഹത്തിൽ അരികുവൽക്കരണം നേരിടുന്നത്?

സമൂഹത്തിൽ അരികുവൽക്കരിക്കപ്പെടുകയും വിവേചനം നേരിടുകയും ചെയ്യുന്ന നിരവധി വിഭാഗങ്ങൾ ഉണ്ട്. സ്ത്രീകൾ, ട്രാൻസ്ജെൻഡറുകൾ, ദളിതർ, ഗോത്രവിഭാഗക്കാർ, ന്യൂനപക്ഷങ്ങൾ, ദാരിദ്ര്യം നേരിടുന്നവർ, അഭയാർഥികൾ, ഭിന്നശേഷിക്കാർ, ജയിൽമോചിതർ തുടങ്ങിയവർ ഇതിന് ഉദാഹരണമാണ്.

ഇതിൽ ഓരോ വിഭാഗത്തിനും അരികുവൽക്കരണത്തിനെതിരെയുള്ള പോരാട്ടത്തിന്റെ വലിയ ചരിത്രമുണ്ട്.

## ഊരൂട്ടമ്പലത്തെ സർക്കാർ യുപി വിദ്യാലയം ഇനി അയ്യങ്കാളി - പഞ്ചമി സ്മാരക വിദ്യാലയം



*ചിത്രം 4.3*

മഹാത്മാ അയ്യൻകാളി

തിരുവനന്തപുരം : ഊരൂട്ടമ്പലം സർക്കാർ യു.പി. സ്കൂൾ ഇനിമുതൽ അയ്യങ്കാളി-പഞ്ചമി സ്മാരക ഗവ: യു.പി. സ്കൂൾ എന്നറിയപ്പെടും. കുടിപ്പള്ളിക്കൂടമായിരുന്ന ഊരൂട്ടമ്പലം ഗവ. യു.പി. എസിലായിരുന്നു ചരിത്രം മാറ്റി മറിച്ച സമരത്തിന് അയ്യങ്കാളി തുടക്കം കുറിച്ചത്. പഞ്ചമിയെന്ന ദളിത് ബാലികയെ സ്കൂളിൽ പഠിക്കാൻ അനുവദിക്കാത്തതിൽ പ്രതിഷേധിച്ച് പഞ്ചമിയുടെ കൈപിടിച്ച് അയ്യങ്കാളി സ്കൂളിലേക്ക് വരുകയും സ്കൂളിൽ കയറ്റിയിരുത്തുകയും ചെയ്തു. പഞ്ചമി കയറിയതിന്റെ ഭാഗമായി ജന്മിമാർ സ്കൂളിന് തീവച്ചു. പകുതി കത്തിയ ബഞ്ചുൾപ്പെടെയുള്ള അവശേഷിപ്പുകൾ ഇന്നും സ്കൂൾ മ്യൂസിയത്തിൽ കാണാം.




മുകളിലത്തെ വാർത്ത ശ്രദ്ധിച്ചല്ലോ ?

താഴ്ന്നജാതി എന്ന് കരുതപ്പെട്ടവർക്ക് ചരിത്രപരമായി വിദ്യാഭ്യാസ അവസരങ്ങൾ ഉയർന്നജാതി എന്ന് കരുതപ്പെട്ടവർ നിഷേധിച്ചിരുന്നു. വിദ്യാഭ്യാസം നിഷേധിക്കപ്പെട്ടവർക്ക് തുല്യാവസരങ്ങൾ ലഭ്യമാക്കുവാൻ മഹാത്മാ അയ്യങ്കാളി പരിശ്രമിച്ചു. വിദ്യാഭ്യാസത്തെ സാമൂഹിക പരിവർത്തനത്തിനുള്ള ഒരുപാധിയെന്ന് തിരിച്ചറിഞ്ഞതാണ് അയ്യങ്കാളിയുടെ പ്രവർത്തന മഹത്വം.

ജാതിയുടെ അടിസ്ഥാനത്തിലുള്ള അരികുവൽക്കരണത്തിനെതിരെ മഹാത്മാ അയ്യങ്കാളി നടത്തിയ സമരം പരിചയപ്പെട്ടല്ലോ?

ദളിത് വിഭാഗങ്ങൾക്ക് വാഹനത്തിൽ സഞ്ചരിക്കാനും പൊതുവഴിയിൽ നടക്കാനും നല്ല വസ്ത്രങ്ങൾ ധരിക്കാനും വിദ്യാഭ്യാസം നേടാനും അവകാശമില്ലാതിരുന്ന കാലമായിരുന്നു മുമ്പ് നിലനിന്നിരുന്നത്. അടിസ്ഥാന സൗകര്യങ്ങൾ, അന്തസ്സ്, തുല്യത, സ്വാതന്ത്ര്യം എന്നിവയെല്ലാം നിഷേധിക്കപ്പെട്ട അവസ്ഥ ഇവർക്ക് ഉണ്ടായിരുന്നു. ജാതിയുടെ അടിസ്ഥാനത്തിലുള്ള ഇത്തരം വിവേചനങ്ങൾ ഗുരുതരമായ മനുഷ്യാവകാശലംഘനമാണ്. അതിനെ പ്രതിരോധിക്കാൻ

വിദ്യാഭ്യാസമാണ് വേണ്ടത് എന്നതായിരുന്നു അരികുവൽക്കരിക്കപ്പെട്ട ജനതയുടെ ഉന്നമനത്തിന് വേണ്ടി പ്രവർത്തിച്ച പല മഹത്‌വ്യക്തികളുടെയും നിലപാട്. 'വിദ്യകൊണ്ട് പ്രബുദ്ധരാവുക' എന്ന സന്ദേശം നൽകിയ ശ്രീനാരായണഗുരുവും മറ്റു നവോത്ഥാന നേതാക്കളും ആധുനികവിദ്യാഭ്യാസത്തിന് പ്രചാരം നൽകി അരികുവൽക്കരണത്തെ എതിർത്തവരാണ്. കുര്യാക്കോസ് ഏലിയാസ് ചാവറ, അയ്യാ വൈകുണ്ഠസ്വാമികൾ, ചട്ടമ്പിസ്വാമികൾ, വക്കം അബ്ദുൾ ഖാദർ മൗലവി, പൊയ്കയിൽ യോഹന്നാൻ, പണ്ഡിറ്റ് കെ.പി. കറുപ്പൻ, ദാക്ഷായണി വേലായുധൻ തുടങ്ങിയവരുടെ പ്രവർത്തനങ്ങൾ അതിന് ഉദാഹരണമാണ്.


ശ്രീനാരായണഗുരു


കുര്യാക്കോസ് ഏലിയാസ് ചാവറ


അയ്യാ വൈകുണ്ഠസ്വാമികൾ


ചട്ടമ്പിസ്വാമികൾ


വക്കം അബ്ദുൾ ഖാദർ മൗലവി


പൊയ്കയിൽ യോഹന്നാൻ


പണ്ഡിറ്റ് കെ.പി. കറുപ്പൻ


ദാക്ഷായണി വേലായുധൻ

*ചിത്രങ്ങൾ 4.4*

### ജ്യോതിറാവു ഫൂലെ (1827-1890)

ജാതിമത ചൂഷണത്തിന് വിധേയമായ സമൂഹത്തെ വിശേഷിപ്പിക്കുന്ന പദമാണ് ദളിത്. സാമൂഹിക മാറ്റത്തിന് തുടക്കം കുറിച്ച ജ്യോതിറാവു ഫൂലെയാണ് ഈ പദം ആദ്യമായി ഉപയോഗിച്ചത്. സ്ത്രീകൾ, ദളിതർ എന്നിവർക്കായി വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഫൂലെ സ്ഥാപിച്ചു.


*ചിത്രം 4.5*

### സാവിത്രിബായ് ഫൂലെ (1831 - 1897)

പെൺകുട്ടികൾക്കായി ഇന്ത്യയിൽ ആദ്യമായി സ്ഥാപിച്ച പൂനെയിലെ വിദ്യാലയത്തിലെ പ്രധാനാധ്യാപികയായിരുന്നു. കൃഷിക്കാർക്കും തൊഴിലാളികൾക്കുമായി നിശാപാഠശാല സ്ഥാപിച്ചു. വിദ്യാഭ്യാസ മേഖലയിലെ ഇവരുടെ സമഗ്രസംഭാവനകൾ പരിഗണിച്ച് പൂനെ യൂണിവേഴ്സിറ്റിയെ സാവിത്രിബായ് ഫൂലെ പൂനെ യൂണിവേഴ്സിറ്റി എന്ന് പുനർനാമകരണം ചെയ്തു.


*ചിത്രം 4.6*



*ചിത്രം 4.7*

**പെരിയാർ ഇ. വി. രാമസ്വാമി നായ്ക്കർ** (1879-1973)

സ്വാഭിമാന പ്രസ്ഥാനത്തിന്റെ സ്ഥാപകനും ഇന്ത്യയിലെ പ്രധാന ജാതിവിരുദ്ധ സമരനായകരിൽ ഒരാളുമാണ്. സാമൂഹിക പരിഷ്കർത്താവായ ഇദ്ദേഹം ബ്രാഹ്മണാധിപത്യത്തിലൂന്നിയുള്ള സാമൂഹ്യവിവേചനത്തിനെതിരെ നിലകൊണ്ടു. സ്ത്രീവിദ്യാഭ്യാസത്തിന്റെ പ്രാധാന്യത്തെകുറിച്ച് ബോധ്യപ്പെടുത്തി പ്രവർത്തിച്ച വ്യക്തി കൂടിയായിരുന്നു പെരിയാർ.

ദളിതരെപ്പോലെതന്നെ സാമൂഹികമായ അരികുവൽക്കരണം നേരിടേണ്ടിവന്ന മറ്റൊരു വിഭാഗമാണ് ഗോത്രജനത.

പ്രത്യേക ഭൂമിശാസ്ത്രമേഖലകളിൽ പ്രാചീനകാലം മുതൽ ഒത്തൊരുമിച്ചുതാമസിക്കുന്ന ഗോത്രജനത, സ്വന്തമായി അറിവുകൾ നിർമ്മിക്കുകയും അവ പ്രയോഗിച്ച് ജീവിക്കുകയും ചെയ്യുന്നു. അവർ തനത് ജീവിതരീതിയും കലയും സാംസ്കാരികമൂല്യങ്ങളും പിന്തുടരുന്നവരാണ്. ഗോത്രജനതയുടെ സാംസ്കാരിക സംഭാവനകൾക്ക് മുൻകാലങ്ങളേക്കാൾ പൊതുസമൂഹത്തിൽ സ്വീകാര്യത കൈവന്നിട്ടുണ്ട്. വസിക്കുന്ന ഇടങ്ങളിലെ വിഭവങ്ങളിൽ പൂർണാധികാരം ഉണ്ടായിരുന്ന ഗോത്രജനതയ്ക്ക് ആ അധികാരം ക്രമേണ നഷ്ടമായി. അതുമൂലമാണ് ഈ സാമൂഹികവിഭാഗം അരികുവൽക്കരിക്കപ്പെട്ടത്.



*ചിത്രം 4.8*

**വെറിയർ എൽവിൻ** (1902-1964)

ഇന്ത്യൻ നരവംശശാസ്ത്രത്തിൽ ഏറ്റവും പ്രധാനപ്പെട്ട സംഭാവനകൾ നൽകിയ വ്യക്തികളിൽ ഒരാൾ. ഗോത്രമനുഷ്യരുടെ തനത് ജീവിതത്തിന്റെ സംരക്ഷണത്തിന് വേണ്ടി പ്രവർത്തിച്ചു. ഗോത്രവർഗമനുഷ്യരോടുള്ള ഇന്ത്യയുടെ നയം രൂപീകരിക്കുന്നതിൽ കാര്യമായി സ്വാധീനം ചെലുത്തിയ വ്യക്തി.

സമൂഹത്തിലെ മുഖ്യവിഭാഗക്കാർ ഉത്പാദിപ്പിക്കുന്ന അറിവ്, കല, സംസ്കാരം എന്നിവ മാത്രമാണ് മൂല്യമേറിയത് എന്ന ധാരണ പല കാലങ്ങളിലായി നിലനിന്നിരുന്നു. എന്നാൽ കല, ഭാഷ, സാഹിത്യം, വൈദ്യം, കൃഷി തുടങ്ങിയ മേഖലകളിൽ പ്രകൃതിയെ അടുത്തറിഞ്ഞുനേടിയ മികച്ച വിജ്ഞാനവും നാട്ടറിവും സ്വന്തമായി ഉള്ളവരാണ് ഗോത്രജനത. തനതായ സംഗീത പാരമ്പര്യമുള്ള നിരവധി ഗോത്രവിഭാഗക്കാരുണ്ട്.



*ചിത്രം 4.9*

**ഡോ. എ. അയ്യപ്പൻ** (1905 - 1988)

തൃശൂർ ജില്ലയിലെ പവറട്ടിയിൽ 1905 ഫെബ്രുവരി 5 നാണ് അയ്യപ്പന്റെ ജനനം. ഇന്ത്യൻ സംസ്കാരങ്ങളെക്കുറിച്ച് പഠിച്ച പ്രമുഖ നരവംശ ശാസ്ത്രജ്ഞനാണ്. ലണ്ടൻ സ്കൂൾ ഓഫ് ഇക്കണോമിക്സിൽ നിന്ന് മലിനോവ്സ്കിയുടെയും റെയ്മണ്ട് ഫിർത്തിന്റെയും കീഴിൽ ഗവേഷണ പഠനം പൂർത്തിയാക്കി. കേരളത്തിലെ ഈഴവ-ഗോത്ര സമുദായങ്ങളെക്കുറിച്ചുള്ള പഠനത്തിന് സമഗ്രസംഭാവനകൾ നൽകി.

## നഞ്ചിയമ്മ

പാലക്കാട് ജില്ലയിലെ അട്ടപ്പാടിയിലെ ഇരുള വിഭാഗത്തിൽ നിന്നുള്ള നഞ്ചിയമ്മയ്ക്കായിരുന്നു 2020ൽ രാജ്യത്തെ മികച്ച ഗായികയ്ക്കുള്ള ദേശീയ ചലച്ചിത്രപുരസ്കാരം ലഭിച്ചത്. ഗോത്രവിഭാഗത്തിൽ നിന്ന് ഈ പുരസ്കാരം നേടുന്ന ആദ്യത്തെയാളാണ് നഞ്ചിയമ്മ. "കളക്കാത്ത സന്ദനമേറെ വെഗു വോക പൂത്തിറിക്കൊ.." എന്നു തുടങ്ങുന്ന ഗാനമായിരുന്നു നഞ്ചിയമ്മ ആലപിച്ചത്.



*ചിത്രം 4.10*

*ഇന്ത്യൻ രാഷ്ട്രപതി ദ്രൗപദി മുർമുവിൽ നിന്ന് ദേശീയ ചലച്ചിത്ര പുരസ്കാരം നഞ്ചിയമ്മ ഏറ്റുവാങ്ങുന്നു.*

വൈവിധ്യമാർന്ന വാദ്യോപകരണങ്ങൾ നിർമ്മിച്ച് ഉപയോഗിക്കുന്നതിനുള്ള ശേഷിയും അവർക്കുണ്ട്. ഗോത്രജീവിതവുമായി ബന്ധപ്പെട്ട ചില ചിത്രങ്ങൾ ശ്രദ്ധിക്കൂ.



*പെറെ*



*തുടി*



*നാട്ടി പണി*



*ദവിൽ*

*ചിത്രങ്ങൾ 4.11*

സ്വന്തം ഭൂമിയിന്മേലുള്ള ഇവരുടെ അവകാശം, വിദ്യാഭ്യാസാവസരങ്ങൾ, പോഷകാഹാരലഭ്യത, ആരോഗ്യസംരക്ഷണം എന്നിവ ഉറപ്പാക്കുന്നതിന് ഉതകുന്ന ക്ഷേമപദ്ധതികളും അനന്തരനടപടികളും കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ നേതൃത്വത്തിൽ നടന്നുവരുന്നു.

**ഗോത്രജനതയുടെ കലാസാംസ്കാരിക ജീവിതത്തെക്കുറിച്ച് കുറിപ്പ് തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കുക**

ലിംഗപദവിയുമായി ബന്ധപ്പെട്ട് അരികുവൽക്കരണം സംഭവിച്ച ഒരു സാമൂഹിക വിഭാഗമാണ് സ്ത്രീകൾ.

താഴെ കൊടുത്തിരിക്കുന്ന അനുഭവക്കുറിപ്പ് വായിക്കൂ...

"അക്കാലത്ത് നാടകത്തിൽ അഭിനയിക്കാൻ സ്ത്രീകളെ കിട്ടുമായിരുന്നില്ല. സ്ത്രീകൾ അഭിനയരംഗത്തേക്ക് വരുന്നത് മോശമാണെന്നായിരുന്നു സമൂഹം വിശ്വസിച്ചിരുന്നത്. ഞാൻ നാടകത്തിൽ അഭിനയിക്കാൻ തന്നെ തീരുമാനിച്ചു... വടക്കേ മലബാറിൽ പലഭാഗത്തും ഞങ്ങൾ നാടകം കളിക്കാൻ പോയിട്ടുണ്ട്... മുക്കത്ത് നാടകം കളിക്കുമ്പോഴാണ് എനിക്ക് കല്ലേറ് കിട്ടുന്നത്. നാടകത്തിന്റെ ഡയലോഗ് പറഞ്ഞുതീരുന്നതിനുമുമ്പേ ഒരു കല്ലുവന്ന് എന്റെ മുഖത്തു പതിച്ചു. ഞാൻ പതറിയില്ല. എന്റെ വായിലൂടെ രക്തം ഒഴുകുന്നുണ്ടായിരുന്നു. പക്ഷേ, ഒറ്റ ഡയലോഗ് പോലും തെറ്റുകയോ മറക്കുകയോ ചെയ്യാതെ നാടകം പൂർത്തിയാക്കി. മഞ്ചേരിയിൽ മേലാക്കത്ത് നാടകം കളിക്കുമ്പോൾ വേദിയിൽ വച്ചു തന്നെ എന്നെ വധിക്കുവാനുള്ള ശ്രമം നടന്നു. ഒരുപക്ഷേ, ഒരു അഭിനേതാവിനും ഇത്തരം അനുഭവം ഉണ്ടാകാനിടയില്ല. നാടകം ഏതാണ്ട് പകുതിയെത്തിയപ്പോൾ എന്റെ തല ലക്ഷ്യമാക്കി ഒരു വെടിയുണ്ട ചീറിപ്പാഞ്ഞുവന്നു. ഭാഗ്യമെന്ന് പറയട്ടെ ഞാൻ ഡയലോഗ് പറഞ്ഞു തല തിരിച്ചതിനാൽ അത് എന്റെ തലയിൽ കയറിയില്ല. ഇത്തരത്തിൽ ഒരുപാട് സംഭവങ്ങൾ എനിക്ക് നേരിടേണ്ടി വന്നിട്ടുണ്ട്... ഇത്തരം പ്രതിസന്ധികളൊന്നും ഞങ്ങളെ തളർത്തിയില്ല... അങ്ങനെയൊന്നും ആയിഷയെ തോൽപ്പിക്കാൻ കഴിയില്ല".



*ചിത്രം 4.12*

**-നിലമ്പൂർ ആയിഷ**

'ജീവിതത്തിനും അരങ്ങിനും ഇടയിൽ' (പേജ് 39-42)

കേരളത്തിലെ അറിയപ്പെടുന്ന നാടക-സിനിമാ പ്രവർത്തകയായ നിലമ്പൂർ ആയിഷയുടെ അനുഭവക്കുറിപ്പിൽ നിന്നുള്ള ഭാഗമാണിത്.

അവർക്ക് എന്തെല്ലാം വെല്ലുവിളികളാണ് സമൂഹത്തിൽ നിന്നും നേരിടേണ്ടി വന്നത്? കാരണമെന്ത്?

സ്ത്രീകൾ കലാപ്രവർത്തനത്തിൽ ഏർപ്പെടുന്നത് വിലക്കപ്പെട്ട ഒരു കാലം നമ്മുടെ സമൂഹത്തിലുണ്ടായിരുന്നു. കലയിൽ മാത്രമല്ല, സമൂഹത്തിന്റെ പല മേഖലകളിലും സ്ത്രീയായതു കൊണ്ടുമാത്രം അരികുവൽക്കരിക്കപ്പെടുകയും തുല്യാവസരം നിഷേധിക്കപ്പെടുകയും ചെയ്ത ധാരാളം അനുഭവങ്ങൾ ചരിത്രത്തിൽ കാണാൻ കഴിയും. കലാമേഖല, വിദ്യാഭ്യാസമേഖല, തൊഴിൽമേഖല, ഗാർഹിക ഇടങ്ങൾ എന്നിവിടങ്ങളിൽ അവർ താഴ്ന്ന പദവി മാത്രമേ അർഹിക്കുന്നുള്ളൂ എന്ന തെറ്റായ ധാരണ സമൂഹത്തിൽ നിലനിന്നിരുന്നു.



*ചിത്രം 4.13*

**പണ്ഡിത രമാബായി** (1858-1922)

പത്തൊമ്പതാം നൂറ്റാണ്ടിൽ സ്ത്രീകളുടെ അവകാശത്തിനും ശാക്തീകരണത്തിനുമായി പ്രവർത്തിച്ച ഇന്ത്യയിലെ സാമൂഹിക പരിഷ്കർത്താക്കളിൽ പ്രധാനപ്പെട്ട വ്യക്തി. വിധവകളുടെ വിദ്യാഭ്യാസവും ക്ഷേമവും പ്രധാന പ്രവർത്തന മേഖലയായിരുന്നു. ഇന്ത്യയിലെ സ്ത്രീകളുടെ അവസ്ഥയെകുറിച്ച് പഠിക്കുകയും പ്രശ്നങ്ങൾ പരിഹരിക്കാൻ വേണ്ട പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയും ചെയ്തു.



ചിത്രം 4.14

**ഡോ. പുന്നൻ ലൂക്കോസ്**
(1886-1976)

ഇന്ത്യൻ സർവകലാശാലകൾ സ്ത്രീകൾക്ക് എം.ബി.ബി.എസ്. പ്രവേശനം നൽകാത്തതിനാൽ ലണ്ടൻ യൂണിവേഴ്സിറ്റിയിൽ നിന്ന് അവർ ആ ബിരുദം കരസ്ഥമാക്കി. കേരളത്തിൽ വൈദ്യശാസ്ത്രത്തിൽ ബിരുദം നേടിയ ആദ്യ വനിത എന്ന നിലയിൽ പ്രശസ്തയായി. തിരുവിതാംകൂർ ലജിസ്ലേറ്റീവ് കൗൺസിലിലെ ആദ്യ വനിതാ പ്രതിനിധിയായിരുന്നു.



ചിത്രം 4.15

**ഇ.കെ. ജാനകി അമ്മാൾ**
(1897 - 1984)

കേരളത്തിലെ തലശ്ശേരിയിൽ ജനിച്ച വിശ്വപ്രസിദ്ധയായ സസ്യശാസ്ത്രജ്ഞ. കോയമ്പത്തൂരിലെ കരിമ്പ് ഗവേഷണ കേന്ദ്രത്തിൽ അത്യുൽപാദന ശേഷിയുള്ള സങ്കരയിനം കരിമ്പ് വികസിപ്പിച്ചു. ബൊട്ടാണിക്കൽ സർവെ ഓഫ് ഇന്ത്യയുടെ ആദ്യ ഡയറക്ടർ ജനറൽ. 1977 ൽ രാജ്യം പത്മശ്രീ പുരസ്കാരം നൽകി ആദരിച്ചു.

സ്ത്രീകൾക്കുപുറമേ ട്രാൻസ്ജെൻഡർ വിഭാഗക്കാരും ലിംഗപദവി വിവേചനം അനുഭവിക്കുന്നുണ്ട്.

**ട്രാൻസ്ജെൻഡർ** (Transgender)

ട്രാൻസ്ജെൻഡർ വ്യക്തി എന്നാൽ ജനനസമയത്ത് ആ വ്യക്തിക്ക് നൽകിയിട്ടുള്ള ലിംഗപദവിയുമായി പൊരുത്തപ്പെടാത്ത വ്യക്തി എന്നാണ് അർഥമാക്കുന്നത്. ഇതിൽ ട്രാൻസ് പുരുഷനും ട്രാൻസ് സ്ത്രീയും ഉൾപ്പെടും.

Clause (K) of Section 2, TPPR Act, 2019)

**ന്യൂനപക്ഷം** (Minority)

മൊത്തം ജനസംഖ്യയിൽ എണ്ണത്തിൽ കുറവുള്ള വിഭാഗങ്ങൾ എന്ന അർഥത്തിൽ പ്രയോഗിക്കുന്ന പദം.

ചിത്രം നിരീക്ഷിക്കൂ.



ചിത്രം 4.16

നമുക്ക് ചുറ്റുമുള്ള ലോകം എല്ലാവർക്കും ഒരുപോലെ പ്രാപ്യമാകുന്നുണ്ടോ?

## ഇച്ഛാശക്തിയുടെ വിജയം

തിരുവനന്തപുരം : ഇരുട്ടുപടർന്ന ജീവിതത്തെ നിശ്ചയദാർഢ്യംകൊണ്ട് നേരിട്ട് ക്ലാസ്മുറിയിൽ വെളിച്ചം പരത്തുകയാണ് ഹുസ്നയും ഫെബിനും. ചക്രക്കസേര ഒരു പരിമിതിയല്ലെന്ന് തെളിയിച്ച് ഷെയ്ക്സ്പിയറിനെയും ഷെല്ലിയെയുമൊക്കെ മനോഹരമായി പകർന്നുകൊടുക്കുകയാണ് തിരുവനന്തപുരത്തുകാരിയായ ശാരദാദേവി. ശാരീരികമായ വെല്ലുവിളികളെ അതിജീവിച്ച് ജീവിത വിജയം കൈവരിച്ച ഈ മൂന്ന് അധ്യാപികമാരും ഭിന്നശേഷിക്കാർക്ക് മാതൃകയായിരിക്കുന്നു. അപൂർവ്വരോഗം ബാധിച്ച് ചക്രക്കസേരയുടെ സഹായമില്ലാതെ ചലിക്കാനാകാത്ത ശാരദാദേവി പഠനത്തിൽ എന്നും മുൻനിരയിലായിരുന്നു. ഫെബിൻ മറിയം ജോസിന് പതിനേഴാം വയസ്സിലാണ് കാഴ്ച നഷ്ടമായത്. കാഴ്ചയില്ലായ്മ ജീവിത നേട്ടം കൈവരിക്കാൻ തടസ്സമല്ലെന്ന് തെളിയിച്ച ഹെലൻ കെല്ലറാണ് ഫെബിന്റെ ഹീറോ. നെടുമങ്ങാട് അഴീക്കോട് സ്വദേശിയായ ഹുസ്നയ്ക്ക് പതിനൊന്നുവയസ്സുവരെ കാഴ്ചയുണ്ടായിരുന്നു. കുടുംബത്തിന്റെ പിന്തുണയോടെയാണ് പഠനത്തിൽ മിടുക്കികളായ മൂവരും പരിമിതികൾ മറികടന്ന് സർക്കാർ കോളേജുകളിൽ അധ്യാപകരായി സർവീസിൽ പ്രവേശിച്ചത്.

ശാരീരികവെല്ലുവിളികൾ അതിജീവിച്ച് ജീവിതവിജയം നേടിയ മൂന്നു വ്യക്തികളെ സംബന്ധിച്ച വാർത്തയാണ് മുകളിൽ കൊടുത്തിരിക്കുന്നത്.

ശാരീരിക സവിശേഷതമൂലം സമൂഹത്തിലെ മറ്റ് ജനവിഭാഗങ്ങളെ അപേക്ഷിച്ച് നിത്യജീവിതത്തിൽ വ്യത്യസ്തമായ വെല്ലുവിളികൾ നേരിടുന്നവരാണ് ഭിന്നശേഷിയുള്ളവർ (Differently abled). പലതരം ഭിന്നശേഷി വിഭാഗങ്ങളുണ്ട്. ഓരോവിഭാഗം ഭിന്നശേഷികൾക്കും സംഭവിക്കുന്ന അരികുവൽക്കരണം വ്യത്യസ്ത തരത്തിലാണ്.

ശാരീരികക്ഷമതയുള്ളവർക്ക് അനുകൂലവും പ്രാപ്യവുമായ രീതിയിലാണ് പൊതുവേ കെട്ടിടങ്ങൾ, സഞ്ചാരമാർഗങ്ങൾ, പുസ്തകങ്ങൾ തുടങ്ങിയവയൊക്കെ രൂപകല്പന ചെയ്യപ്പെട്ടിരിക്കുന്നത്. ഇത്തരം ഇടങ്ങളിൽ പലതരം ശാരീരികവെല്ലുവിളികൾ നേരിടുന്നവർക്ക് എന്തൊക്കെ തരത്തിലുള്ള ബുദ്ധിമുട്ടുകളാണ് അനുഭവിക്കേണ്ടി വരുന്നത് ? ക്ലാസ്സിൽ ചർച്ച ചെയ്യൂ.

**ഭിന്നശേഷിക്കാരുടെ അവകാശസംരക്ഷണനിയമം 2016**

ഭിന്നശേഷിക്കാർക്ക് വിവേചനരഹിതവും തുല്യതയിലൂന്നിയതുമായ സാമൂഹികജീവിതം ഉറപ്പുവരുത്താൻ നിലവിൽ വന്ന നിയമം.

**പാരാലിമ്പിക്സ്**

ഭിന്നശേഷിയുള്ള അത്‌ലറ്റുകൾ മത്സരിക്കുന്ന അന്താരാഷ്ട്ര കായിക മത്സരമായ പാരാലിമ്പിക്സ് 1948 ലാണ് ആരംഭിച്ചത്.

## വിവേചനം തടയാൻ ഭരണഘടന

**ഡോ. ബി. ആർ. അംബേദ്കർ** (1891-1956)

ഇന്ത്യൻ ഭരണഘടനാശില്പി. ദളിതരുടെ സാമൂഹ്യരാഷ്ട്രീയ ഉന്നമനത്തിന് വേണ്ടി ശക്തമായി പ്രവർത്തിച്ചു. ഇന്ത്യയിലെ അരികുവൽകൃതവിഭാഗങ്ങളുടെ പ്രശ്നങ്ങൾ തന്റെ രചനകളിലൂടെ അവതരിപ്പിക്കുകയും അവർക്ക് നിയമപരമായ സംരക്ഷണം സാധ്യമാകുന്നതിന് വേണ്ടി നിലകൊള്ളുകയും ചെയ്തു.

ഇന്ത്യൻ ഭരണഘടന എല്ലാ പൗരർക്കും തുല്യത ഉറപ്പ് വരുത്തുന്നു (അനുച്ഛേദം 14). മതം, വംശം, ജാതി, ലിംഗഭേദം, ജനിച്ച സ്ഥലം എന്നിവയുടെ പേരിൽ യാതൊരു വിവേചനവും പാടില്ല എന്ന് ഭരണഘടന അനുശാസിക്കുന്നു (അനുച്ഛേദം 15).

എന്തുകൊണ്ടാവാം നമ്മുടെ ഭരണഘടന വിവേചനങ്ങളെ പൂർണമായും നിരോധിച്ചത് ?

- വിവേചനങ്ങൾ സാമൂഹികപുരോഗതിയെ തടസപ്പെടുത്തുന്നു.

- സാമ്പത്തിക അസമത്വം സൃഷ്ടിക്കുന്നു.
- സുരക്ഷിതമായ ഭൗതികസാഹചര്യങ്ങൾ നിഷേധിക്കുന്നു.
-
-
-

**ജാതി വിവേചനത്തിനെതിരെ ഇന്ത്യയിൽ നിലനിൽക്കുന്ന നിയമങ്ങളും അനുച്ഛേദങ്ങളും ഏതൊക്കെയാണെന്ന് കണ്ടെത്തി പട്ടിക വിപുലീകരിക്കുക.**

- ഭരണഘടന അനുച്ഛേദം 14, 15
-
-
-

പുരോഗതിക്ക് തടസം നിൽക്കുന്ന സാമൂഹിക വ്യവസ്ഥകൾ, പരിസ്ഥിതി, രാഷ്ട്രീയ-സാമ്പത്തിക ഘടകങ്ങൾ എന്നിവയാണ് ചില വിഭാഗങ്ങൾ അരികുവൽക്കരിക്കപ്പെടാൻ കാരണമാകുന്നത്.

സമൂഹത്തിന്റെ വളർച്ചയ്ക്കും തുല്യനീതിയുള്ള ജനാധിപത്യ സമൂഹത്തിന്റെ നിലനില്പിനും എല്ലാവരേയും പരിഗണിക്കുന്ന സാമൂഹികാവസ്ഥ അത്യാവശ്യമാണ് എന്ന് നിങ്ങൾ മനസ്സിലാക്കിയല്ലോ.

**എല്ലാവരെയും പരിഗണിക്കുന്ന സമൂഹത്തിന്റെ നിലനില്പിന് ആവശ്യമായ സാമൂഹിക ഘടകങ്ങൾ കണ്ടെത്തി പട്ടിക വിപുലീകരിച്ചു നോക്കാം.**

- തുല്യതയ്ക്ക് വേണ്ടിയുള്ള കൂടുതൽ നയങ്ങൾ
- വിവേചനം തടയാനുള്ള കൂടുതൽ നിയമങ്ങൾ
- എല്ലാവർക്കും മികച്ച വിദ്യാഭ്യാസം ലഭ്യമാക്കൽ
- തൊഴിൽമേഖലകളിൽ തുല്യത ഉറപ്പ് വരുത്താനുള്ള നടപടികൾ
-
-

ജനാധിപത്യ ക്രമത്തിൽ എല്ലാവരുടെയും പങ്കാളിത്തം ഉറപ്പുവരുത്തിയാൽ മാത്രമേ അരികുവൽക്കരണം ചെറുക്കപ്പെടുകയും തുല്യനീതി പ്രാപ്യമാവുകയും ചെയ്യുകയുള്ളു.

## തുടർപ്രവർത്തനങ്ങൾ

- ജ്യോതിറാവു ഫൂലെ, സാവിത്രിബായ് ഫൂലെ, പെരിയാർ, അംബേദ്കർ തുടങ്ങിയവരെ കുറിച്ച് കൂടുതൽ വിവരങ്ങൾ ശേഖരിച്ച് ലഘുജീവചരിത്രക്കുറിപ്പ് തയ്യാറാക്കൂ. അരികുവൽകൃത അവസ്ഥ വിദ്യാഭ്യാസത്തിലൂടെ മറികടന്ന കൂടുതൽ വ്യക്തികളെ കുറിച്ചുള്ള വിവരങ്ങൾ അധ്യാപകരുടെ സഹായത്തോടെ കണ്ടെത്തൂ.
- കാർഷിക-കലാ-സാംസ്കാരിക-ശാസ്ത്രരംഗത്ത് ഗോത്രജനതയുടെ തനത് സംഭാവനകൾ കണ്ടെത്തി ഡിജിറ്റൽ ആൽബം തയ്യാറാക്കൂ.
- ഗോത്രജനതയുടെ വാസസ്ഥലം സന്ദർശിച്ച് അവരുടെ സാമൂഹ്യജീവിതം മനസ്സിലാക്കൂ. ഈ സൂചകങ്ങൾ ഉപയോഗിക്കുമല്ലോ.
  - ❖ പൂർവികരുടെ ജീവിതം
  - ❖ കല, കൃഷി, ഭക്ഷണം
  - ❖ സമകാലികജീവിതം
  - ❖
- വിവേചനത്തെ അതിജീവിച്ച സ്ത്രീയനുഭവങ്ങൾ വിവരിക്കുന്ന ജീവചരിത്രം, ആത്മകഥ, അനുഭവക്കുറിപ്പുകൾ എന്നിവ സ്കൂൾ ലൈബ്രറിയിൽ നിന്നും പരിസരത്തെ വായനശാലകളിൽ നിന്നും ശേഖരിച്ച് ക്ലാസിൽ ഒരു പുസ്തകപ്രദർശനം സംഘടിപ്പിക്കൂ. ഓരോ പുസ്തകത്തെ കുറിച്ചും ലഘുകുറിപ്പുകളും തയ്യാറാക്കുക.
- ഭിന്നശേഷിക്കാരുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന വ്യക്തികളെ സ്കൂളിൽ നേരിട്ടോ ഡിജിറ്റൽ മാധ്യമങ്ങളിലൂടെയോ എത്തിച്ച് ചർച്ച സംഘടിപ്പിക്കൂ. വിവിധ മേഖലകളിൽ ഭിന്നശേഷിക്കാർ നേരിടുന്ന പ്രതിസന്ധികൾ, പരിഹാരങ്ങൾ എന്നിവ ചോദിച്ചറിയൂ.
- ഭിന്നശേഷിക്കാർക്ക് എല്ലാവരേയും പോലെ എല്ലായിടത്തും എത്തിപ്പെടാൻ നിലവിലെ സാഹചര്യത്തിൽ എന്തെല്ലാം മാറ്റങ്ങളാണ് ഉണ്ടാകേണ്ടത്? ഭിന്നശേഷിയുള്ള വിദ്യാർത്ഥികളുടെ ഭൗതികവും അക്കാദമികവുമായ സൗകര്യങ്ങൾ ഉന്നതനിലവാരത്തിലേക്ക് ഉയർത്താൻ ഉതകുന്ന ഒരു ലഘു പ്രോജക്ട് നിങ്ങളുടെ സ്കൂൾ പരിസരത്തെ മുൻനിർത്തി തയ്യാറാക്കി അധ്യാപകരുടെ സഹായത്തോടെ തദ്ദേശസ്വയംഭരണസ്ഥാപനത്തിൽ സമർപ്പിക്കൂ.

❖ വീൽചെയർ റാമ്പുകൾ

❖ കൈപ്പിടികൾ

- ❖ ബ്രെയിൽ ലിപിയും ഓഡിയോ ലൈബ്രറിയും
- ❖ ശാരീരിക വെല്ലുവിളി സൗഹൃദ ശുചിമുറികൾ

- വിവേചനങ്ങളോട് എങ്ങനെയാണ് പ്രതികരിക്കേണ്ടത്? താഴെ പറയുന്ന ചർച്ചാസൂചകങ്ങളെ മുൻനിർത്തി ക്ലാസിൽ ചർച്ച നടത്തൂ.
  - ❖ അരികുവൽക്കരിക്കപ്പെട്ടവർ സ്വയം മുന്നോട്ടു വരണം.
  - ❖ അരികുവൽക്കരിക്കപ്പെട്ടവരുടെ സാഹചര്യങ്ങൾ സമൂഹത്തിന്റെ കൂട്ടായ ഇടപെടലുകൾ കൊണ്ട് ഫലപ്രദമായി പരിഹരിക്കാനാവും.
  - ❖ ഗവണ്മെന്റ് സംവിധാനങ്ങൾ ഉപയോഗിച്ച് കൃത്യമായ ഇടപെടൽ നടത്താവുന്നതാണ്.

കൂടുതൽ സൂചകങ്ങൾ കൂട്ടിച്ചേർക്കൂ.




# നമ്മുടെ ഭൂമി



*ചിത്രം 5.1*

## ഞാൻ ഭൂമി

കോടിക്കണക്കിന് വർഷങ്ങൾക്ക് മുമ്പ് ചുട്ടുപൊള്ളുന്ന ഒരു ഗോളമായിരുന്നു ഞാൻ. പിന്നീട് നിരന്തരം പെയ്ത മഴയിലാണ് ഞാൻ തണുത്തത്. പിന്നേയും ദശലക്ഷക്കണക്കിന് വർഷങ്ങൾ കഴിഞ്ഞപ്പോഴാണ് ജീവജാലങ്ങൾ എന്നിൽ ഉണ്ടായത്. സൗരയൂഥഗ്രഹങ്ങളിൽ എന്നിൽ മാത്രമാണ് ജീവൻ നിലനിൽക്കുന്നത് എന്നറിയാമല്ലോ? നിങ്ങൾക്ക് ജീവിക്കാൻ വേണ്ടതെല്ലാം എന്നിലുണ്ട്. ശ്വസിക്കാൻവേണ്ട വായു, കുടിക്കാനും മറ്റ് ആവശ്യങ്ങൾക്കുമുള്ള ജലം, സസ്യങ്ങളുടെ വളർച്ചയ്ക്ക് അനിവാര്യമായ മണ്ണ് അങ്ങനെ എല്ലാമെല്ലാം.

ഭൂമിയുടെ ആത്മഗതം വായിച്ചല്ലോ ?

പുഴകളും മലകളും താഴ്‌വരകളും സമതലങ്ങളുമൊക്കയായി ഭൂമിയുടെ ഉപരിതലം എത്ര മനോഹരമാണ്! എന്നാൽ ഭൂമിയുടെ ഉള്ളറയോ? ഭൂമിയുടെ ഉള്ളറ രഹസ്യങ്ങളിലേക്ക് നമുക്കൊന്ന് കടന്നുചെല്ലാം.

## ഉള്ളറകളിലേക്ക്...

ഭൂമിയുടെ ഉപരിതലത്തിലെ ചൂടിനെക്കുറിച്ച് നമുക്ക് ധാരണയുണ്ടല്ലോ. എന്നാൽ ഉള്ളറയിലെ ചൂട് അതികഠിനമാണ്. ഉള്ളറയുടെ കേന്ദ്രഭാഗത്തെ ചൂട് ഏകദേശം 5500 ഡിഗ്രി സെൽഷ്യസ് ആണ്. 100 ഡിഗ്രി സെൽഷ്യസിലാണ് വെള്ളം തിളയ്ക്കുക എന്ന് നിങ്ങൾക്കറിയാമല്ലോ. 5500 ഡിഗ്രി സെൽഷ്യസ് ചൂട് നിങ്ങൾക്ക് സങ്കല്പിക്കാനാകുന്നുണ്ടോ? നിങ്ങൾ ഖനികൾ എന്ന് കേട്ടിട്ടുണ്ടോ? അവയിൽ ഏറ്റവും ആഴമുള്ള ഖനിയുടെ താഴ്ച എത്ര കിലോമീറ്റർ ആണെന്നറിയാമോ ? ഏകദേശം 12 കിലോമീറ്റർ! അത്രത്തോളം ദൂരംപോലും മനുഷ്യന് ചെന്നെത്താനാകുന്നത് യന്ത്രങ്ങളുടെയും സുരക്ഷാ ഉപകരണങ്ങളുടെയും സഹായത്തോടെയാണ്. ഏകദേശം 6371 കിലോമീറ്ററാണ് ഭൂമിയുടെ കേന്ദ്രത്തിലേക്കുള്ള ദൂരം. അപ്പോൾ ഭൂമിയുടെ ഉള്ളറയെക്കുറിച്ചുള്ള വിവരങ്ങൾ മനുഷ്യന് നേരിട്ടുചെന്ന് മനസിലാക്കുക സാധ്യമാണോ? പിന്നെ എങ്ങനെയാണ് ഭൂമിയുടെ ഉള്ളറയെക്കുറിച്ചുള്ള വിവരങ്ങൾ നമുക്ക് ലഭിച്ചത്? ചില ശാസ്ത്രീയ പഠനങ്ങളുടെയും നിഗമനങ്ങളുടെയും അടിസ്ഥാനത്തിലാണ് ഭൂമിയുടെ ഉള്ളറയെ സംബന്ധിച്ച വിവരങ്ങൾ രൂപപ്പെട്ടിട്ടുള്ളത്. അവ എന്തൊക്കെയാണെന്ന് നോക്കാം

- അഗ്നിപർവതസ്ഫോടനങ്ങളിലൂടെ ഭൂമിയുടെ ഉപരിതലത്തിൽ എത്തിച്ചേരുന്ന വസ്തുക്കൾ പരിശോധിക്കുന്നതിൽ നിന്ന്
- ഖനികളിൽ നിന്ന് ശേഖരിക്കുന്ന വിവരങ്ങളിൽ നിന്ന്
- ഭൂകമ്പസമയത്ത് ഉണ്ടാകുന്ന തരംഗങ്ങളുടെ ചലനം വിശകലനം ചെയ്യുന്നതിൽ നിന്ന്


## ഭൂമിയുടെ ഘടന

ചിത്രം നിരീക്ഷിക്കൂ.

ഭൂമിയുടെ ഉള്ളറയെക്കുറിച്ച് എന്തൊക്കെ വിവരങ്ങളാണ് നിങ്ങൾക്ക് മനസിലാക്കാൻ സാധിക്കുന്നത് ?


നിങ്ങളുടെ കണ്ടെത്തൽ ചുവടെ രേഖപ്പെടുത്തൂ.

- ഭൂമിയുടെ ഉള്ളറയെ വിവിധ പാളികളായി തിരിച്ചിരിക്കുന്നു.
- ഏറ്റവും പുറമേയുള്ള പാളിയാണ് ഭൂവൽക്കം (Crust).
- 



*ചിത്രം 5.2*

ഭൂമിയുടെ വിവിധ പാളികൾ ഏതൊക്കെയാണെന്ന് തിരിച്ചറിഞ്ഞല്ലോ? നൽകിയിട്ടുള്ള ചിത്രം (5.3) നിരീക്ഷിച്ചും വിശദീകരണം വായിച്ചും ഭൂമിയുടെ ഉള്ളറയെപ്പറ്റിയുള്ള കൂടുതൽ വിവരങ്ങൾ ശേഖരിച്ച് കുറിപ്പ് തയ്യാറാക്കൂ.



ചിത്രം 5.3

### ഭൂവൽക്കം (Crust)

ഭൂമിയുടെ ഏറ്റവും പുറമേയുള്ളതും താരതമ്യേന നേർത്തതുമായ പാളിയാണ് ഭൂവൽക്കം. ഖരരൂപത്തിലുള്ള പാറകളാൽ നിർമ്മിതമാണ് ഈ പാളി.

ഭൂവൽക്കത്തിന് വൻകര ഭൂവൽക്കം, സമുദ്രഭൂവൽക്കം എന്നിങ്ങനെ രണ്ട് ഭാഗങ്ങളുണ്ട്. വൻകര ഭൂവൽക്കത്തിനാണ് കനം കൂടുതൽ. ശരാശരി കനം 30 കിലോമീറ്ററോളം വരും. വൻകര ഭൂവൽക്കത്തിന് പർവതപ്രദേശത്ത് ഏകദേശം 70 കിലോമീറ്റർ കനമുണ്ട്. എന്നാൽ സമുദ്രഭൂവൽക്കത്തിന് ശരാശരി 5 കിലോമീറ്ററാണ് കനം.

### മാന്റിൽ (Mantle)

ഭൂവൽക്കത്തിന് താഴെയുള്ള ഭാഗമാണ് മാന്റിൽ. താരതമ്യേന കനമുള്ള ഭാഗമാണിത്. ഇത് ഏകദേശം 2900 കിലോമീറ്റർ വരെ വ്യാപിച്ചുകിടക്കുന്നു.


ഭൂവൽക്കവും മാന്റിലിന്റെ ഉപരിഭാഗവും ചേർന്നുള്ള ഭാഗത്തെയാണ് ശിലാമണ്ഡലം (Lithosphere) എന്ന് വിളിക്കുന്നത്. ശിലാമണ്ഡലത്തിന് താഴെയായി ശിലാപദാർത്ഥങ്ങൾ ഉരുകി (മാഗ്മ) അർധദ്രവാവസ്ഥയിൽ കാണപ്പെടുന്ന ഭാഗമാണ് അസ്തനോസ്ഫിയർ. എന്നാൽ അസ്തനോസ്ഫിയറിന് താഴെയുള്ള ഭാഗം ഖരാവസ്ഥയിലാണ്.

### കാമ്പ് (Core)

മാന്റിലിന് താഴെയുള്ള ഭാഗമാണ് കാമ്പ്. കാമ്പിന് പുറക്കാമ്പ്, അകക്കാമ്പ് എന്നീ രണ്ട് ഭാഗങ്ങളുണ്ട്. പുറക്കാമ്പ് ദ്രവാവസ്ഥയിലും അകക്കാമ്പ് ഖരാവസ്ഥയിലുമാണ്. കാമ്പ് മുഖ്യമായും നിക്കൽ (Ni), ഇരുമ്പ് (Fe) എന്നീ ലോഹങ്ങളാൽ രൂപം കൊണ്ടതാണ്. അതിനാൽ കാമ്പിന് നിഫെ (NIFE) എന്നും പേരുണ്ട്. അകക്കാമ്പിലെ ചൂട് ഏകദേശം 5500 ഡിഗ്രി സെൽഷ്യസ് ആണ്.

ഭൗമാന്തർഭാഗത്തെ ഓരോ പാളിയുടേയും സവിശേഷതകൾ ഉൾപ്പെടുത്തി തന്നിരിക്കുന്ന ആശയപടം (5.4) പൂർത്തിയാക്കുക.

## ഭൂമിയുടെ ഘടന - സവിശേഷതകൾ




ചിത്രം 5.4

ഭൂമിയുടെ ഉള്ളറയുടെ ഓരോ പാളിയുടേയും സവിശേഷതകൾ പട്ടികയിൽ നൽകിയിരിക്കുന്നു. അവയിൽ ശരിയായവയുടെ നേരെ ' 🙂 ' എന്നും തെറ്റായവയുടെ നേരെ ' 🙁 ' എന്നും വരച്ചു ചേർക്കൂ.

| | |
|---|---|
| • ഭൂമിയുടെ ഏറ്റവും പുറമേയുള്ള ശിലാനിർമ്മിതമായ ഉറപ്പുള്ള ഭാഗമാണ് ഭൂവൽക്കം. | |
| • ഭൂവൽക്കവും മാന്റിലിന്റെ ഉപരിഭാഗവും ചേർന്നതാണ് ശിലാമണ്ഡലം. | |
| • ശിലാപദാർഥങ്ങൾ (മാഗ്മ) ഉരുകി അർധദ്രവാവസ്ഥയിൽ കാണപ്പെടുന്ന ഭാഗമാണ് അസ്തനോസ്ഫിയർ. | |
| • പുറക്കാമ്പ് ദ്രവാവസ്ഥയിലാണ്. | |
| • വൻകര ഭൂവൽക്കം, സമുദ്രഭൂവൽക്കം എന്നിവ ഭൂവൽക്കത്തിന്റെ രണ്ടു ഭാഗങ്ങളാണ്. | |
| • കാമ്പിന് നിഫെ എന്നും പേരുണ്ട്. | |

ഒരു ചാർട്ടിൽ ഭൂമിയുടെ ഘടന ചിത്രീകരിച്ച് ഓരോ പാളിക്കും പ്രത്യേകം നിറം നൽകി സവിശേഷതകൾ എഴുതി ക്ലാസിൽ പ്രദർശിപ്പിക്കൂ.

'ഭൂമിയുടെ ഉള്ളറ വിശേഷങ്ങൾ' എന്ന ശീർഷകത്തിൽ അധിക വിവരങ്ങൾകൂടി ഉൾപ്പെടുത്തി നോട്ട് പുസ്തകത്തിൽ കുറിപ്പുകളെഴുതൂ.

ഭൂമിയുടെ ഉള്ളറയെക്കുറിച്ചുള്ള പ്രാഥമികമായ വസ്തുതകൾ ബോധ്യമായല്ലോ. ഇനി ഭൂമിയെ ആവരണം ചെയ്ത് സ്ഥിതി ചെയ്യുന്ന അന്തരീക്ഷത്തെക്കുറിച്ചുള്ള ചില വസ്തുതകൾ നമുക്ക് മനസ്സിലാക്കാൻ ശ്രമിക്കാം.

## ഭൂമിയുടെ അന്തരീക്ഷം

ജീവജാലങ്ങൾക്ക് നിലനിൽക്കാൻ കഴിയുന്ന രീതിയിൽ ഭൂമിയും അന്തരീക്ഷവും മാറിയതെങ്ങനെ?

ഉദ്ഭവ സമയത്ത് ചുട്ടുപഴുത്ത അവസ്ഥയിലായിരുന്ന ഭൂമി കോടാനുകോടി വർഷങ്ങൾ കൊണ്ട് സാവധാനം തണുത്തു. ഈ പ്രക്രിയയിലൂടെ ഭൂമിയുടെ ഉള്ളിലുണ്ടായിരുന്ന വാതകങ്ങൾ പുറത്തേക്ക് വന്നു.

ക്രമേണ ഭൂമിക്ക് ചുറ്റും നിരവധി വാതകങ്ങളുള്ള വായുവിന്റെ ഒരു ആവരണമുണ്ടായി. ഭൂമിയെ ആവരണം ചെയ്യുന്ന ഈ വാതകപുതപ്പാണ് അന്തരീക്ഷം. സസ്യങ്ങളുടെ ആവിർഭാവത്തോടെ പ്രകാശസംശ്ലേഷണ ഫലമായി അന്തരീക്ഷം ഓക്സിജനാൽ സമ്പന്നമായി.

അന്തരീക്ഷത്തിലുള്ള വാതകങ്ങളാണ് നൈട്രജൻ, ഓക്സിജൻ, കാർബൺ ഡയോക്സൈഡ് തുടങ്ങിയവ. ഈ വാതകങ്ങൾ കൂടാതെ മറ്റ് വാതകങ്ങളും പൊടിപടലങ്ങളും ജലാംശവും ഉണ്ട്. അന്തരീക്ഷത്തിൽ അടങ്ങിയിട്ടുള്ള വിവിധ വാതകങ്ങൾ ഏതൊക്കെയാണെന്നും അവ എത്ര അളവിൽ കാണപ്പെടുന്നുവെന്നും നമുക്ക് നോക്കാം.


## അന്തരീക്ഷ സംരചന (Composition of the Atmosphere)

ഭൗമോപരിതലത്തിൽ നിന്ന് പതിനായിരത്തോളം കിലോമീറ്റർ ഉയരം വരെ അന്തരീക്ഷത്തിന്റെ സാന്നിധ്യമുണ്ട്. എന്നാൽ, ആകെ അന്തരീക്ഷവായുവിന്റെ 97 ശതമാനവും സ്ഥിതിചെയ്യുന്നത് ഭൗമോപരിതലത്തിൽ നിന്ന് ഏകദേശം 29 കിലോമീറ്റർ ഉയരം വരെയാണെന്ന് കണക്കാക്കപ്പെടുന്നു. ഉയരം കൂടുന്തോറും വാതകങ്ങളുടെ അളവ് കുറഞ്ഞുവരുന്നു.

മനുഷ്യനും മറ്റ് ജീവജാലങ്ങൾക്കും ജീവവായുവായ ഓക്സിജൻ, സസ്യങ്ങളുടെ നിലനിൽപ്പിനാവശ്യമായ കാർബൺ ഡയോക്സൈഡ് എന്നിവ ലഭിക്കുന്നത് അന്തരീക്ഷത്തിൽ നിന്നാണ്. ഈ രണ്ട് വാതകങ്ങളാണ് ഭൂമിയിൽ ജീവൻ നിലനിർത്തുന്നതിൽ മുഖ്യ പങ്ക് വഹിക്കുന്നത്.

ഓക്സിജൻ, കാർബൺ ഡയോക്സൈഡ് എന്നീ വാതകങ്ങളെ കൂടാതെ മറ്റ് ഏതൊക്കെ വാതകങ്ങളാണ് അന്തരീക്ഷത്തിലുള്ളത് ? ചിത്രം (5.5) നിരീക്ഷിച്ച് കണ്ടെത്തൂ.

അന്തരീക്ഷവാതകങ്ങൾ




*ചിത്രം 5.5*

ചിത്രം 5.5 നിരീക്ഷിച്ച് നൽകിയിട്ടുള്ള ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തൂ.

- അന്തരീക്ഷവായുവിൽ ഏറ്റവും കൂടുതലുള്ള വാതകം ഏതാണ്?
- നൈട്രജനും ഓക്സിജനും കൂടി ആകെ അന്തരീക്ഷ സംരചനയുടെ എത്ര ശതമാനം ഉൾക്കൊള്ളുന്നു?

സൂര്യതാപമേറ്റ് ഭൗമോപരിതലത്തിൽ നിന്നും ജലം നീരാവിയായി അന്തരീക്ഷത്തിലെത്തുന്ന പ്രക്രിയയാണ് ബാഷ്പീകരണം (Evaporation). ഭൗമോപരിതലത്തിൽ നിന്ന് ഏകദേശം 90 കിലോമീറ്റർ വരെ മാത്രമേ ജലബാഷ്പത്തിന്റെ സാന്നിധ്യമുള്ളൂ.

വാതകങ്ങൾ, ജലതന്മാത്രകൾ എന്നിവയ്ക്ക് പുറമേ പൊടിപടലങ്ങളും അന്തരീക്ഷത്തിന്റെ ഭാഗമാണ്. പൊടിപടലങ്ങൾ സാധാരണയായി കണ്ടുവരുന്നത് ഭൗമോപരിതലത്തിനോട് ചേർന്നുള്ള അന്തരീക്ഷ ഭാഗങ്ങളിലാണ്. അന്തരീക്ഷത്തിലെ നേർത്ത പൊടിപടലങ്ങളെ ചുറ്റി അന്തരീക്ഷ നീരാവി ഘനീഭവിച്ച് മേഘങ്ങൾ രൂപപ്പെടുന്നു. അതിനാൽ, അന്തരീക്ഷത്തിലെ നേർത്ത പൊടിപടലങ്ങളെ ഘനീകരണമർമ്മങ്ങൾ (Hygroscopic nuclei) എന്നു വിളിക്കുന്നു.

ഏതൊക്കെ മാർഗ്ഗങ്ങളിലൂടെയാണ് അന്തരീക്ഷത്തിൽ പൊടിപടലങ്ങൾ എത്തുന്നതെന്ന് നോക്കാം.

- കാറ്റിലൂടെ ഭൂമിയിൽനിന്ന് ഉയർത്തപ്പെടുന്നവ.
- അഗ്നിപർവതങ്ങളിലൂടെ പുറത്തുവരുന്നവ.
- ഉൽക്കകൾ കത്തുന്നതിലൂടെ ഉണ്ടാകുന്ന ചാരം.
- 

ഭൂമിയിലെ ജീവജാലങ്ങളുടെ നിലനിൽപ്പിന് അന്തരീക്ഷം എങ്ങനെയെല്ലാം പ്രയോജനപ്പെടുന്നുവെന്ന് നോക്കൂ.

- കാലാവസ്ഥാപ്രതിഭാസങ്ങൾക്ക് കാരണമാകുന്നു.
- ഹാനികരങ്ങളായ സൂര്യരശ്മികളിൽ നിന്ന് സംരക്ഷിക്കുന്നു.
- 

ഭൂമിയിൽ ജീവൻ നിലനിർത്തുന്നതിൽ താഴെപ്പറയുന്ന ഓരോ ഘടകവും എങ്ങനെയെല്ലാം സഹായകമാകുന്നു എന്ന് എഴുതിനോക്കൂ.

| | |
|---|---|
| അന്തരീക്ഷവായു → | |
| അന്തരീക്ഷത്തിലെ ജലാംശം → | |
| അന്തരീക്ഷത്തിലെ പൊടിപടലങ്ങൾ → | |

ജീവജാലങ്ങളുടെ നിലനിൽപ്പിന് അന്തരീക്ഷത്തിനുള്ള പ്രാധാന്യം എത്ര വലുതാണെന്ന് മനസ്സിലായില്ലേ? അങ്ങനെയുള്ള അന്തരീക്ഷം മലിനമായാലുള്ള അവസ്ഥയെക്കുറിച്ച് ഒന്ന് ചിന്തിച്ചുനോക്കൂ.

എങ്ങനെയൊക്കെയാണ് അന്തരീക്ഷം മലിനമാകുന്നത്?

അന്തരീക്ഷം മലിനമാകുന്ന അവസ്ഥ ഏത് പേരിൽ അറിയപ്പെടുന്നു?

അന്തരീക്ഷവായുവിന്റെ സംരചനയ്ക്ക് മാറ്റം വരുത്തുന്ന രീതിയിൽ പുകയും വിഷവാതകങ്ങളും മറ്റ് രാസപദാർഥങ്ങളും വായുവിൽ കലരുന്നതാണ് അന്തരീക്ഷ മലിനീകരണം.

ചിത്രങ്ങൾ (5.6) നിരീക്ഷിക്കൂ...







*ചിത്രങ്ങൾ 5.6*

എന്തെല്ലാം പ്രവർത്തനങ്ങളാണ് അന്തരീക്ഷ മലിനീകരണത്തിന് കാരണമാകുന്നത് ?

പട്ടികപ്പെടുത്തുക.

- 
- 
- 

വ്യവസായനഗരങ്ങളിൽ അന്തരീക്ഷ മലിനീകരണത്തിന്റെ തോത് കൂടുതലാകാൻ കാരണമെന്താണ് ?

**അമ്ലമഴ**

കൽക്കരി, പെട്രോളിയം ഇന്ധനങ്ങൾ, ഡീസൽ തുടങ്ങിയവ കത്തുമ്പോൾ കാർബൺ ഡയോക്സൈഡ്, കാർബൺ മോണോക്സൈഡ്, സൾഫർ ഡയോക്സൈഡ് തുടങ്ങിയ നിരവധിയായ വാതകങ്ങൾ അന്തരീക്ഷത്തിൽ എത്തുന്നു. അവ മഴവെള്ളത്തോടൊപ്പം കലർന്ന് വെള്ളത്തിന് ആസിഡ് സ്വഭാവം കൈവന്ന് ഭൂമിയിലേക്കെത്തുന്നു. മഴ വെള്ളത്തിന്റെ pH മൂല്യം 5 ൽ കുറവാണെങ്കിൽ അതിനെ അമ്ലമഴയായി കണക്കാക്കും. ശുദ്ധജലത്തിന്റെ pH മൂല്യം 7 ആണ്.

## പുകമഞ്ഞ് (Smog)



ചിത്രം 5.7

പുകയും (smoke) മൂടൽമഞ്ഞും (fog) ചേർന്നാണ് പുകമഞ്ഞ് രൂപപ്പെടുക. വ്യവസായശാലകൾ, നിർമ്മാണ പ്രവർത്തനങ്ങൾ, വാഹനങ്ങൾ, കാർഷിക വിളകളുടെ അവശിഷ്ടങ്ങൾ കത്തിക്കൽ തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ ഉണ്ടാകുന്ന പുകയും പൊടിപടലങ്ങളും അന്തരീക്ഷത്തിൽ നിറയുന്നു. ഇവ മഞ്ഞുമായി കലർന്ന് പുകമഞ്ഞ് രൂപപ്പെടുന്നു. പക്ഷാഘാതം, ഹൃദ്രോഗം, ശ്വാസകോശരോഗങ്ങൾ എന്നിവ വർധിക്കാൻ വായുമലിനീകരണം കാരണമാകുന്നുണ്ടെന്ന് പല പഠനങ്ങളും ചൂണ്ടിക്കാണിക്കുന്നു.

അന്തരീക്ഷ മലിനീകരണം ഏതൊക്കെ വിധത്തിലാണ് നടക്കുന്നതെന്നും അവ സൃഷ്ടിക്കുന്ന ദോഷങ്ങൾ എന്തൊക്കെയെന്നും മനസ്സിലായില്ലേ?

## പലതുണ്ട് പരിഹാരങ്ങൾ

അന്തരീക്ഷ മലിനീകരണം ഒഴിവാക്കുന്നതിനായി നമുക്ക് എന്തൊക്കെ ചെയ്യാനാകും? ചുവടെ നൽകിയിട്ടുള്ള ചിത്രങ്ങൾ (5.8) നിരീക്ഷിക്കൂ. കണ്ടെത്തലുകൾ കുറിപ്പാക്കി ക്ലാസിൽ അവതരിപ്പിക്കുക.





ചിത്രങ്ങൾ 5.8

അന്തരീക്ഷ സംരചനയെക്കുറിച്ചാണ് നമ്മൾ ഇതുവരെ ചർച്ച ചെയ്തത്.

ഇനി അന്തരീക്ഷത്തിന്റെ ഘടന എങ്ങനെയാണെന്ന് നോക്കാം.

## അന്തരീക്ഷ ഘടന

താപവ്യത്യാസത്തിന്റെ അടിസ്ഥാനത്തിൽ അന്തരീക്ഷത്തെ അഞ്ച് വ്യത്യസ്ത പാളികളായി തരംതിരിച്ചിരിക്കുന്നു. ചുവടെ നൽകിയിട്ടുള്ള ചിത്രം (5.9) നിരീക്ഷിച്ച് അന്തരീക്ഷപാളികളെ പട്ടികപ്പെടുത്തുക.




*ചിത്രം 5.9*

## അന്തരീക്ഷ പാളികൾ

- ട്രോപ്പോസ്ഫിയർ
-
-
-
-

അന്തരീക്ഷപാളികൾ ഏതൊക്കെയെന്ന് കണ്ടെത്തി പട്ടികപ്പെടുത്തിയല്ലോ? ഇനി അവ ഓരോന്നിന്റെയും സവിശേഷതകൾ മനസ്സിലാക്കാം.

### ട്രോപ്പോസ്ഫിയർ

അന്തരീക്ഷത്തിന്റെ ഏറ്റവും താഴെയുള്ള പാളിയാണിത്. ഇതിന് ഭൗമോപരിതലത്തിൽനിന്ന് ശരാശരി 13 കിലോമീറ്റർ വരെ ഉയരം വരും. ധ്രുവപ്രദേശത്ത് ഏകദേശം 8 കിലോമീറ്ററും ഭൂമധ്യരേഖാ പ്രദേശത്ത് 18 കിലോമീറ്ററും ഉയരമാണുള്ളത്. ഭൂമധ്യരേഖാപ്രദേശത്ത് ചൂട് കൂടുതലായതിനാലാണിത്.

പൊടിപടലങ്ങളും ജലബാഷ്പവും ഏറ്റവും കൂടുതൽ ഈ പാളിയിലാണുള്ളത്. കൂടാതെ മേഘരൂപീകരണം, മഴ, മഞ്ഞ്, കാറ്റ് തുടങ്ങിയ അന്തരീക്ഷ പ്രതിഭാസങ്ങളും സംഭവിക്കുന്നത് ഈ പാളിയിൽ തന്നെയാണ്.

ട്രോപ്പോസ്ഫിയറിന്റെ ഒരു പ്രധാന സവിശേഷത ഭൗമോപരിതലത്തിൽ നിന്ന് ഓരോ 165 മീറ്റർ ഉയരത്തിലും 1 ഡിഗ്രി സെൽഷ്യസ് എന്ന തോതിൽ അന്തരീക്ഷതാപനില കുറയുന്നു എന്നതാണ്. ഇതിനെ ക്രമമായ താപനഷ്ടനിരക്ക് (Normal Lapse Rate) എന്ന് വിളിക്കുന്നു.

ട്രോപ്പോസ്ഫിയറിനെ അന്തരീക്ഷത്തിലെ ഏറ്റവും പ്രധാനപ്പെട്ട പാളി എന്ന് വിശേഷിപ്പിക്കാൻ കാരണമെന്താണ് ?

ഊട്ടി, മൂന്നാർ, കൊടൈക്കനാൽ തുടങ്ങിയ ഉയർന്ന പ്രദേശങ്ങളിൽ തണുപ്പ് അനുഭവപ്പെടാൻ കാരണമെന്താണ് ?

### സ്ട്രാറ്റോസ്ഫിയർ

ട്രോപ്പോസ്ഫിയറിന് തൊട്ടു മുകളിലുള്ള അന്തരീക്ഷപാളിയാണിത്. ഭൗമോപരിതലത്തിൽ നിന്ന് ശരാശരി 50 കിലോമീറ്റർ വരെയാണ് ഉയരം. സ്ട്രാറ്റോസ്ഫിയറിൽ ഒരു നിശ്ചിത ഉയരം കഴിയുമ്പോൾ താപം വർധിച്ചുവരുന്നതായി കാണാം. സ്ട്രാറ്റോസ്ഫിയറിലാണ് ഓസോൺ പാളിയുള്ളത്. ഇത് ഉപരിതലത്തിൽ നിന്ന് ഏകദേശം 25 കിലോമീറ്റർ ഉയരത്തിലാണ് നിലകൊള്ളുന്നത്.

## ഓസോൺ - ഭൂമിയുടെ രക്ഷാകവചം

സൂര്യനിൽ നിന്നുള്ള അപകടകാരികളായ അൾട്രാവയലറ്റ് രശ്മികളെ തടഞ്ഞുനിർത്തി ഭൂമിയെ സംരക്ഷിക്കുന്നത് അന്തരീക്ഷത്തിലെ ഓസോൺ വാതകങ്ങളുടെ സാന്നിധ്യമാണ്. അൾട്രാവയലറ്റ് രശ്മികൾ വർധിച്ച തോതിൽ ഭൗമോപരിതലത്തിൽ പതിച്ചാൽ അത് ജീവജാലങ്ങൾക്ക് ഹാനികരമാകുകയും ആവാസവ്യവസ്ഥയെ ദോഷകരമായി ബാധിക്കുകയും ചെയ്യും.

അൾട്രാവയലറ്റ് കിരണങ്ങൾ ഭൂമിയിൽ എന്തെല്ലാം ദോഷങ്ങളാണുണ്ടാക്കുക ?

**അൾട്രാവയലറ്റ് കിരണങ്ങൾ സൃഷ്ടിക്കാവുന്ന ദോഷങ്ങൾ**

- ആഹാരശൃംഖലയുടെ തകർച്ച
- കൃഷിനാശം
- സസ്യവളർച്ച മുരടിക്കൽ
- അകാല വാർധക്യം
- അന്ധത, തിമിരം
- ത്വക്കിലുണ്ടാകുന്ന ക്യാൻസർ

### ഓസോൺദിനം

എല്ലാ വർഷവും സെപ്റ്റംബർ 16 ലോക ഓസോൺ ദിനമായി ആചരിച്ചു വരുന്നു. ഓസോൺ സംരക്ഷണത്തിന്റെ ആവശ്യകത സംബന്ധിച്ച് ജനങ്ങളിൽ അവബോധം ഉണ്ടാക്കുക, ഓസോൺശോഷണത്തിന് കാരണമായേക്കാവുന്ന ഉൽപന്നങ്ങളുടെ ഉപയോഗം നിയന്ത്രിക്കുക എന്നിവയാണ് ഈ ദിനാചരണത്തിന്റെ ലക്ഷ്യങ്ങൾ.

ഓസോൺ ദിനവുമായി ബന്ധപ്പെട്ട് എന്തെല്ലാം പ്രവർത്തനങ്ങൾ ക്ലാസിലും വിദ്യാലയത്തിലും നടത്താം? ചർച്ച ചെയ്യൂ.

### മിസോസ്ഫിയർ

സ്ട്രാറ്റോസ്ഫിയറിനു മുകളിൽ ഏകദേശം 50 കിലോമീറ്റർ മുതൽ 80 കിലോമീറ്റർ വരെ വ്യാപിച്ചിരിക്കുന്ന അന്തരീക്ഷപാളിയാണിത്. ഈ പാളിയിലും ഉയരം കൂടുന്തോറും താപം കുറയുന്ന പ്രതിഭാസമുണ്ട്. ഭൗമോപരിതലത്തിൽ നിന്ന് ഏകദേശം 80 കിലോമീറ്റർ ഉയരത്തിലെത്തുമ്പോഴേക്കും താപനില മൈനസ് 100 (-100) ഡിഗ്രി സെൽഷ്യസ് വരെ താഴുന്നു. അന്തരീക്ഷത്തിലെ ഏറ്റവും കുറഞ്ഞ താപനിലയാണ് ഇവിടെ അനുഭവപ്പെടുന്നത്. ഭൗമാന്തരീക്ഷത്തിലേക്ക് കടന്നെത്തുന്ന ഉൽക്കകൾ മിക്കതും കത്തിച്ചാരമാകുന്നത് ഈ പാളിയിൽവച്ചാണ്.

## തെർമോസ്ഫിയർ

**മിസോസ്ഫിയറിന് മുകളിൽ ഏകദേശം 80 മുതൽ 400 കിലോമീറ്റർ വരെ ഉയരത്തിൽ സ്ഥിതിചെയ്യുന്ന അന്തരീക്ഷപാളിയാണ് തെർമോസ്ഫിയർ. ഉയരം കൂടുന്തോറും താപനില കൂടിവരുന്നു. തെർമോസ്ഫിയറിന്റെ താഴ്ന്ന ഭാഗത്തെ അയണോസ്ഫിയർ എന്ന് വിളിക്കുന്നു.**

### അയണോസ്ഫിയർ

അന്തരീക്ഷത്തിന്റെ ഏകദേശം 80 മുതൽ 400 കിലോമീറ്റർ വരെ ഉയരത്തിൽ അൾട്രാവയലറ്റ്, എക്സ് റേ തുടങ്ങിയ തീവ്ര സൂര്യരശ്മികൾ വാതക തന്മാത്രകളെ അയോണുകളാക്കി മാറ്റുന്നു. ഈ പ്രക്രിയയെ അയോണീകരണം എന്നും ഈ പ്രവർത്തനം നടക്കുന്ന മണ്ഡലത്തെ അയണോസ്ഫിയർ എന്നും വിളിക്കുന്നു. അയോണുകൾക്ക് വൈദ്യുതിയെ കടത്തിവിടാൻ കഴിയും. റേഡിയോ തരംഗങ്ങൾ വൈദ്യുതകാന്തിക തരംഗങ്ങളാണ്. അതുകൊണ്ട് ഈ മേഖല റേഡിയോ തരംഗങ്ങളുടെ ദീർഘദൂര പ്രക്ഷേപണം സാധ്യമാക്കുന്നു.

## എക്സോസ്ഫിയർ

**അന്തരീക്ഷത്തിലെ ഏറ്റവും മുകളിലുള്ള പാളിയാണിത്. 400 കിലോമീറ്ററിന് മുകളിൽ സ്ഥിതി ചെയ്യുന്ന എക്സോസ്ഫിയർ എന്ന അന്തരീക്ഷ പാളിയിൽ വായു തന്മാത്രകളുടെ സാന്നിധ്യം ക്രമേണ കുറഞ്ഞ് ബഹിരാകാശത്തിന്റെ ഭാഗമായി മാറുന്നു.**

ഭൂമിയുടെ അന്തരീക്ഷഘടനയുടെ സവിശേഷതകൾ ഉൾപ്പെടുത്തി ചുവടെ നൽകിയിട്ടുള്ള മാതൃകയിൽ തിരിച്ചറിയൽ കാർഡ് തയ്യാറാക്കുക.

അന്തരീക്ഷപാളിയുടെ പേര്

.....................................................................

- ഭൗമോപരിതലത്തിൽ നിന്നുള്ള ഉയരം
- താപനിലയിൽ ഉണ്ടാകുന്ന മാറ്റം
- മറ്റ് സവിശേഷതകൾ

അന്തരീക്ഷ പാളികളും അവയുടെ സവിശേഷതകളുമാണ് ചുവടെ ചേർത്തിട്ടുള്ളത്. അവ ചേരുംപടി ചേർത്തെഴുതുക.

| | |
|---|---|
| എക്സോസ്ഫിയർ | ഉയരം കൂടുന്തോറും താപനില വർധിക്കുന്നു. |
| തെർമോസ്ഫിയർ | താപനില ഏറ്റവും കുറഞ്ഞപാളി |
| മിസോസ്ഫിയർ | ഉൽക്കകൾ കത്തിച്ചാരമാകുന്ന പാളി |
| സ്ട്രാറ്റോസ്ഫിയർ | വായുതന്മാത്രകൾ ക്രമേണ കുറഞ്ഞ് ബഹിരാകാശത്തിലേക്ക് ലയിക്കുന്നു |
| ട്രോപ്പോസ്ഫിയർ | ഉയരക്രമത്തിനനുസരിച്ച് ഒരു നിശ്ചിത തോതിൽ താപം കുറയുന്ന പാളി |
| | ഓസോൺ വാതക സാന്നിധ്യമുള്ള മേഖല |
| | 80 കിലോമീറ്റർ മുതൽ 400 കിലോമീറ്റർ വരെ ഉയരത്തിൽ സ്ഥിതി ചെയ്യുന്നു |

ഭൂമിയുടെ ഉള്ളറ, അന്തരീക്ഷം, അന്തരീക്ഷപാളികൾ ഇവയുടെ സവിശേഷതകൾ എന്നിവ നാം വിശദമായി ചർച്ച ചെയ്തല്ലോ. ഭൂമിയിൽ സസ്യജന്തുജാലങ്ങളുടെ നിലനിൽപ്പ് സാധ്യമാക്കുന്നതിൽ അന്തരീക്ഷത്തിന്റെയും ഭൗമോപരിതല സവിശേഷതകളുടേയും പങ്ക് നിർണ്ണായകമാണ്.

## തുടർപ്രവർത്തനങ്ങൾ

- ഭൂമിയുടെ ഘടനയുടെ മാതൃക നിർമ്മിച്ച് സാമൂഹ്യശാസ്ത്ര ലാബിൽ പ്രദർശിപ്പിക്കൂ.
- ഇന്റർനെറ്റിന്റെ സഹായത്തോടെ സ്ലൈഡുകൾ തയ്യാറാക്കി ഭൂമിയുടെ ഘടന, സവിശേഷത എന്നിവ വിശദീകരിക്കൂ.
- അന്തരീക്ഷഘടന, സവിശേഷത എന്നിവ ഉൾപ്പെടുത്തി ഒരു ഉപന്യാസം തയ്യാറാക്കി ക്ലാസ് മുറിയിൽ അവതരിപ്പിക്കൂ.



6

# ഇന്ത്യൻ ഉപഭൂഖണ്ഡം

നാം വസിക്കുന്ന ഭൂമിയുടെ മൂന്നിൽ രണ്ടു ഭാഗവും സമുദ്രമാണ്. പല പേരുകളിൽ അറിയപ്പെടുന്നുവെങ്കിലും അവയെല്ലാം പരസ്പരം ബന്ധപ്പെട്ടു കിടക്കുന്നു. സമുദ്രമൊഴികെയുള്ള ഭൂമിയുടെ ഭാഗം കരയാണ്.

എന്നാൽ സമുദ്രങ്ങൾ പോലെ കരഭാഗങ്ങൾ തമ്മിൽ ചേർന്നാണോ സ്ഥിതി ചെയ്യുന്നത്?

വിശാലമായ കരയുടെ ഭാഗങ്ങളെ 'കരയുടെ കഷണങ്ങൾ' എന്ന അർഥത്തിൽ ഭൂഖണ്ഡങ്ങൾ അഥവാ വൻകരകൾ എന്ന് വിളിക്കുന്നു. വ്യത്യസ്ത ഭൂപ്രകൃതി വിഭാഗങ്ങളെ ഉൾക്കൊള്ളുന്ന വലിയൊരു കരഭാഗമാണ് ഭൂഖണ്ഡം. ഉയരമേറിയ പർവതങ്ങൾ, വിശാലമായ സമതലങ്ങൾ,




*ചിത്രം 6.1*

വിസ്തൃതമായ മരുഭൂമികൾ, പീഠഭൂമികൾ മുതലായ പല ഭൂരൂപങ്ങളും നമുക്ക് ഭൂഖണ്ഡങ്ങളിൽ കാണാൻ സാധിക്കും. നൽകിയിട്ടുള്ള ഭൂപടം (ചിത്രം 6.1), ഗ്ലോബ് എന്നിവ നിരീക്ഷിച്ച് വിവിധ ഭൂഖണ്ഡങ്ങൾ പട്ടികപ്പെടുത്തൂ. ഇതിൽ നമ്മുടെ രാജ്യമായ ഇന്ത്യ ഏത് ഭൂഖണ്ഡത്തിലാണ് സ്ഥിതി ചെയ്യുന്നത് എന്ന് കണ്ടെത്തൂ.

## ഉപഭൂഖണ്ഡം

ഭൂഖണ്ഡങ്ങളിലേത് പോലെ തന്നെ വൈവിധ്യമാർന്ന ഭൂപ്രകൃതി വിഭാഗങ്ങളും കാലാവസ്ഥയും ഉള്ള വിശാല ഭൂഖണ്ഡ ഭാഗങ്ങളെ 'ഉപഭൂഖണ്ഡ'ങ്ങൾ (Subcontinents) എന്ന് വിശേഷിപ്പിക്കുന്നു. പാമീർ പീഠഭൂമിയാണ് ഏഷ്യ ഭൂഖണ്ഡത്തിന്റെ തെക്കുഭാഗത്തെ, ഇതര ഭാഗങ്ങളിൽ നിന്നും ഭൂമിശാസ്ത്രപരമായി വേറിട്ട് നിർത്തുന്നത്. ഉന്നതമായ പർവത ശിഖരങ്ങൾ, വിശാലമായ സമതലങ്ങൾ, മരുഭൂമി പ്രദേശങ്ങൾ, കാഠിന്യമേറിയ ശിലകളാൽ നിർമ്മിതമായ പീഠഭൂമി പ്രദേശങ്ങൾ, തീരസമതലങ്ങൾ, ദ്വീപുകൾ ഇവയൊക്കെ ഉൾപ്പെടുന്നതാണ് ഇന്ത്യൻ ഉപഭൂഖണ്ഡത്തിന്റെ ഭൂപ്രകൃതി.

'ലോകത്തിന്റെ മേൽക്കൂര' എന്ന് വിശേഷിപ്പിക്കുന്ന പാമീർ പീഠഭൂമി ടിയാൻ ഷാൻ, കാരക്കോറം, കുൻലൂൺ, ഹിന്ദുകുഷ് എന്നീ പർവത നിരകളുടെ സംഗമസ്ഥാനമാണ്.

ഇന്ത്യൻ ഉപഭൂഖണ്ഡത്തിന്റെ വടക്കേ അതിർത്തിയിൽ ഹിമാലയ പർവതവും കിഴക്കേ അതിർത്തിയിൽ അരക്കൻ പർവത നിരകളും പടിഞ്ഞാറേ അതിർത്തിയിൽ ഹിന്ദുകുഷ് പർവത നിരയും സ്ഥിതിചെയ്യുന്നു. ഇന്ത്യൻ ഉപഭൂഖണ്ഡത്തിന്റെ തെക്കേ അതിർത്തി ഇന്ത്യൻ മഹാസമുദ്രമാണ്.


ഒരു രാജ്യത്തിന്റെ പേരിലറിയപ്പെടുന്ന ഏക സമുദ്രമാണ് ഇന്ത്യൻ മഹാസമുദ്രം.

നൽകിയിട്ടുള്ള ഭൂപടത്തിൽ (ചിത്രം 6.2) നിന്ന് ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ ഉൾപ്പെടുന്ന രാജ്യങ്ങൾ തിരിച്ചറിയുമല്ലോ.

- ഇന്ത്യ
- ബംഗ്ലാദേശ്
- 
- 

ഇന്ത്യൻ ഉപഭൂഖണ്ഡത്തിന്റെ വടക്ക് ഭാഗത്തുള്ള പർവതനിരകൾ ഏതൊക്കെയാണെന്ന് നോക്കാം. ഭൂപടം (6.2) നിരീക്ഷിക്കൂ. പാക്കിസ്ഥാനിൽ ഹിന്ദുകുഷ് പർവതനിര, ഇന്ത്യ, നേപ്പാൾ, ഭൂട്ടാൻ എന്നീ രാജ്യങ്ങളിലായി ഹിമാലയപർവതനിര എന്നിവയാണവ. ലോകത്തിലെ ഉയരമേറിയ മിക്ക കൊടുമുടികളും ഈ പർവതമേഖലയിലാണുള്ളത്.

ഹിമാലയപർവതനിരകൾക്ക് തെക്ക് ഭാഗത്ത് വിശാലമായ സമതലപ്രദേശമാണുള്ളത്. സിന്ധു, ഗംഗ, ബ്രഹ്മപുത്ര എന്നീ നദികൾ വഹിച്ചുകൊണ്ട് വന്ന എക്കൽ നിക്ഷേപങ്ങളാലാണ് അതിവിശാലമായ ഈ സമതലം രൂപപ്പെട്ടിട്ടുള്ളത്. ഉത്തര മഹാസമതലം എന്നുവിശേഷിപ്പിക്കുന്ന ഈ സമതല പ്രദേശങ്ങൾ ഉപഭൂഖണ്ഡത്തിന്റെ കിഴക്ക് മുതൽ പടിഞ്ഞാറ് വരെ വ്യാപിച്ചു കിടക്കുന്നു.





*ചിത്രം 6.2*

ഉത്തരേന്ത്യൻ സമതലങ്ങളുടെ സവിശേഷതകൾ എന്തൊക്കെയാണെന്നു നോക്കാം.

- ഫലഭൂയിഷ്ഠമായ മണ്ണ്
- നദികളാൽ ജലസമൃദ്ധം
- നിരപ്പാർന്ന ഭൂപ്രദേശം
- ജനനിബിഡം

ഉത്തര മഹാസമതലത്തിനു തെക്കുഭാഗം പീഠഭൂമിയാണ്. ഇതിന് സമുദ്രനിരപ്പിൽ നിന്നും ഏകദേശം 150 മുതൽ 900 മീറ്റർ വരെ ഉയരമുള്ളതായി കണക്കാക്കുന്നു. ഏറെക്കുറെ ത്രികോണാകൃതിയുള്ള ഈ ഭൂഭാഗത്തിന് ഉപദ്വീപീയ പീഠഭൂമി എന്നാണ് പേര്.

ഭൂപടത്തിന്റെ സഹായത്തോടെ ഉപദ്വീപീയ പീഠഭൂമിയുടെ സ്ഥാനം കണ്ടെത്തുക.




*ചിത്രം 6.3*

ഉപദ്വീപീയ പീഠഭൂമിയുടെ വടക്കു പടിഞ്ഞാറായി ഇന്ത്യയിലും പാക്കിസ്ഥാനിലുമായി വ്യാപിച്ചുകിടക്കുന്ന വരണ്ട ഭൂപ്രദേശമാണ് ഥാർ മരുഭൂമി. വളരെ വിരളമായി മാത്രം മഴ ലഭിക്കുന്ന ഈ പ്രദേശത്ത് കള്ളിമുൾച്ചെടികളും കുറ്റിച്ചെടികളുമാണ് സ്വാഭാവിക സസ്യജാലങ്ങൾ.

ചിത്രം (6.3) നിരീക്ഷിക്കൂ. ഇന്ത്യൻ ഉപഭൂഖണ്ഡത്തിന് ദൈർഘ്യമേറിയ തീരപ്രദേശമാണുള്ളത് മാലിദ്വീപ്, ശ്രീലങ്ക എന്നീ ദ്വീപ് രാഷ്ട്രങ്ങളും ലക്ഷദ്വീപ്, ആൻഡമാൻ നിക്കോബാർ തുടങ്ങിയ ചെറിയ ദ്വീപസമൂഹങ്ങളും ഇന്ത്യൻ ഉപഭൂഖണ്ഡത്തിന്റെ ഭാഗമാണ്.

നൽകിയിട്ടുള്ള ചിത്രങ്ങൾ (6.4, 6.5) താരതമ്യം ചെയ്ത് അവ ഏതൊക്കെ ഭൂപ്രദേശങ്ങളിലെ ജനജീവിതത്തെ സൂചിപ്പിക്കുന്നു എന്ന് തിരിച്ചറിയുക.



ചിത്രം 6.4



ചിത്രം 6.5

ഇന്ത്യൻ ഉപഭൂഖണ്ഡത്തിന് തനതായ കാലാവസ്ഥാ സവിശേഷതകളാണുള്ളത്.

കാലാവസ്ഥയിൽ പ്രാദേശിക വൈവിധ്യങ്ങൾ നിലനിൽക്കുമ്പോഴും ഇന്ത്യൻ ഉപഭൂഖണ്ഡത്തിലെ കാലാവസ്ഥ പൊതുവേ 'മൺസൂൺ കാലാവസ്ഥ'എന്നറിയപ്പെടുന്നു. ഋതുക്കൾ എന്ന് അർഥം വരുന്ന 'മൗസിം' എന്ന അറബ് പദത്തിൽ നിന്നാണ് മൺസൂൺ എന്ന വാക്ക് രൂപപ്പെട്ടത്. ഇന്ത്യൻ ഉപഭൂഖണ്ഡത്തിന്റെ കാലാവസ്ഥയെ മൺസൂൺ കാറ്റ് സ്വാധീനിക്കുന്നു. ഈ കാറ്റ് ഋതുക്കൾക്കനുസരിച്ച് ദിശ മാറുന്നവയാണ്.

അറബ് സഞ്ചാരിയും എഴുത്തുകാരനുമായ അൽ മസൂദിയുടെ കൃതികളിൽ ഋതുഭേദങ്ങൾക്കനുസരിച്ച് ദിശമാറുന്ന മൺസൂൺ കാറ്റുകളെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്.

### സൂര്യന്റെ അയനം

സൂര്യന്റെ ആപേക്ഷിക സ്ഥാനം ഉത്തരായനരേഖയ്ക്കും (23½° വടക്ക്) ദക്ഷിണായന രേഖയ്ക്കും (23½°തെക്ക്) ഇടയിൽ മാറിക്കൊണ്ടിരിക്കുന്ന പ്രതിഭാസമാണ് അയനം. ഭൂമിയുടെ പരിക്രമണവും ഭൂമിയുടെ അച്ചുതണ്ടിന്റെ ചരിവും ആണ് ഇത്തരത്തിൽ സൂര്യന് സ്ഥാനമാറ്റം ഉണ്ടാകുന്നതായി അനുഭവപ്പെടുന്നതിന് കാരണം.

സൂര്യന്റെ അയനംമൂലം ഉത്തരായന കാലത്ത് സൂര്യന്റെ സ്ഥാനം ഉപഭൂഖണ്ഡത്തിന് മുകളിലായിരിക്കുമ്പോൾ കരഭാഗത്തെ വായു ചൂടുപിടിച്ച് മുകളിലേക്ക് ഉയരുന്നു. ഇവിടേക്ക് സമുദ്രത്തിൽ നിന്ന് ഈർപ്പം നിറഞ്ഞ കാറ്റ് വീശുകയും ഉപഭൂഖണ്ഡത്തിന്റെ പല ഭാഗങ്ങളിലും മഴ ലഭിക്കുകയും ചെയ്യുന്നു. മെയ്, ജൂൺ മാസങ്ങളിൽ, തെക്ക് പടിഞ്ഞാറ് ദിശയിൽ, ഇന്ത്യൻ സമുദ്രത്തിൽ നിന്നും ഉപഭൂഖണ്ഡത്തിലേക്ക് വീശുന്ന കാറ്റുകൾ ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ വ്യാപകമായ മഴയ്ക്ക് കാരണമാകുന്നു.

ദക്ഷിണായന സമയത്ത് സൂര്യന്റെ സ്ഥാനം ഇന്ത്യൻ സമുദ്രത്തിന് മുകളിലാകുമ്പോൾ സമുദ്രോപരിതലത്തിലെ വായു ചൂടുപിടിച്ച് ഉയരുകയും, ഇവിടേക്ക് ഉത്തര ദിക്കിൽ നിന്നുള്ള കാറ്റ് വീശുകയും ചെയ്യുന്നു. സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിൽ വടക്കുകിഴക്ക് നിന്ന്

തെക്ക് പടിഞ്ഞാറോട്ട് വീശുന്ന ഈ കാറ്റുകൾ പൊതുവേ വരണ്ടതായതിനാൽ മഴയുടെ അളവ് കുറവായിരിക്കും. എന്നാൽ ബംഗാൾ ഉൾക്കടലിൽ നിന്നും നീരാവി ആഗിരണം ചെയ്യുന്നതോടെ ഉപദ്വീപീയ ഭാഗത്തിന്റെ കിഴക്കൻ തീരങ്ങളിൽ വ്യാപകമായ മഴയ്ക്ക് കാരണമാകുന്നു.

ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ എല്ലായിടത്തും ഒരേ അളവിലല്ല മഴ ലഭിക്കുന്നതെന്ന് മനസ്സിലായില്ലേ ?

കാലാവസ്ഥയെ സ്വാധീനിക്കുന്ന ഘടകങ്ങൾ ഏതൊക്കെയാണെന്ന് നോക്കാം

ഒരു പ്രദേശത്തിന്റെ

- അക്ഷാംശ സ്ഥാനം
- സമുദ്ര നിരപ്പിൽനിന്നുള്ള ഉയരം
- ഭൂപ്രകൃതി
- സമുദ്രത്തിന്റെ സാമീപ്യം
- കാറ്റ്

പ്രധാന അക്ഷാംശരേഖയായ ഉത്തരായനരേഖയ്ക്കിരുവശവും വ്യത്യസ്തകാലാവസ്ഥയാണ് അനുഭവപ്പെടുന്നത്. ഉത്തരായനരേഖയ്ക്കു വടക്കുഭാഗത്ത് മിതോഷ്ണ കാലാവസ്ഥയും തെക്കു ഭാഗത്ത് ഉഷ്ണകാലാവസ്ഥയുമാണ് അനുഭവപ്പെടുന്നത്.

ഉഷ്ണമേഖലയിൽ ശൈത്യകാലത്തും ഉഷ്ണകാലത്തും അനുഭവപ്പെടുന്ന താപനിലയിലെ അന്തരം പൊതുവേ മിതമായിരിക്കും. എന്നാൽ മിതോഷ്ണ മേഖലയിൽ ശൈത്യകാലത്തേയും ഉഷ്ണകാലത്തേയും താപനിലയിലെ അന്തരം പൊതുവേ കൂടുതലായിരിക്കും.


മൂന്നാർ ഗവണ്മെന്റ് മോഡൽ റസിഡൻഷ്യൽ സ്കൂളിൽ പഠിക്കുന്ന ദിയ തിരുവന്തപുരത്തെ തന്റെ വീട്ടിലേക്ക് എഴുതിയ കത്തിന്റെ കുറച്ച് ഭാഗങ്ങൾ വായിച്ചു നോക്കൂ.

പ്രിയപ്പെട്ട അനുജത്തി,

നിനക്ക് സുഖമാണെന്ന് വിശ്വസിക്കുന്നു. പകൽ ക്ലാസിലിരിക്കുമ്പോൾ പോലും ഞാൻ കമ്പിളി വസ്ത്രം ധരിച്ചാണ് ഇരിക്കുന്നത്. തണുപ്പ് വളരെ കൂടുതലായതിനാൽ രാത്രിയിൽ രണ്ടു പുതപ്പ് പുതയ്ക്കേണ്ട അവസ്ഥയാണ്. വീട്ടിലായിരുന്നപ്പോൾ രാത്രിയിൽ പോലും ഫാൻ ഉപയോഗിച്ചിരുന്ന എനിക്ക് ഇത് ആശ്ചര്യമാണ്. പച്ച വെള്ളത്തിൽ കുളിച്ചിരുന്ന എനിക്ക് ഇപ്പോൾ അത് ഓർക്കുവാൻ കൂടി സാധിക്കുന്നില്ല. അവധിയ്ക്ക് തിരുവനന്തപുരത്തേയ്ക്ക് വരുമ്പോൾ, ഇവിടെ കൃഷി ചെയ്യുന്ന ആപ്പിളും സ്ട്രോബെറിയും കൊണ്ടുവരാം. നമ്മുടെ ചൂട് കാലാവസ്ഥയിൽ അവ വളരുകയില്ലല്ലോ!

മൂന്നാർ, ഊട്ടി തുടങ്ങിയ സ്ഥലങ്ങളിൽ എന്തുകൊണ്ടാണ് തണുത്ത കാലാവസ്ഥ അനുഭവപ്പെടുന്നതെന്ന് നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ? കഴിഞ്ഞ അധ്യായത്തിൽ ക്രമമായ താപനഷ്ടനിരക്കിനെക്കുറിച്ച് പഠിച്ചത് ഓർക്കുമല്ലോ?

കാലാവസ്ഥയെ സ്വാധീനിക്കുന്ന മറ്റൊരു പ്രധാന ഘടകമാണ് ഭൂപ്രകൃതി. ഈർപ്പവാഹിയായ കാറ്റിന്റെ ദിശയ്ക്ക് അഭിമുഖമായി നിൽക്കുന്ന പർവതങ്ങൾ കാറ്റിനെ തടഞ്ഞു നിർത്തി മഴ പെയ്യിക്കുന്നു. സഹ്യപർവതനിരകളുടെ പടിഞ്ഞാറേ ചരിവായ കേരളത്തിൽ ധാരാളം മഴ ലഭിക്കുമ്പോൾ ഈ മലനിരകളുടെ കിഴക്കൻ ചരിവായ തമിഴ്നാട്ടിൽ മഴ വളരെക്കുറയാനുള്ള കാരണം ഇപ്പോൾ ബോധ്യമായില്ലേ? 'മഴനിഴൽ പ്രദേശങ്ങൾ' (Rainshadow Regions) എന്നാണ് മഴകുറവായ ഇത്തരം പ്രദേശങ്ങൾ പൊതുവേ അറിയപ്പെടുന്നത്.




*ചിത്രം 6.6*

എന്നാൽ പർവതനിരകൾക്ക് സമാന്തരമായി ഈർപ്പവാഹിയായ കാറ്റു വീശുന്ന ഇടങ്ങളിൽ തടസങ്ങളില്ലാത്തതിനാൽ കാറ്റ് മഴ പെയ്യിക്കാതെ കടന്നുപോകുന്നു. രാജസ്ഥാനിലെ അരാവലി മലനിരകൾ ഉൾപ്പെടുന്ന പ്രദേശം മരുഭൂമിയായി മാറിയതിന് പിന്നിലെ കാരണവും ഇതാണ്.

സമുദ്രത്തോട് ചേർന്ന് കിടക്കുന്ന പ്രദേശങ്ങളിൽ ആർദ്ര കാലാവസ്ഥയും സമുദ്രത്തിൽ നിന്നും ഏറെ അകലെ സ്ഥിതി ചെയ്യുന്ന പ്രദേശങ്ങളിൽ താരതമ്യേന വരണ്ട കാലാവസ്ഥയും അനുഭവപ്പെടുന്നു.

കാറ്റിന്റെ ദിശയും അതിലെ ജലാംശത്തിന്റെ അളവും കാലാവസ്ഥയെ സ്വാധീനിക്കുന്നുണ്ട്.

ഭൂപ്രകൃതിയിലും കാലാവസ്ഥയിലും അനുഭവപ്പെടുന്ന ഈ പ്രാദേശിക വ്യത്യാസങ്ങൾ ജനജീവിതത്തിൽ വൈജാത്യങ്ങൾ സൃഷ്ടിക്കുന്നുണ്ടോ?

ഉത്തരേന്ത്യയിലെയും ദക്ഷിണേന്ത്യയിലെയും ജനങ്ങളുടെ ഭക്ഷണരീതികൾ ഒരുപോലെയാണോ?

കാശ്മീരിലെ ജനങ്ങളുടെ വസ്ത്രധാരണ രീതിയും തമിഴ്നാട്ടിലെ ജനങ്ങളുടെ വസ്ത്രധാരണ രീതിയും ഒരുപോലെയാണോ?

പശ്ചിമഘട്ടത്തിൽ കൃഷി ചെയ്യുന്ന വിളകളാണോ ഉത്തര സമതലത്തിലും മുഖ്യമായി കൃഷി ചെയ്യുന്നത്? താഴെ കൊടുത്തിരിക്കുന്ന ചിത്രങ്ങളിൽ നിന്ന് പശ്ചിമഘട്ടത്തിൽ കൃഷി ചെയ്യുന്ന വിളയേതെന്ന് തിരിച്ചറിയുക.



*ചിത്രം 6.7*
*ഏലം കൃഷി*



*ചിത്രം 6.8*
*ഗോതമ്പ് കൃഷി*

വിവിധ സ്രോതസ്സുകളിൽ നിന്നും ശേഖരിച്ച വിവരങ്ങൾ ഉൾപ്പെടുത്തി മുകളിൽ നൽകിയിട്ടുള്ള ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തൂ.

ഓരോ പ്രദേശത്തെയും ഭൂപ്രകൃതി, കാലാവസ്ഥ എന്നിവയ്ക്കനുസൃതമായാണ് അതാതിടങ്ങളിലെ ജനങ്ങളുടെ കൃഷി, ആഹാരം, പാർപ്പിടം, വസ്ത്രധാരണം, ആചാരം, ആഘോഷങ്ങൾ തുടങ്ങിയവയെല്ലാം ക്രമപ്പെടുത്തിയിട്ടുള്ളത്.

ഇന്ത്യയിൽ ഭൂരിപക്ഷം ജനങ്ങളും കാർഷികവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്നവരായതിനാൽ മഴയുടെ വിതരണത്തിലുണ്ടാകുന്ന ഏറ്റക്കുറച്ചിലുകൾ ജനജീവിതത്തെ ഗണ്യമായി സ്വാധീനിക്കുന്നു. ഉയർന്ന മഴ ലഭിക്കുന്ന പ്രദേശങ്ങളിൽ വ്യാപകമായി കൃഷി നടക്കുമ്പോൾ ജലദൗർലഭ്യത്താൽ പല ഭാഗങ്ങളും കൃഷിക്കനുയോജ്യമല്ലാതായുംമാറുന്നു. മഴയുടെ ഏറ്റക്കുറച്ചിലുകൾക്കനുസരിച്ച് കൃഷി ചെയ്യുന്ന വിളകളും വ്യത്യാസപ്പെട്ടിരിക്കുന്നു. ഉയർന്ന മഴ ലഭിക്കുന്ന പ്രദേശങ്ങളിൽ നെല്ലും, മിതമായ മഴ ലഭിക്കുന്ന പ്രദേശങ്ങളിൽ ഗോതമ്പുമാണ് പ്രധാന ധാന്യവിളകൾ. മഴ തീരെ കുറഞ്ഞ പ്രദേശങ്ങളിൽ പയറുവർഗ്ഗങ്ങളും പരുക്കൻ ധാന്യങ്ങളും കൃഷി ചെയ്തുപോരുന്നു.

താഴെ തന്നിരിക്കുന്ന പട്ടിക ശ്രദ്ധിക്കുക.

| വിള | ജലത്തിന്റെ ആവശ്യകത | വിത്ത് വിതയ്ക്കുന്ന മാസങ്ങൾ | വിളവെടുക്കുന്ന മാസങ്ങൾ |
|---|---|---|---|
| നെല്ല് | ധാരാളം ജലം ആവശ്യമാണ് | ജൂൺ | സെപ്തംബർ |
| ഗോതമ്പ് | മിതമായ അളവിൽ ജലം ആവശ്യമാണ് | ഒക്ടോബർ | മാർച്ച് |
| തണ്ണിമത്തൻ | വിരളമായി മഴ ലഭിക്കുന്ന പ്രദേശങ്ങളിൽ ജലസേചന സൗകര്യം ആവശ്യമാണ് | ഏപ്രിൽ | ജൂൺ |

വ്യത്യസ്ത കാലങ്ങളിലാണ് വിളകൾ കൃഷി ചെയ്യുന്നതെന്ന് മനസ്സിലായില്ലേ? ഓരോ വിളയും വിതയ്ക്കുന്നതിനും വിളവെടുക്കുന്നതിനും നിശ്ചിത കാലങ്ങളുണ്ട്. ഈ കാലങ്ങളെ കാർഷിക കാലങ്ങൾ എന്ന് പറയുന്നു. ഇന്ത്യയിൽ മൂന്ന് കാർഷിക കാലങ്ങളാണുള്ളത്.

- ഖാരിഫ്
- റാബി
- സൈദ്

തെക്കുപടിഞ്ഞാറൻ മൺസൂണിനോട് ചേർന്ന് വരുന്ന ഖാരിഫ് കാലത്ത് ഊഷ്മാവും ജലവും കൂടുതൽ ആവശ്യമായ നെല്ല്, പരുത്തി, ചണം, അരിച്ചോളം, ബജ്റ, തുവര എന്നിവ കൃഷി ചെയ്യുന്നു.

ഒക്ടോബർ-നവംബർ മാസങ്ങളിൽ ശൈത്യകാലത്തിന്റെ വരവോടെ ആരംഭിക്കുന്ന റാബി കാലം ഊഷ്മാവും ജലവും മിതമായി മാത്രം ആവശ്യമുള്ള ഗോതമ്പ്, പയറുവർഗ്ഗങ്ങൾ, കടുക് മുതലായവയുടെ കൃഷിക്കാലമാണ്. ഫെബ്രുവരി മാസത്തോടെ റാബി കാലം അവസാനിക്കുന്നു.

റാബി വിളവെടുപ്പിനു ശേഷം ആരംഭിക്കുന്ന ദൈർഘ്യം കുറഞ്ഞ വേനൽക്കാല കാർഷിക കാലമാണ് സൈദ്. തണ്ണിമത്തൻ, വെള്ളരി, പച്ചക്കറികൾ, കാലിത്തീറ്റ വിളകൾ തുടങ്ങിയവ ഈ സമയത്ത് ജലസേചനം ലഭ്യമായ പ്രദേശങ്ങളിൽ കൃഷി ചെയ്യുന്നു. ഇന്ത്യയിൽ മൂന്ന് കാർഷിക കാലങ്ങൾ ഉണ്ടെങ്കിലും പ്രാദേശിക വ്യതിയാനങ്ങൾ പ്രകടമാണ്.

ഇന്ത്യയിൽ കൃഷി ചെയ്യുന്ന പ്രധാന വിളകളെ എങ്ങനെയെല്ലാം തരം തിരിക്കാമെന്ന് നോക്കാം.

## ഭക്ഷ്യവിളകൾ

ഭക്ഷ്യ വിളകളെ ധാന്യങ്ങൾ എന്നും പയറുവർഗങ്ങൾ എന്നും രണ്ടായി തരം തിരിച്ചിരിക്കുന്നു. മൃദു ധാന്യങ്ങളായ നെല്ല്, ഗോതമ്പ് എന്നിവയും പരുക്കൻ ധാന്യങ്ങളായ ബജ്റ, ചോളം, റാഗി തുടങ്ങിയവയും ഇന്ത്യയിൽ കൃഷി ചെയ്യുന്നു.



*ചിത്രം 6.9*
*ഗോതമ്പ്*



*ചിത്രം 6.10*
*പയർ*

പയർ, തുവര എന്നിവയാണ് ഇന്ത്യയിൽ കൃഷി ചെയ്യുന്ന പ്രധാന പയറുവർഗങ്ങൾ.

## നാണ്യവിളകൾ :

വാണിജ്യാടിസ്ഥാനത്തിൽ വൻതോതിൽ കൃഷി ചെയ്യുന്ന വിളകളാണ് നാണ്യവിളകൾ. നാണ്യവിളകളിൽ കരിമ്പ്, പുകയില, പരുത്തി, ചണം, എണ്ണക്കുരുക്കൾ എന്നിവ ഉൾപ്പെടുന്നു.

## നാരുവിളകൾ :

പരുത്തിയും ചണവുമാണ് ഇന്ത്യയിലെ പ്രധാന നാരുവിളകൾ. തുണിത്തരങ്ങൾ, ബാഗുകൾ, ചാക്കുകൾ തുടങ്ങി നിരവധി വസ്തുക്കൾ നിർമ്മിക്കുന്നതിനാവശ്യമായ നാരുകൾ നമുക്ക് നൽകുന്നത് നാരുവിളകളാണ്.

## എണ്ണക്കുരുക്കൾ :

ഭക്ഷ്യ എണ്ണ ഉൽപാദിപ്പിക്കുന്നതിനാണ് എണ്ണക്കുരുക്കൾ കൃഷി ചെയ്യുന്നത്. നിലക്കടല, കടുക് വർഗ്ഗങ്ങൾ, സോയാബീൻ, സൂര്യകാന്തി, എന്നിവ ഇതിൽ പെടുന്നു. ഇവയ്ക്ക് പുറമേ തേയില, കാപ്പി, റബർ, സുഗന്ധ ദ്രവ്യങ്ങൾ, കിഴങ്ങു വർഗ്ഗങ്ങൾ മുതലായ മറ്റ് വിളകളും ഇന്ത്യയിൽ കൃഷി ചെയ്യുന്നുണ്ട്. ഇവയിൽ പലതും തോട്ട വിളകളായാണ് കൃഷി ചെയ്യുന്നത്.

വിവിധതരം വിളകളെക്കുറിച്ച് മനസ്സിലാക്കിയല്ലോ? ഇവയെല്ലാം കൃഷി ചെയ്യുന്നത് ഒരേ രീതിയിലാണോ?

ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ഭൂഘടന, മണ്ണിന്റെ ഫലഭൂയിഷ്ഠത, കാലാവസ്ഥ, ജലലഭ്യത, ജനസാന്ദ്രത, കൃഷിഭൂമിയുടെ വിസ്തൃതി, വിളയുടെ മൂല്യം, ലഭ്യമായ സാങ്കേതിക വിദ്യ തുടങ്ങിയവയുടെ അടിസ്ഥാനത്തിൽ വിവിധ കൃഷിരീതികൾ നിലനിൽക്കുന്നുണ്ട്. പ്രാകൃത ഉപജീവന കൃഷി, തീവ്ര ഉപജീവന കൃഷി, മിശ്രകൃഷി, വിസ്തൃത വാണിജ്യ ധാന്യകൃഷി, ക്ഷീര കൃഷി, തോട്ടവിള കൃഷി, പുഷ്പ-ഫല കൃഷി തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു. ഇന്ത്യയിലെ വിവിധ കൃഷി രീതികൾ ഏതൊക്കെയെന്ന് നമുക്ക് അടുത്ത അധ്യായത്തിലൂടെ മനസ്സിലാക്കാം.

## തുടർപ്രവർത്തനങ്ങൾ

- ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ ഉൾപ്പെടുന്ന രാജ്യങ്ങൾ, അവയുടെ തലസ്ഥാനങ്ങൾ, സാംസ്കാരിക സവിശേഷതകൾ എന്നിവ വായനാസാമഗ്രികൾ, ഇന്റർനെറ്റ് എന്നിവയുടെ സഹായത്തോടെ കണ്ടെത്തി ഒരു ലേഖനം തയ്യാറാക്കുക.
- ഉപഭൂഖണ്ഡത്തിലെ വിവിധ രാജ്യങ്ങളിലെ സാംസ്കാരിക വൈവിധ്യങ്ങൾ പ്രകടമാകുന്ന ചിത്രങ്ങൾ ശേഖരിച്ച് ഒരു ചുമർപത്രിക തയ്യാറാക്കുക.
- നൽകിയിട്ടുള്ള ഇന്ത്യൻ ഉപഭൂഖണ്ഡത്തിന്റെ രൂപരേഖയിൽ വിവിധ രാജ്യങ്ങൾക്ക് പ്രത്യേക നിറം നൽകി അവയുടെ പേരുകൾ എഴുതിച്ചേർക്കുക.


N
W
E
S
ഇന്ത്യൻ ഉപഭൂഖണ്ഡത്തിന്റെ
രൂപരേഖ
MAP NOT TO SCALE



# 7

# ഭക്ഷ്യോൽപാദനം മുതൽ ഭക്ഷ്യസുരക്ഷ വരെ



ചിത്രം 7.1

തെളിഞ്ഞ ആകാശത്തിന് കീഴിലായി പച്ചവിരിച്ചത് പോലൊരു വയൽ. നെൻമണികൾ ചെറുകാറ്റിൽ പതിയെ തലയാട്ടി നിൽക്കുന്നത് കാണാൻ തന്നെ എന്ത് രസമാ... ഇന്ന് അവധിയായതിനാൽ അച്ഛനോടും അമ്മയോടുമൊപ്പം ഞാനും ചേച്ചിയും കൂടെ കൃഷി ചെയ്യാനിറങ്ങി. നെല്ല് മാത്രമല്ല, തൊട്ടടുത്ത് പച്ചക്കറി കൃഷിയുമുണ്ട്. വഴുതന, കത്തിരി, പയർ, പടവലം, വെണ്ട, ചീര, ചേന, ചേമ്പ് തുടങ്ങി മിക്കവാറും എല്ലാ പച്ചക്കറികളുമുണ്ട്. വിളവെടുക്കാൻ പാകത്തിൽ നിൽക്കുന്ന തോട്ടത്തിന്റെ കാഴ്ച എന്നെ അമ്പരപ്പിച്ചു. പതിവിലും അധികം വിളവുമായിട്ടാണ് ഇന്ന് ഞങ്ങൾ വീട്ടിൽ തിരിച്ചെത്തിയത്. വീട്ടാവശ്യത്തിനുള്ള ഭക്ഷ്യവസ്തുക്കളിലേറെയും സ്വയം ഉൽപാദിപ്പിച്ച് ഉപയോഗിക്കുന്ന ശീലം പണ്ട് മുതലേ അച്ഛന്റെ പതിവാണ്. കുറച്ചധികം പച്ചക്കറികൾ ലഭിച്ചതുകൊണ്ട് അതിൽ കുറച്ച് കീർത്തിചേച്ചിയുടെ വീട്ടിലും പിന്നെയുള്ളത് ചന്തയിലേക്കും അമ്മ കൊണ്ടുപോയി...

നീതുവിന്റെ ഡയറിക്കുറിപ്പാണ് നിങ്ങൾ വായിച്ചത്.

നിത്യോപയോഗത്തിനാവശ്യമായ ഏതൊക്കെ ഭക്ഷ്യവസ്തുക്കളാണ് ഇവർ കൃഷി ചെയ്യുന്നത്?

● ● ●

● ● ●

ഉൽപാദനമിച്ചം എങ്ങനെ ഉപയോഗിക്കുന്നു?

●

●

ഇങ്ങനെ കൃഷി ചെയ്യുന്നത് കൊണ്ട് ഉണ്ടാകുന്ന നേട്ടങ്ങൾ എന്തൊക്കെ?

●

●

വേട്ടയാടി ജീവിച്ച നമ്മുടെ പൂർവികരിൽ നിന്നും ആധുനിക മനുഷ്യരിലേയ്ക്കുള്ള വികാസത്തിൽ കൃഷിയ്ക്ക് പ്രധാന പങ്കുണ്ട്. കൃഷി ചെയ്ത് ജീവിക്കാൻ ആരംഭിച്ചതോടുകൂടിയാണ് കുടുംബം, കൂട്ടായ്മ, ഗ്രാമം, പട്ടണം തുടങ്ങി സാമൂഹിക ജീവിതത്തിനാവശ്യമായ സംവിധാനങ്ങൾ രൂപപ്പെട്ടത്. ഉപജീവനത്തെ അടിസ്ഥാനമാക്കി ചിട്ടപ്പെടുത്തിയ കാർഷികശൈലിയിൽ നിന്നും കാലക്രമേണ മനുഷ്യർ കമ്പോളത്തെ അടിസ്ഥാനമാക്കിയുള്ള കൃഷിയിലേക്ക് മാറി. ഈ മാറ്റങ്ങൾ എന്തൊക്കെയാണെന്നും, അതിനുവേണ്ടി മനുഷ്യർ അവലംബിച്ച കൃഷി രീതികൾ ഏതൊക്കെയാണെന്നും നമുക്ക് പരിചയപ്പെടാം.

### കൃഷിയുടെ ഉദ്ഭവം

അലഞ്ഞുതിരിഞ്ഞ് നടന്നിരുന്ന മനുഷ്യർ ഏതാണ്ട് 7000 ബി.സി.ഇ. യിലാണ് കൃഷിചെയ്യാനാരംഭിച്ചത്. മെസോപ്പൊട്ടേമിയ, തുർക്കി, ഈജിപ്ത്, പടിഞ്ഞാറൻ ഏഷ്യ, യൂറോപ്പ് എന്നിവിടങ്ങളിലൊക്കെ വിവിധ കാലങ്ങളിൽ മനുഷ്യർ കൃഷി ചെയ്യാനാരംഭിച്ചു.

ഏതാണ്ട് 3000 ബി.സി.ഇ. യിൽ സിന്ധൂനദീതട നാഗരികതയോട് ചേർന്നാണ് ഇന്ത്യയിൽ കാർഷിക സംസ്കാരം വളർന്നുവന്നത്. ഈ നദീതീരത്തെ ഇരട്ട നഗരങ്ങളായ മോഹൻജദാരോയിലും ഹരപ്പയിലുമാണ് ഗോതമ്പ്, ബാർലി തുടങ്ങിയ ധാന്യങ്ങൾ കൃഷിചെയ്തിരുന്നത്. ദക്ഷിണേന്ത്യയിൽ പിന്നെയും വളരെക്കാലം കഴിഞ്ഞാണ് കൃഷി ആരംഭിച്ചത്.

## ഉപജീവന കൃഷി

കർഷകർ തങ്ങളുടെ കുടുംബത്തിന്റെ ഉപജീവനത്തിനാവശ്യമായ ഉൽപന്നങ്ങൾ മാത്രം ഉൽപാദിപ്പിച്ച് ഉപയോഗിക്കുന്ന രീതിയാണിത്. ലാഭം നേടുക എന്നത് ഈ കൃഷിരീതിയുടെ പ്രാഥമിക ലക്ഷ്യമല്ല. എന്നാൽ, ചില അവസരങ്ങളിൽ മിച്ചം വരുന്ന കാർഷികോല്പന്നങ്ങൾ

മറ്റ് ആവശ്യങ്ങൾ നിറവേറ്റുന്നതിനായി വിൽക്കുകയും ചെയ്യുന്നു. പരമ്പരാഗത കാർഷിക ഉപകരണങ്ങളാണ് ഈ കൃഷിരീതിയിൽ കൂടുതലായി ഉപയോഗിക്കുന്നത്.

## സമ്മിശ്ര കൃഷി

ഒരു നിശ്ചിത കൃഷിയിടത്തിൽ ഒരേസമയം ഒന്നിലധികം വിളകൾ കൃഷി ചെയ്യുന്നതാണ് സമ്മിശ്രകൃഷി. ഇതിനൊപ്പം കന്നുകാലി വളർത്തൽ, കോഴി വളർത്തൽ, മീൻ വളർത്തൽ തുടങ്ങിയവയും സംയോജിപ്പിച്ച് ചെയ്യാവുന്നതാണ്. ഇങ്ങനെ കൃഷി ചെയ്യുന്നത് കൊണ്ട് ഉണ്ടാകുന്ന ഗുണങ്ങൾ എന്തൊക്കെ?



ചിത്രം 7.2

- കന്നുകാലികൾക്കുള്ള തീറ്റ, കൃഷിയിൽ നിന്നു ലഭിക്കുന്നു.
- കൃഷിക്കാവശ്യമായ വളം കന്നുകാലികളിൽ നിന്ന് തിരിച്ചും ലഭിക്കുന്നു.
- ചെലവ് താരതമ്യേന കുറവായിരിക്കും.
- 
- 

കൂടുതൽ കണ്ടെത്തി പൂർത്തീകരിക്കുക.

## തോട്ടവിള കൃഷി



ചിത്രം 7.3

പരമ്പരാഗത രീതിയിൽ നെല്ലും മറ്റ് ഭക്ഷ്യവിളകളും മാത്രം കൃഷിചെയ്തിരുന്ന കർഷകർ ബ്രിട്ടീഷുകാരുടെ വരവോടെ വിശാലമായ പ്രദേശത്ത് വൻതോതിൽ തോട്ടവിളകളായ തേയില, കാപ്പി, ഗ്രാമ്പൂ, ഏലം, കുരുമുളക് തുടങ്ങിയവ കൃഷി ചെയ്യാനാരംഭിച്ചു. വ്യവസായ വിപ്ലവത്തിന്റെ ഈറ്റില്ലമായിരുന്ന ബ്രിട്ടൻ ഉൾപ്പെടെയുള്ള യുറോപ്യൻ രാജ്യങ്ങളിൽ ഉയർന്ന അളവിൽ കാർഷിക അസംസ്കൃത വസ്തുക്കൾ ആവശ്യമായിരുന്നു. അതിനായി 19-ാം നൂറ്റാണ്ടിന്റെ ആരംഭത്തോടുകൂടി കോളനി രാജ്യങ്ങളിൽ അവർ

തോട്ടവിളകൾ പ്രോത്സാഹിപ്പിച്ചു. ദീർഘകാല വരുമാനവും, താരതമ്യേന കുറഞ്ഞ ഉൽപാദനചെലവും ഈ കൃഷിരീതിയുടെ പ്രത്യേകതകളാണ്.

## വാണിജ്യവിള കൃഷി

കാർഷിക ഉൽപന്നങ്ങൾ വാണിജ്യ അടിസ്ഥാനത്തിൽ വൻതോതിൽ ഉൽപാദിപ്പിക്കുന്നതാണ് വാണിജ്യവിള കൃഷി. വ്യവസായശാലകളിൽ ഉപയോഗിക്കുന്ന കാർഷിക അസംസ്കൃതവസ്തുക്കൾ പ്രദാനം ചെയ്യുന്നതിൽ വാണിജ്യവിള കൃഷിയുടെ പങ്ക് വളരെ വലുതാണ്. ഉയർന്ന മൂലധന നിക്ഷേപവും ആധുനിക സാങ്കേതികവിദ്യയുടെ ഉപയോഗവും ആവശ്യമായി വരുന്ന ഒരു കൃഷി കൂടിയാണിത്. റബ്ബർ, കരിമ്പ്, പരുത്തി, ചണം തുടങ്ങിയവ വാണിജ്യ വിളകളാണ്.


ചിത്രം 7.4

നമ്മുടെ രാജ്യത്തുള്ള വിവിധതരം കൃഷിരീതികൾ പരിചയപ്പെട്ടല്ലോ? കൂടുതൽ സവിശേഷതകൾ കൂട്ടിച്ചേർത്ത് പട്ടിക വികസിപ്പിക്കുക.

| ഉപജീവന കൃഷി | സമ്മിശ്രകൃഷി | തോട്ടവിള കൃഷി | വാണിജ്യവിള കൃഷി |
|---|---|---|---|
| • സ്വന്തം ഉപയോഗത്തിന് ആവശ്യമായ ഉൽപാദനം<br>• ചെറിയ ഇടങ്ങളിലും കൃഷി ചെയ്യാൻ സാധിക്കും<br>•<br>• | • ഒരേ വളം തന്നെ ഒന്നിലധികം കൃഷികൾക്ക് പ്രയോജനപ്പെടുന്നു<br>• ഉൽപാദന ചെലവ് കുറവ്<br>•<br>• | • താരതമ്യേന കുറഞ്ഞ ഉൽപാദന ചെലവ്<br>• വൻതോതിലുള്ള ഉൽപാദനം<br>•<br>• | • ഉയർന്ന മൂലധന നിക്ഷേപം<br>• അസംസ്കൃത വസ്തുക്കൾ പ്രദാനം ചെയ്യുന്നു<br>•<br>• |

## കൃഷി-ഭക്ഷണത്തിനും വരുമാനത്തിനും...



*ചിത്രങ്ങൾ 7.5*

ചിത്രത്തിൽ കാണുന്ന കാർഷിക വിളകളിൽ ഭക്ഷണത്തിന് ഉപയോഗിക്കുന്ന വിളകൾ ഏതെല്ലാം?

- 
- 
- 

മറ്റുള്ളവ ഏതെല്ലാം?

- 
- 
- 

കാർഷിക വിളകളെ ഭക്ഷ്യവിളകൾ, നാണ്യവിളകൾ എന്നിങ്ങനെ രണ്ടായി തരംതിരിച്ചിരിക്കുന്നു. ഭക്ഷ്യവസ്തുക്കളായി ഉപയോഗിക്കാൻ കഴിയുന്ന വിളകളാണ് ഭക്ഷ്യവിളകൾ. എന്നാൽ, വാണിജ്യ-വ്യാവസായിക ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന വിളകളാണ് നാണ്യവിളകൾ.

നമ്മുടെ രാജ്യത്തെ കാർഷിക വിളകളെ കണ്ടെത്തി പട്ടിക പൂർത്തീകരിക്കുക.

| ഭക്ഷ്യവിളകൾ | നാണ്യവിളകൾ |
|---|---|
| • നെല്ല് | • പരുത്തി |
| • ഗോതമ്പ് | • റബ്ബർ |
| • | • |
| • | • |
| • | • |



ചുവടെ നൽകിയിരിക്കുന്ന പട്ടികയിൽ നിന്ന് ഓരോ വിളയും ഏതൊക്കെ സംസ്ഥാനങ്ങളിലാണ് കൃഷിചെയ്യുന്നതെന്ന് മനസ്സിലാക്കി ആ സംസ്ഥാനങ്ങൾ ഭൂപടത്തിൽ തിരിച്ചറിഞ്ഞ് നിറം നൽകുക.

| വിള | സംസ്ഥാനങ്ങൾ |
|---|---|
| ഗോതമ്പ് | ഉത്തർപ്രദേശ്, പഞ്ചാബ്, മദ്ധ്യപ്രദേശ്, ഹരിയാന |
| പരുത്തി | മഹാരാഷ്ട്ര, ഗുജറാത്ത്, തെലങ്കാന, രാജസ്ഥാൻ |
| നെല്ല് | പശ്ചിമബംഗാൾ, തമിഴ്നാട്, ആന്ധ്രാപ്രദേശ്, ബീഹാർ |




ഗോതമ്പ്




പരുത്തി




നെല്ല്

വൈവിധ്യമാർന്ന കാർഷിക വിളകൾ ഇന്ത്യയുടെ സവിശേഷതയാണ്. വ്യത്യസ്തങ്ങളായ ഇത്തരം കാർഷികവിളകൾ ഇന്ത്യയിൽ കൃഷിചെയ്യുന്നതിന് അനുകൂലമായ ഭൂമിശാസ്ത്രഘടകങ്ങൾ ഏതൊക്കെയാണെന്ന് നോക്കാം.










നമ്മുടെ രാജ്യത്തെ കാർഷിക കാലങ്ങളെക്കുറിച്ച് മുൻ അധ്യായത്തിൽ നിങ്ങൾ പരിചയപ്പെട്ടല്ലോ? അവ ഏതൊക്കെയാണ്?

- 
- 
- 



എല്ലാ വിളകളും എല്ലായിടത്തും കൃഷിചെയ്യാൻ സാധിക്കുമോ ? എന്തുകൊണ്ട് ? കുറിപ്പ് തയ്യാറാക്കുക.

## കൃഷിയും കൃഷിയധിഷ്ഠിത വ്യവസായങ്ങളും

കാർഷിക ഉല്പന്നങ്ങളെ ആശ്രയിച്ച് പ്രവർത്തിക്കുന്ന വ്യവസായങ്ങളാണ് കൃഷിയധിഷ്ഠിത വ്യവസായങ്ങൾ. കാർഷികോല്പന്നമായ പരുത്തി, തുണിവ്യവസായത്തിന്റെ അസംസ്കൃത വസ്തുവാണ്. അതിനാൽ തുണിവ്യവസായം കൃഷിയധിഷ്ഠിത വ്യവസായത്തിന് ഉദാഹരണമാണ്. ഇതുപോലെ റബ്ബർ, കരിമ്പ് തുടങ്ങിയ കാർഷിക ഉല്പന്നങ്ങൾ വിവിധ വ്യവസായങ്ങളുടെ അസംസ്കൃത വസ്തുക്കളായി ഉപയോഗപ്പെടുത്തുന്നു.

കാർഷികോല്പന്നങ്ങൾ അസംസ്കൃതവസ്തുക്കളായി ഉപയോഗപ്പെടുത്തുന്ന കൂടുതൽ കൃഷിയധിഷ്ഠിത വ്യവസായങ്ങൾ കണ്ടെത്തി പട്ടികയിൽ കൂട്ടിച്ചേർക്കൂ.

| കാർഷികോല്പന്നങ്ങൾ | വ്യവസായം |
|---|---|
| • പരുത്തി | • തുണി വ്യവസായം |
| • കരിമ്പ് | • പഞ്ചസാര വ്യവസായം |
| • | • |
| • | • |

## ധാതുസമ്പത്തിലൂടെ







*ചിത്രങ്ങൾ 7.6*

ധാതുക്കളുടേയും, ധാതു ഖനനം ചെയ്യുന്ന പ്രദേശങ്ങളുടേയും ചിത്രങ്ങളാണ് മുകളിൽ.

- ധാതുക്കൾ എന്നാൽ എന്താണ്?
- ധാതുക്കൾ നമുക്ക് ലഭിക്കുന്നത് എവിടെ നിന്നാണ് ?
- ഇവയുടെ ഉപയോഗം എന്ത്? നമുക്കൊരന്വേഷണം ആയാലോ?

ഭൂവൽക്കത്തിൽ കാണപ്പെടുന്ന ലോഹ, അലോഹ സംയുക്തങ്ങളാണ് ധാതുക്കൾ.

ഹേമറ്റൈറ്റ്, മാഗ്നറ്റൈറ്റ്, കലാമിൻ, ബോക്സൈറ്റ്, സിന്നബാർ എന്നിവ ലോഹധാതുക്കളാണ്. ഇവയിൽ പലതും ലോഹങ്ങളുടെ വ്യാവസായിക നിർമ്മാണത്തിന് ഉപയോഗിക്കുന്നു.

മൈക്ക, വജ്രം, സിലിക്ക (മണൽ) തുടങ്ങിയവ അലോഹ ധാതുക്കളും കൽക്കരി, പെട്രോളിയം എന്നിവ ഇന്ധന ധാതുക്കളുമാണ്.

ധാതുക്കളെ പ്രധാന അസംസ്കൃത വസ്തുക്കളായി ഉപയോഗപ്പെടുത്തുന്നവയാണ് ധാതു അധിഷ്ഠിത വ്യവസായങ്ങൾ. രാജ്യത്തെ ഏറ്റവും വലിയ ധാതു അധിഷ്ഠിത വ്യവസായമാണ് ഇരുമ്പുരുക്ക് വ്യവസായം. ഇത് വ്യവസായമേഖലയുടെ നട്ടെല്ലെന്നും പ്രാഥമിക വ്യവസായമെന്നും അറിയപ്പെടുന്നു.

രാജ്യത്തെ പ്രധാനപ്പെട്ട ധാതു അധിഷ്ഠിത വ്യവസായങ്ങൾ.

- ഇരുമ്പുരുക്ക് വ്യവസായം
- ചെമ്പ് വ്യവസായം
- അലുമിനിയം വ്യവസായം
- 
- 

ചുവടെ നൽകിയിരിക്കുന്ന ധാതുക്കൾ ഏതെല്ലാം ആവശ്യങ്ങൾക്കാണ് ഉപയോഗിക്കപ്പെടുന്നത്? കൂടുതൽ കണ്ടെത്തി പട്ടിക പൂർത്തിയാക്കുക.

| ധാതുക്കൾ | ഉപയോഗം |
|---|---|
| ഹേമറ്റൈറ്റ് | ഇരുമ്പുരുക്ക് നിർമ്മാണം |
| സിലിക്ക (മണൽ) | • |
| ബോക്സൈറ്റ് | വിമാനം, വൈദ്യുത ഉപകരണം |
| വജ്രം | • |
| കൽക്കരി | തീവണ്ടി, ഇരുമ്പ് നിർമ്മാണം |
| പെട്രോളിയം | • |

## ഹരിതവിപ്ലവം

സ്വാതന്ത്ര്യത്തിന് മുമ്പുള്ള ബ്രിട്ടീഷുകാരുടെ ഭൂനികുതിസമ്പ്രദായം കർഷകർക്ക് കടബാധ്യതയും, ഭക്ഷ്യവിളകളോടുള്ള ബ്രിട്ടീഷുകാരുടെ അവഗണന ഭക്ഷ്യക്ഷാമവും സൃഷ്ടിച്ചു. സ്വാതന്ത്ര്യലബ്ധിക്ക് ശേഷമുള്ള കാർഷിക മേഖലയിലെ അടിസ്ഥാനസൗകര്യങ്ങളുടെ പരിമിതിയും, കാലഹരണപ്പെട്ട സാങ്കേതികവിദ്യകളുടെ ഉപയോഗവും, കാർഷിക ഉൽപാദനക്ഷമത കുറയുന്നതിന് കാരണമായി.

ബ്രിട്ടീഷ് ഭരണകാലത്തും, സ്വാതന്ത്ര്യലബ്ധിയോടനുബന്ധിച്ചും ഇന്ത്യൻ കാർഷിക മേഖല അഭിമുഖീകരിച്ച ചില പ്രശ്നങ്ങളാണ് നിങ്ങൾ മുകളിൽ വായിച്ചത്. ഇത് ഉണ്ടാകുവാനുള്ള കാരണമെന്ത്?

- ബ്രിട്ടീഷുകാർ നടപ്പിലാക്കിയ ഭൂനികുതി സമ്പ്രദായം
- അടിസ്ഥാനസൗകര്യങ്ങളുടെ പരിമിതി
-
-

സ്വാതന്ത്ര്യലബ്ധിയുടെ സമയത്ത് നമ്മുടെ രാജ്യത്തെ കാർഷികരംഗം വിവിധങ്ങളായ പ്രശ്നങ്ങൾ അഭിമുഖീകരിച്ചിരുന്നു. ഈ പ്രതിസന്ധി പരിഹരിക്കുന്നതിനായി സ്വതന്ത്ര ഇന്ത്യയിൽ ഭൂപരിഷ്കരണം, ഹരിത വിപ്ലവം എന്നീ പരിഷ്കാരങ്ങൾ നടപ്പിലാക്കി.

ഭൂപരിഷ്കരണത്തിന്റെ ഭാഗമായി ഒരു വ്യക്തിക്ക് അയാളുടെ ഉടമസ്ഥതയിൽ വയ്ക്കാവുന്ന ഭൂമിക്ക് പരിധി നിശ്ചയിച്ചു. ആ പരിധിക്ക് മുകളിലുള്ള ഭൂമിയെ മിച്ചഭൂമിയായി കണക്കാക്കി ഗവൺമെന്റ് ഏറ്റെടുത്ത്, ഭൂരഹിതരായ കർഷകർക്കും കുടിയാന്മാർക്കും വിതരണം ചെയ്തു. തൽഫലമായി കാർഷിക ഉൽപാദനം വർദ്ധിച്ചു. ഇന്ത്യക്ക് മാതൃകയായി ഭൂപരിഷ്ക്കരണ നിയമം ആദ്യമായി നടപ്പിലാക്കിയ സംസ്ഥാനങ്ങളിലൊന്നാണ് കേരളം.

അത്യുൽപാദനശേഷിയുള്ള വിത്തിനങ്ങൾ, രാസവളങ്ങൾ, കീടനാശിനികൾ, പുത്തൻ സാങ്കേതികവിദ്യകൾ, കുറഞ്ഞ നിരക്കിൽ വായ്പ, ശാസ്ത്രീയ ജലസേചനം എന്നിവ ഉപയോഗിച്ച് ഭക്ഷ്യധാന്യങ്ങളുടെ ഉൽപാദനം വൻതോതിൽ വർദ്ധിപ്പിച്ച പദ്ധതിയാണ് ഹരിതവിപ്ലവം. ഭക്ഷ്യധാന്യങ്ങളിൽ പ്രധാനമായും ആദ്യഘട്ട നേട്ടം കാണാനായത് ഗോതമ്പ് ഉൽപാദനത്തിലാണ്. അതിനാൽ ഇതിനെ 'ഗോതമ്പ് വിപ്ലവം' എന്നും വിശേഷിപ്പിക്കാറുണ്ട്.



*ചിത്രം 7.7*
ഡോ. എം.എസ്. സ്വാമിനാഥൻ

ഇന്ത്യൻ ഹരിതവിപ്ലവത്തിന്റെ പിതാവ് എന്നറിയപ്പെടുന്ന ഡോ. എം. എസ്. സ്വാമിനാഥൻ 1925 ആഗസ്റ്റ് 7ന് തമിഴ്നാട്ടിലെ കുംഭകോണത്താണ് ജനിച്ചത്. ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിലിന്റെ ആദ്യ ഡയറക്ടറായി പ്രവർത്തിച്ചു. രാജ്യത്തെ 70% ജനങ്ങളും കാർഷിക വൃത്തിയിൽ ഏർപ്പെടുമ്പോഴും രാജ്യം ഭക്ഷ്യധാന്യങ്ങൾ ഇറക്കുമതി ചെയ്യുകയായിരുന്നു. അതിന് പരിഹാരം കാണുന്നതിനായി നോർമൻ ഇ-ബോർലോഗുമായി സഹകരിച്ച് ഇന്ത്യൻ കാർഷിക മേഖലയിൽ ഹരിതവിപ്ലവ പരീക്ഷണം നടത്തി. തൽഫലമായി ഉൽപാദനം മുൻ വിളവെടുപ്പിനെക്കാൾ അഞ്ച് ദശലക്ഷം ടൺ വർദ്ധിച്ചു. ഇതിനെ തുടർന്ന് ഇന്ത്യ ഭക്ഷ്യോൽപാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുകയും ചെയ്തു. ഈ നേട്ടങ്ങൾക്ക് നേതൃത്വപരമായ പങ്ക് വഹിച്ച അദ്ദേഹത്തെ രാജ്യം പത്മശ്രീ, പത്മഭൂഷൺ, ഭാരതരത്ന എന്നീ പുരസ്കാരങ്ങൾ നൽകി ആദരിച്ചു. 2023 സെപ്റ്റംബർ 28ന് അദ്ദേഹം ചെന്നൈയിൽ അന്തരിച്ചു.

## ഹരിതവിപ്ലവത്തിന്റെ ഇരുപുറങ്ങൾ

| നേട്ടങ്ങൾ | പരിമിതികൾ |
|---|---|
| ◆ ഭക്ഷ്യധാന്യങ്ങളുടെ ഉൽപാദന വർദ്ധനവ്. | ◆ ജലം അമിതമായി ഉപയോഗിച്ചതു വഴി ഭൂഗർഭജലത്തിന്റെ അളവ് ഗണ്യമായി കുറഞ്ഞു. |
| ◆ ഭക്ഷ്യസ്വയംപര്യാപ്തത ഉറപ്പാക്കി. | ◆ രാസവളങ്ങളുടെയും കീടനാശിനികളുടെയും അമിത ഉപയോഗം മണ്ണിന്റെ സ്വാഭാവിക ഫലഭൂയിഷ്ഠത കുറച്ചു. |
| ◆ ഭക്ഷ്യധാന്യങ്ങളുടെ വില കുറഞ്ഞു. | ◆ |
| ◆ ഭക്ഷ്യധാന്യങ്ങളുടെ കരിഞ്ചന്തയും പൂഴ്ത്തിവയ്പും കുറഞ്ഞു. | ◆ |
| ◆ | |
| ◆ | |

രാജ്യത്തെ ഭക്ഷ്യക്ഷാമവും ദാരിദ്ര്യവും ഇല്ലാതാക്കുന്നതിന് ഹരിതവിപ്ലവം എത്രത്തോളം സഹായകരമായിരുന്നുവെന്ന് ചർച്ച ചെയ്ത് കുറിപ്പ് തയ്യാറാക്കുക?



*ചിത്രം 7.8*

നോർമൻ ഇ-ബോർലോഗ്

ലോകമെമ്പാടുമുള്ള അനേകായിരങ്ങളെ പട്ടിണിയിൽ നിന്ന് രക്ഷിച്ച ഹരിത വിപ്ലവത്തിന്റെ പിതാവാണ് നോർമൻ ഏർണസ്റ്റ് ബോർലോഗ്. 1914 മാർച്ച് 25ന് അമേരിക്കയിൽ ജനിച്ച ഇദ്ദേഹം പട്ടിണിയിൽ നിന്നുള്ള മോചനമാണ് സമാധാനത്തിലേക്കുള്ള ആദ്യപടിയെന്ന് വിശ്വസിച്ചു. 1970 ൽ സമാധാനത്തിനുള്ള നോബൽ പുരസ്കാരവും ഇദ്ദേഹത്തിന് ലഭിച്ചു.

## ദാരിദ്ര്യം എന്നാൽ...

ആ ചങ്ങാതിയെ അന്വേഷിച്ചാണ് രണ്ട് കൂട്ടുകാർ അന്ന് വീട്ടിലെത്തിയത്. അവനെ വീട്ടിൽ കാണാൻ കഴിഞ്ഞില്ല. വീട്ടുകാർക്കും അറിയില്ല അവൻ എവിടെ പോയെന്ന്... അവസാനം അവർ മുറിക്കുള്ളിൽ കയറി ഒരു അന്വേഷണം തന്നെ നടത്തി. കട്ടിലിനടിയിൽ കുനിഞ്ഞിരുന്ന് ഒരു സ്ലേറ്റിൽ കണക്ക് ചെയ്യുകയായിരുന്നു ആ വിദ്വാൻ. അവർ ചോദിച്ചു, ഇത് നിനക്ക് കടലാസിൽ ചെയ്തുകൂടെ...

“ആഹാരം നൽകുവാൻപോലും അച്ഛൻ നന്നേ പാടുപെടുകയാണ്. പിന്നെ പണം കൊടുത്ത് എങ്ങനെയാണ് കടലാസ് വാങ്ങുക?” അവന്റെ ഉത്തരം കേട്ട് ആ കൂട്ടുകാർക്ക് വേദനതോന്നി.

(അവലംബം : ചേപ്പാട് ഭാസ്കരൻ നായരുടെ ഭാരതീയ ശാസ്ത്രജ്ഞന്മാർ)

'കണക്കിലെ മാന്ത്രികൻ' എന്ന് വിശേഷിപ്പിക്കപ്പെടുന്ന ഭാരതീയനായ ഗണിത ശാസ്ത്രജ്ഞൻ ശ്രീനിവാസരാമാനുജന്റെ ജീവചരിത്രത്തിൽ നിന്നുള്ള ഒരു ഭാഗമാണ് നിങ്ങൾ വായിച്ചത്.

മിതമായ ആവശ്യങ്ങൾ പോലും നിറവേറ്റാൻ കഴിയാത്ത മനുഷ്യർ നമ്മുടെ സമൂഹത്തിൽ നിരവധിയുണ്ട്. ഇത്തരം ആവശ്യങ്ങൾ നിറവേറ്റാൻ കഴിയാത്ത അവസ്ഥയെ എന്ത് വിളിക്കാം?

- 

മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങളായ ആഹാരം, വസ്ത്രം, പാർപ്പിടം, വിദ്യാഭ്യാസം, ആരോഗ്യം എന്നിവ ആവശ്യാനുസരണം ലഭിക്കാത്ത അവസ്ഥയാണ് ദാരിദ്ര്യം. മിതമായ ആവശ്യങ്ങൾപോലും നിറവേറ്റാൻ കഴിയാത്ത തരത്തിൽ വരുമാനമോ സ്വത്തോ പ്രാപ്യമാക്കാനുള്ള ശേഷിയില്ലാത്തവരാണ് ദരിദ്രർ.

**ദാരിദ്ര്യരേഖ**

**ഒരു രാജ്യത്തെ ജനങ്ങളെ ദരിദ്രരെന്നും അല്ലാത്തവരെന്നും വിഭജിക്കുന്ന സാങ്കല്പിക രേഖയാണ് ദാരിദ്ര്യരേഖ.**

ഒരാളുടെ വരുമാനത്തിന്റെയും ഭക്ഷണത്തിൽ നിന്നും ലഭിക്കേണ്ട ഊർജ്ജത്തിന്റെയും അടിസ്ഥാനത്തിലാണ് നമ്മുടെ രാജ്യത്ത് ദാരിദ്ര്യം കണക്കാക്കിവരുന്നത്. രാജ്യത്തെ ജനങ്ങളെ ദാരിദ്ര്യത്തിലേക്ക് നയിക്കുന്ന കാരണങ്ങൾ ഏതൊക്കെയാണെന്ന് നമുക്ക് നോക്കാം.




ഇത് കൂടാതെ മറ്റെന്തൊക്കെ കാരണങ്ങളാണ് ദാരിദ്ര്യത്തിലേക്ക് നയിക്കുന്നതെന്ന് കണ്ടെത്തി പദസൂര്യൻ പൂർത്തിയാക്കൂ.

## ബഹുമുഖദാരിദ്ര്യ സൂചിക
### (Multidimensional Poverty Index)

ആഗോളതലത്തിൽ ദാരിദ്ര്യം കണക്കാക്കുന്നതിനായി വികസിപ്പിച്ചെടുത്ത ഒരു പുതിയ രീതിയാണ് ബഹുമുഖ ദാരിദ്ര്യസൂചിക (MPI). ഓക്സ്ഫോർഡ് പോവർട്ടി ആൻഡ് ഹ്യൂമൻ ഡെവലപ്മെന്റ് ഇനിഷ്യേറ്റീവും (OPHI), യു.എൻ ഡെവലപ്മെന്റ് പ്രോഗ്രാമും (UNDP) സംയുക്തമായി തയ്യാറാക്കിയതാണ് ഇത്. ഒരു കുടുംബത്തിലെ അംഗങ്ങളുടെ ആരോഗ്യം, വിദ്യാഭ്യാസം, ജീവിത നിലവാരം എന്നീ മൂന്ന് തലങ്ങളിലായി പന്ത്രണ്ട് സൂചകങ്ങളെ വിലയിരുത്തിയാണ് ബഹുമുഖ ദാരിദ്ര്യം കണക്കാക്കുന്നത്.

OPHI
Oxford Poverty & Human Development Initiative

UNDP


ബഹുമുഖ ദാരിദ്ര്യ സൂചിക അനുസരിച്ച് ദാരിദ്ര്യം അളക്കുന്നതിനുള്ള പ്രധാന മാനദണ്ഡം വരുമാനം മാത്രമല്ല എന്നുള്ളത് മനസ്സിലായല്ലോ? എന്നാൽ, ആരോഗ്യം, വിദ്യാഭ്യാസം, അടിസ്ഥാന ജീവിതനിലവാരം എന്നിവ ഓരോ വ്യക്തിക്കും കുടുംബത്തിനും എത്രത്തോളം ആർജ്ജിക്കാൻ കഴിയുന്നു എന്നതുകൂടി പരിഗണിച്ച് കൊണ്ടാണ് ബഹുമുഖ ദാരിദ്ര്യം കണക്കാക്കുന്നത്.

**ആരോഗ്യം**
- പോഷകാഹാരം
- കുട്ടികളുടെയും കൗമാരക്കാരുടെയും മരണനിരക്ക്
- മാതൃ ആരോഗ്യം

**വിദ്യാഭ്യാസം**
- സ്കൂൾ വിദ്യാഭ്യാസം
- സ്കൂൾ ഹാജർ

**ജീവിത നിലവാരം**
- പാചക ഇന്ധനം
- ശുചിത്വം
- കുടിവെള്ളം
- വൈദ്യുതി
- ഭവനം
- ആസ്തികൾ
- ബാങ്ക് അക്കൗണ്ടുകൾ

നീതി ആയോഗ് അംഗീകരിച്ച ബഹുമുഖ ദാരിദ്ര്യ സൂചിക അനുസരിച്ച് നമ്മുടെ രാജ്യത്തെ സംസ്ഥാനങ്ങളുടേയും കേന്ദ്ര ഭരണപ്രദേശങ്ങളുടേയും 2015-16, 2019-21 വർഷങ്ങളിലെ ദാരിദ്ര്യനിലയാണ് ഗ്രാഫിൽ സൂചിപ്പിച്ചിരിക്കുന്നത്.




*ചിത്രം 7.9*

മുകളിൽ നൽകിയിട്ടുള്ള ഗ്രാഫ് നിരീക്ഷിക്കൂ.


1. ബഹുമുഖ ദാരിദ്ര്യസൂചിക അനുസരിച്ച് ഇന്ത്യൻ സംസ്ഥാനങ്ങളിൽ കേരളത്തിന്റെ സ്ഥാനം കണ്ടെത്തൂ.

2. നമ്മുടെ സംസ്ഥാനത്തിന്റെ ദാരിദ്ര്യം 2015-2016നെ അപേക്ഷിച്ച് 2019-2021ൽ എത്രത്തോളം കുറഞ്ഞുവെന്ന് കണ്ടെത്തൂ.

3. കേരളം ഈ നേട്ടം കൈവരിക്കുന്നതിനുള്ള പ്രധാനപ്പെട്ട കാരണങ്ങൾ എന്തൊക്കെയാണ് കണ്ടെത്തി ഒരു കുറിപ്പ് തയ്യാറാക്കുക.

## ദാരിദ്ര്യത്തിൽ നിന്ന് കരകയറാൻ...

നമ്മുടെ രാജ്യത്ത് നിലനിൽക്കുന്ന ദാരിദ്ര്യത്തെ ഇല്ലാതാക്കുന്നതിന് നിരവധി ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളാണ് കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ നടപ്പിലാക്കി വരുന്നത്. ഈ പദ്ധതികളെ മൂന്ന് വിഭാഗങ്ങളായി തരംതിരിക്കാം.

<table>
<tr><th>പദ്ധതി വിഭാഗം</th><th>പദ്ധതിയുടെ പേര്</th><th>പദ്ധതിയുടെ ലക്ഷ്യങ്ങൾ</th></tr>
<tr><td rowspan="3">സ്വയംതൊഴിൽ-വേതനതൊഴിൽ പദ്ധതികൾ<br></td><td>• മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി<br>• പ്രധാനമന്ത്രി റോസ്ഗാർ യോജന</td><td>താഴ്ന്ന വരുമാനമുള്ള പ്രായപൂർത്തിയായ കുടുംബാംഗങ്ങൾക്ക് തൊഴിൽ അവസരങ്ങളും വരുമാനവും ലഭിക്കുന്നു.</td></tr>
<tr><td>• ജീവനം പദ്ധതി</td><td>സാമ്പത്തികമായി പ്രയാസമനുഭവിക്കുന്ന കുറ്റകൃത്യങ്ങൾക്കിരയായി മരണപ്പെടുന്നവരുടെ ആശ്രിതർക്ക് ഉപജീവന മാർഗം കണ്ടെത്തുന്നതിന്.</td></tr>
<tr><td>• അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി</td><td>നഗര പ്രദേശങ്ങളിൽ വസിക്കുന്ന അവിദഗ്ധ കായിക തൊഴിൽ ചെയ്യാൻ സന്നദ്ധതയുള്ള ഓരോ കുടുംബത്തിലേയും പ്രായപൂർത്തിയായ അംഗങ്ങൾക്ക് തൊഴിൽ നൽകുന്നു.</td></tr>
<tr><td rowspan="2">ഭക്ഷ്യസുരക്ഷാ പദ്ധതികൾ<br></td><td>• പൊതുവിതരണ സംവിധാനം</td><td>ജനങ്ങളുടെ ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നു.</td></tr>
<tr><td>• പ്രധാനമന്ത്രി പോഷൻ ശക്തിനിർമാൻ (PM-POSHAN)</td><td>1 മുതൽ 8 വരെ ക്ലാസിലെ കുട്ടികൾക്കുള്ള ഉച്ചഭക്ഷണ പദ്ധതി</td></tr>
</table>

| | | |
|---|---|---|
| | • സുഭിക്ഷ കേരളം പദ്ധതി | കേരളത്തെ ഭക്ഷ്യസ്വയം പര്യാപ്തതയിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന പദ്ധതി. |
| **സാമൂഹ്യ സുരക്ഷാ പദ്ധതികൾ**   | • ദേശീയ സാമൂഹ്യ സഹായ പദ്ധതി<br>• പ്രധാനമന്ത്രി സുരക്ഷാ ഭീമായോജന | നിരാലംബരായ മുതിർന്ന പൗരർക്ക് പെൻഷനും ഇൻഷ്വറൻസ് പരിരക്ഷയും നൽകുന്നു. |
| | • നിരാമയ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി | സംസ്ഥാനത്തെ അംഗപരിമിതർക്ക് ആരോഗ്യ ഇൻഷ്വറൻസ് നൽകുന്നതിനുള്ള പദ്ധതി. |

ഇവ കൂടാതെ കേരളം മറ്റ് ചില പദ്ധതികൾ കൂടി ഫലപ്രദമായി നടപ്പിലാക്കിവരുന്നു.

സ്നേഹസാന്ത്വനം, വയോമിത്രം, അതിദാരിദ്ര്യനിർമ്മാർജ്ജനം, കാരുണ്യആരോഗ്യസുരക്ഷ, താലോലം, ആശ്വാസകിരണം, സ്നേഹപൂർവം, ക്യാൻസർ സുരക്ഷ, ലൈഫ്മിഷൻ തുടങ്ങിയവ ചില ഉദാഹരണങ്ങളാണ്.

**നിങ്ങളുടെ പ്രദേശത്ത് മുകളിൽ പറഞ്ഞ പദ്ധതികളുടെ പ്രയോജനം ലഭിക്കുന്നവർ ആരൊക്കെയാണെന്ന് കണ്ടെത്തുക? ഇതുപോലെ മറ്റെന്തൊക്കെ പദ്ധതികളാണ് നിലവിലുള്ളതെന്നും കണ്ടെത്തി കുറിപ്പ് തയ്യാറാക്കുക.**

## കുടുംബശ്രീയും ദാരിദ്ര്യനിർമ്മാർജ്ജനവും

ദാരിദ്ര്യലഘൂകരണവും, സ്ത്രീകളുടെ സാമ്പത്തിക ഉയർച്ചയും ലക്ഷ്യമിട്ട് 1998 മെയ് 17ന് ആരംഭിച്ച പദ്ധതിയാണ് കുടുംബശ്രീ. സാമൂഹ്യ ജീവിതത്തിന്റെ ഭൂരിഭാഗം മേഖലകളിലും ഈ പ്രസ്ഥാനം വ്യാപിച്ചുകഴിഞ്ഞു. ഷീ സ്റ്റാർട്സ്, ജനകീയ ഹോട്ടലുകൾ, കൊച്ചി മെട്രോ സർവ്വീസ്, കേരളത്തിലെ ആദ്യ വാട്ടർ മെട്രോ സർവ്വീസ് എന്നിവയിലും കുടുംബശ്രീ അംഗങ്ങൾ തൊഴിലെടുക്കുന്നു. രാജ്യത്തെ ബഹുഭൂരിപക്ഷം സംസ്ഥാനങ്ങളും കുടുംബശ്രീ മാതൃക ഏറ്റെടുത്തിട്ടുണ്ട്. കുടുംബശ്രീയുടെ അനുഭവങ്ങളും നേട്ടങ്ങളും ദാരിദ്ര്യ നിർമ്മാർജ്ജനത്തിനും വൈജ്ഞാനിക സമ്പദ്‌വ്യവസ്ഥ സൃഷ്ടിക്കുന്നതിനും സാമൂഹ്യമൂലധന സമാഹരണത്തിനും സഹായകരമാണ്.

**ദാരിദ്ര്യ നിർമ്മാർജ്ജനത്തിന് കുടുംബശ്രീയുടെ പ്രവർത്തനം എത്രത്തോളം സഹായകരമാണെന്ന് മനസ്സിലാക്കുന്നതിനായി നിങ്ങളുടെ പ്രദേശത്തെ കുടുംബശ്രീ യൂണിറ്റ് അംഗങ്ങളുമായി ഒരു അഭിമുഖം സംഘടിപ്പിക്കുന്നതിനാവശ്യമായ ചോദ്യാവലി തയ്യാറാക്കുക.**

## ഭക്ഷ്യസുരക്ഷ

ഒരു സമൂഹത്തിലെ എല്ലാവർക്കും എല്ലായ്പ്പോഴും അവരവർക്കാവശ്യമായ അളവിൽ സുരക്ഷിതവും, പോഷകസമ്പുഷ്ടവുമായ ആഹാരം ലഭ്യമാക്കുകയും, അവ നേടാൻ ആവശ്യമായ സാഹചര്യം ഉറപ്പാക്കുകയും ചെയ്യുക എന്നതാണ് ഭക്ഷ്യസുരക്ഷകൊണ്ട് അർഥമാക്കുന്നത്.

## ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്താൻ കഴിയാത്തതെന്തുകൊണ്ട്?

| | |
|---|---|
| കാലാവസ്ഥ വ്യതിയാനം | വ്യവസായവൽക്കരണം |
| വരുമാനക്കുറവ് | വിലവർധനവ് |
| ലഭ്യതക്കുറവ് | വിതരണത്തിലെ അസന്തുലിതാവസ്ഥ |
| | |
| | |
| | |



സബ്സിഡി നിരക്കിൽ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്ന ഗവൺമെന്റ് സ്ഥാപനങ്ങൾ ഏവ ? അധികം കണ്ടെത്തി പട്ടിക പൂർത്തീകരിക്കുക.

- സിവിൽസപ്ലൈസ്
- ത്രിവേണി സൂപ്പർ മാർക്കറ്റ്
- 
- 
- 
- 

## വിശപ്പ് രഹിത കേരളം

പട്ടിണി ഇല്ലാതാക്കി കേരളത്തെ ഒരു വിശപ്പുരഹിത സംസ്ഥാനമാക്കി മാറ്റുക എന്നതാണ് വിശപ്പുരഹിത കേരളം പദ്ധതിയുടെ പ്രധാനപ്പെട്ട ലക്ഷ്യം. 2017 - 2018 മുതൽ കുടുംബശ്രീയുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സഹായത്തോടെയാണ്

പദ്ധതി നടന്നു വരുന്നത്. ഇത്തരം നൂതന പദ്ധതികളിലൂടെ എല്ലാവർക്കും ആവശ്യമായ ഭക്ഷണം ഉറപ്പുവരുത്തുക വഴി ഭക്ഷ്യസുരക്ഷ കൈവരിക്കുക എന്നതാണ് ലക്ഷ്യം.

ആരോഗ്യപൂർണ്ണമായ ജീവിതം നിലനിർത്തുവാൻ പോഷകസമൃദ്ധമായ ആഹാരം മതിയായ അളവിൽ ആവശ്യമാണ്. ഭക്ഷ്യസുരക്ഷയില്ലായ്മ പൊതുവേ സമൂഹത്തിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരെയാണ് ബാധിക്കുന്നത്. എന്നാൽ ഭൂകമ്പം, വരൾച്ച, വെള്ളപ്പൊക്കം, സുനാമി, മഹാമാരികൾ തുടങ്ങിയവ നേരിടുമ്പോൾ രാജ്യത്തിലെ മറ്റ് ജനവിഭാഗങ്ങളെയും ഭക്ഷ്യസുരക്ഷയില്ലായ്മ ബാധിക്കും. പൊതുവിതരണ സംവിധാനത്തിന്റെ ഫലപ്രദമായ ഇടപെടൽമൂലം ഭക്ഷ്യക്ഷാമം ഒരുപരിധിവരെ പരിഹരിക്കാവുന്നതാണ്.

## തുടർപ്രവർത്തനങ്ങൾ

- പരമ്പരാഗത കൃഷിരീതിയിൽ നിന്നും വ്യത്യസ്തമായി നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ച് നടന്നുവരുന്ന കൃഷിരീതികൾ കണ്ടെത്തി വിവരണം തയ്യാറാക്കുക.
- 'ദാരിദ്ര്യനിർമാർജ്ജനപദ്ധതികളും ദാരിദ്ര്യലഘൂകരണവും' എന്ന വിഷയത്തിൽ ഒരു സെമിനാർ പേപ്പർ തയ്യാറാക്കുക.
- കുടുംബശ്രീയുടെ പ്രവർത്തനങ്ങളെക്കുറിച്ച് അംഗങ്ങളുമായി അഭിമുഖം സംഘടിപ്പിക്കുക.
- മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സവിശേഷതകൾ എന്തെല്ലാമാണെന്ന് അന്വേഷിച്ചറിഞ്ഞ് ചുവടെ നൽകിയിട്ടുള്ള ചോദ്യാവലിക്ക് ഉത്തരം കണ്ടെത്തുക.

| | | |
|---|---|---|
| 1 | പദ്ധതി നിലവിൽ വന്ന വർഷം | |
| 2 | പദ്ധതിയുടെ ലക്ഷ്യം | |
| 3 | കേരളത്തിൽ പദ്ധതി യാഥാർത്ഥ്യമാക്കിയ ആദ്യ രണ്ട് ജില്ലകൾ | |
| 4 | ഉറപ്പ് നൽകുന്ന തൊഴിൽദിനങ്ങളുടെ എണ്ണം | |
| 5 | ഇപ്പോഴത്തെ ദിവസ വേതനം | |
| 6 | പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്തുവരുന്ന പ്രവർത്തനങ്ങൾ ഏതെല്ലാം? | |

# ഭാരതത്തിന്റെ ഭരണഘടന

ഭാഗം IV ക

## മൗലിക കർത്തവ്യങ്ങൾ

**51 ക. മൗലിക കർത്തവ്യങ്ങൾ - താഴെപ്പറയുന്നവ ഭാരതത്തിലെ ഓരോ പൗരന്റെയും കർത്തവ്യം ആയിരിക്കുന്നതാണ് :**

(ക) ഭരണഘടനയെ അനുസരിക്കുകയും അതിന്റെ ആദർശങ്ങളെയും സ്ഥാപനങ്ങളെയും ദേശീയപതാകയെയും ദേശീയഗാനത്തെയും ആദരിക്കുകയും ചെയ്യുക;

(ഖ) സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള നമ്മുടെ ദേശീയസമരത്തിന് പ്രചോദനം നൽകിയ മഹനീയാദർശങ്ങളെ പരിപോഷിപ്പിക്കുകയും പിൻതുടരുകയും ചെയ്യുക;

(ഗ) ഭാരതത്തിന്റെ പരമാധികാരവും ഐക്യവും അഖണ്ഡതയും നിലനിർത്തുകയും സംരക്ഷിക്കുകയും ചെയ്യുക;

(ഘ) രാജ്യത്തെ കാത്തുസൂക്ഷിക്കുകയും ദേശീയസേവനം അനുഷ്ഠിക്കുവാൻ ആവശ്യപ്പെടുമ്പോൾ അനുഷ്ഠിക്കുകയും ചെയ്യുക;

(ങ) മതപരവും ഭാഷാപരവും പ്രാദേശികവും വിഭാഗീയവുമായ വൈവിധ്യങ്ങൾക്കതീതമായി ഭാരതത്തിലെ എല്ലാ ജനങ്ങൾക്കുമിടയിൽ, സൗഹാർദവും പൊതുവായ സാഹോദര്യമനോഭാവവും പുലർത്തുക, സ്ത്രീകളുടെ അന്തസ്സിന് കുറവു വരുത്തുന്ന ആചാരങ്ങൾ പരിത്യജിക്കുക;

(ച) നമ്മുടെ സമ്മിശ്രസംസ്കാരത്തിന്റെ സമ്പന്നമായ പാരമ്പര്യത്തെ വിലമതിക്കുകയും നിലനിറുത്തുകയും ചെയ്യുക;

(ഛ) വനങ്ങളും തടാകങ്ങളും നദികളും വന്യജീവികളും ഉൾപ്പെടുന്ന പ്രകൃത്യാ ഉള്ള പരിസ്ഥിതി സംരക്ഷിക്കുകയും അഭിവൃദ്ധിപ്പെടുത്തുകയും, ജീവികളോട് കാരുണ്യം കാണിക്കുകയും ചെയ്യുക;

(ജ) ശാസ്ത്രീയമായ കാഴ്ചപ്പാടും മാനവികതയും, അന്വേഷണത്തിനും പരിഷ്കരണത്തിനും ഉള്ള മനോഭാവവും വികസിപ്പിക്കുക;

(ഝ) പൊതുസ്വത്ത് പരിരക്ഷിക്കുകയും ശപഥം ചെയ്ത് അക്രമം ഉപേക്ഷിക്കുകയും ചെയ്യുക;

(ഞ) രാഷ്ട്രം യത്നത്തിന്റെയും ലക്ഷ്യപ്രാപ്തിയുടെയും ഉന്നതതലങ്ങളിലേക്ക് നിരന്തരം ഉയരത്തക്കവണ്ണം വ്യക്തിപരവും കൂട്ടായതുമായ പ്രവർത്തനത്തിന്റെ എല്ലാ മണ്ഡലങ്ങളിലും ഉൽക്കൃഷ്ടതയ്ക്കുവേണ്ടി അധ്വാനിക്കുക;

(ട) ആറിനും പതിനാലിനും ഇടയ്ക്ക് പ്രായമുള്ള തന്റെ കുട്ടിക്കോ തന്റെ സംരക്ഷണയിലുള്ള കുട്ടികൾക്കോ, അതതു സംഗതി പോലെ, മാതാപിതാക്കളോ രക്ഷാകർത്താവോ വിദ്യാഭ്യാസത്തിനുള്ള അവസരങ്ങൾ ഏർപ്പെടുത്തുക.

# കുട്ടികളുടെ അവകാശങ്ങൾ

പ്രിയമുള്ള കുട്ടികളേ,

നിങ്ങൾക്കുള്ള അവകാശങ്ങളെന്തെല്ലാമെന്ന് അറിയേണ്ടതില്ലേ? അവകാശങ്ങളെക്കുറിച്ചുള്ള അറിവ് നിങ്ങളുടെ പങ്കാളിത്തം, സംരക്ഷണം, സാമൂഹികനീതി എന്നിവ ഉറപ്പാക്കാൻ പ്രേരണയും പ്രചോദനവും നൽകും. നിങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കാൻ ഇപ്പോൾ ഒരു കമ്മീഷൻ പ്രവർത്തിക്കുന്നുണ്ട്. കേരള സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷൻ എന്നാണ് അതിന്റെ പേര്. എന്തെല്ലാമാണ് നിങ്ങൾക്കുള്ള അവകാശങ്ങൾ എന്നു നോക്കാം.

- സംസാരത്തിനും ആശയപ്രകടനത്തിനുമുള്ള സ്വാതന്ത്ര്യം
- ജീവന്റെയും വ്യക്തിസ്വാതന്ത്ര്യത്തിന്റെയും സംരക്ഷണം
- അതിജീവനത്തിനും പൂർണ്ണവികാസത്തിനുമുള്ള അവകാശം
- ജാതി-മത-വർഗ-വർണ്ണ ചിന്തകൾക്കതീതമായി ബഹുമാനിക്കപ്പെടാനും അംഗീകരിക്കപ്പെടാനുമുള്ള അവകാശം
- മാനസികവും ശാരീരികവും ലൈംഗികവുമായ പീഡനങ്ങളിൽ നിന്നുള്ള സംരക്ഷണത്തിനും പരിചരണത്തിനുമുള്ള അവകാശം
- പങ്കാളിത്തത്തിനുള്ള അവകാശം
- ബാലവേലയിൽനിന്നും ആപൽക്കരമായ ജോലികളിൽനിന്നുമുള്ള മോചനം
- ശൈശവവിവാഹത്തിൽനിന്നുള്ള സംരക്ഷണം
- സ്വന്തം സംസ്കാരം അറിയുന്നതിനും അതനുസരിച്ച് ജീവിക്കുന്നതിനുമുള്ള സ്വാതന്ത്ര്യം
- അവഗണനകളിൽനിന്നുള്ള സംരക്ഷണം
- സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശം
- കളിക്കാനും പഠിക്കാനുമുള്ള അവകാശം
- സ്നേഹവും സുരക്ഷയും നൽകുന്ന കുടുംബവും സമൂഹവും ലഭ്യമാകാനുള്ള അവകാശം

## നിങ്ങളുടെ ചില ഉത്തരവാദിത്വങ്ങൾ

- സ്കൂൾ, പൊതുസംവിധാനങ്ങൾ എന്നിവ നശിപ്പിക്കാതെ സംരക്ഷിക്കുക.
- സ്കൂളിലും പഠനപ്രവർത്തനങ്ങളിലും കൃത്യനിഷ്ഠ പാലിക്കുക.
- സ്കൂൾ അധികാരികളെയും അധ്യാപകരെയും മാതാപിതാക്കളെയും സഹപാഠികളെയും ബഹുമാനിക്കുകയും അംഗീകരിക്കുകയും ചെയ്യുക.
- ജാതി-മത-വർഗ-വർണ്ണ ചിന്തകൾക്കതീതമായി മറ്റുള്ളവരെ ബഹുമാനിക്കാനും അംഗീകരിക്കാനും സന്നദ്ധരാവുക.


*ബന്ധപ്പെടേണ്ട വിലാസം:*

**കേരള സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷൻ**

ശ്രീ ഗണേഷ്, റ്റി.സി. 14/2036, വാൻറോസ് ജംങ്ഷൻ,
കേരള യൂണിവേഴ്സിറ്റി പി.ഒ, തിരുവനന്തപുരം – 34
ഫോൺ 0471 – 2326603
ഇ- മെയിൽ childrights.cpcr@kerala.gov.in, rte.cpcr@kerala.gov.in
വെബ്സൈറ്റ് : www.kescpcr.kerala.gov.in


ചൈൽഡ് ഹെൽപ്പ് ലൈൻ - 1098, ക്രൈം സ്റ്റോപ്പർ - 1090, നിർഭയ – 1800 425 1400
കേരള പൊലീസ് ഹെൽപ്പ് ലൈൻ - 0471 – 3243000/44000/45000

*online **R.T.E Monitoring : www.nireekshana.org.in***